

പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത്.

ജനകീയാസൂത്രണം

# സമഗ്രവികസന രേഖ

പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത്
പുൽപ്പള്ളി P.O- വയനാട്

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# പുൽപ്പള്ളി പഞ്ചായത്ത്
# വികസന സെമിനാർ

# സമഗ്രവികസന രേഖ



എഡിറ്റോറിയൽ

- കെ.എൽ .പൗലോസ്
- എം.ഗംഗാധരൻ മാസ്റ്റർ
- പാർവ്വതിഭായി ടീച്ചർ
- പി.കെ.മാധവൻ
- വി.എൻ. ലക്ഷ്മണൻ
- സി.പി. ഏലിയാസ്
- പി.കെ സുബ്രഹ്മണ്യൻ മാസ്റ്റർ
- സത്യാനന്ദൻ മാസ്റ്റർ
- കെ.സി.തങ്കച്ചൻ

1. ആമുഖം

2.----- പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക-സാംസ്ക്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജലവിഭവം, ജനപ്രകൃതി.

5. സാമൂഹ്യ-സാമ്പത്തിക മേഖലകൾ

5-1 കൃഷിയും, ജലസേചനവും

5-2 മൃഗ സംരക്ഷണവും മത്സ്യബന്ധനവും

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജന ആരോഗ്യവും

5-6 ഗതാഗതവും ഊർജ്ജവും

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിത

5-10 സഹകരണം

5-11 പട്ടിക ജാതി /പട്ടിക വർഗ്ഗ ക്ഷേമം

5-12 വിഭവ സമാഹരണം

ടൂറിസം

ഉപസംഹാരം.

## പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

ഭരണസമിതി



കെ.എൽ. പൗലോസ്
(പ്രസിഡണ്ട്, പുൽപ്പള്ളി പഞ്ചായത്ത്)



വി. എൻ. ലക്ഷ്മണൻ
(വൈസ് പ്രസിഡണ്ട്)



സി.പി. ഏലിയാസ്
(ചെയർമാൻ, സ്റ്റാൻറിംഗ് കമ്മിറ്റി)

### മെമ്പർമാർ



കണ്ടാമല മാധവൻ



കാർത്ത്യായനി ഗോപാലൻ



പി.എം. അബു



എ.വി. ജോസ്



ഡോ.കെ.എസ്. ഹരിദാസ്



പ്രസന്നകുമാരി ടീച്ചർ



രമണീ മുരളീധരൻ



അമ്മുക്കുട്ടി രഘുനാഥൻ



എൻ.യു. ഇമ്മാനുവൽ



എൻ. കുട്ടൻ, സെക്രട്ടറി, പുൽപ്പള്ളി പഞ്ചായത്ത്.

# ആമുഖം

നമ്മുടെ രാജ്യം എട്ടു പഞ്ചവത്സര പദ്ധതികൾ പിന്നിട്ട് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ പണിപ്പുരയിലാണ്. പിന്നിട്ട പദ്ധതികൾ വഴി രാജ്യം വിവിധ രംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ അവയിൽ പലതും സമഗ്രവും നീതിപൂർവ്വകവുമായില്ലയെന്ന വസ്തുത രാഷ്ട്ര നേതാക്കളെ കൂടുതൽ ചിന്തിപ്പിക്കാൻ ഇടയായി. എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത്? പദ്ധതികൾ തയ്യാറാക്കുന്നതിൽ പ്രാദേശികവും ജനകീയവുമായ അഭിപ്രായങ്ങളുടെ അഭാവമാണ് പ്രധാന കാരണങ്ങളിലൊന്ന് എന്ന് അവിതർക്കിതമായി ഇപ്പോൾ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

രാഷ്ട്രപിതാവ് മഹാത്മജി സ്വപ്നം കണ്ടിരുന്ന മഹത്തായ ഒരു കാഴ്ചപ്പാടാണ് 'ഗ്രാമസ്വരാജ്.' ലോകാരാധ്യനായ നമ്മുടെ മുൻ പ്രധാനമന്ത്രി ബഹു: രാജീവ് ഗാന്ധിയാണ് ഇന്ത്യൻ പാർലമെൻറിൽ ആദ്യമായി അതിനുള്ള നിയമം നിർമ്മിക്കാൻ ബില്ലവതരിപ്പിച്ചത്. ചില സാങ്കേതിക പ്രശ്നങ്ങളുടെ നൂലാമാലയിൽ കുടുങ്ങി അന്ന് ആ ബില്ല് നിയമമായില്ലെങ്കിലും പിന്നീട് നരസിംഹറാവു സർക്കാർ ആ ബില്ല് നിയമമാക്കി അതിൻെറ ചുവട് പിടിച്ച് നമ്മുടെ സംസ്ഥാനത്തും പഞ്ചായത്ത് രാജ് നിയമം പാസ്സാക്കുകയും 1995 ഒക്ടോബർ 2-ഗാന്ധിജയന്തി ദിനത്തിൽ ത്രിതല പഞ്ചായത്ത് ഭരണസമിതികൾ നിലവിൽ വരുകയും ചെയ്തു. ഈ പുതിയ സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഗ്രാമസഭകൾ. വികസന പ്രവർത്തനങ്ങളെ ബന്ധിപ്പിക്കുന്ന ജനകീയ ആസൂത്രണത്തിനും ജനകീയ പങ്കാളിത്തത്തിനുമുള്ള വേദികളാണിവ. പദ്ധതികൾക്ക് ആസൂത്രണം മുതൽ നടപ്പിലാക്കൽ, അവലോകനം, വിശകലനം, വിലയിരുത്തൽ എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ ഗ്രാമസഭകൾ കടന്നുവരണം.

മേൽപ്പറഞ്ഞ പശ്ചാതലത്തിൻെറ പിൻബലത്തിലാണ് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ജനകീയമായ ആസൂത്രണത്തിന് സംസ്ഥാന സർക്കാർ വിപുലമായ പ്രചാരണവും അതുവഴി ജനപങ്കാളിത്തവും ആവശ്യപ്പെടുന്നത്. ഓരോ ഗ്രാമത്തിലുമുള്ള വിവിധ വിഭാഗം ജനങ്ങളുടേയും വിദഗ്ദരുടേയും ഒത്തുചേരലുകളിലൂടെയും ചർച്ചകളിലൂടെയും തങ്ങളുടെ പ്രദേശത്തിൻെറ വികസനത്തിന് ആവശ്യമായ പദ്ധതികൾക്ക രൂപം നൽകുകയെന്നതാണ് ചുരുക്കിപ്പറഞ്ഞാൽ പുതിയ സമീപനം കൊണ്ടുദ്ദേശിക്കുന്നത്. 'ഒൻപതാം പദ്ധതി, ജനകീയ പദ്ധതി' എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാകുമ്പോൾ ജനകീയ ജനാധിപത്യമെന്ന സങ്കൽപ്പത്തിന് പുതിയ മാനങ്ങൾ കൈവരും. തങ്ങളുടെ ഗ്രാമത്തിൻെറ ലഭ്യമായ വിഭവങ്ങളെ പറ്റിയും, നേരിടുന്ന പ്രശ്നങ്ങളെ പറ്റിയും, പരിഹാര മാർഗ്ഗങ്ങളെ പറ്റിയും നേരിട്ട് ബോധവാനാകുന്ന ഗ്രാമീണന് വികസനപ്രവർത്തനങ്ങളുടെ സുതാര്യതകൂടി ബോദ്ധ്യമാകുമ്പോൾ അവൻെറ കൂടി പങ്കാളിത്തം ഉറപ്പുവരുത്തുവാൻ എളുപ്പമാകും.

സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും പുതിയ സംരഭത്തിലേക്ക് ജനപഥങ്ങൾ ഒഴുകിയെത്തിയതിൻെറ ഭാഗമായി കൊച്ചു ജില്ലയായ വയനാട്ടിൽ, കർണ്ണാടകയുടെ അതിരു ചേർന്ന് കിടക്കുന്ന പുൽപ്പള്ളി ഗ്രാമത്തിലും അതിൻെറ അലയൊലികളുണർന്നു. ഗ്രാമപഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ 14.9.96 ന് ഒൻപതാം പഞ്ചവത്സരപദ്ധതി നമ്മുടെ ഗ്രാമത്തിൽ തയാറാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലന പരിപാടി സംഘടിക്കപ്പെട്ടു. ത്രിതല പഞ്ചായത്ത് മെമ്പർമാർ, ജില്ലാ റിസോഴ്സസ്സ് പേഴ്സൺസ് , വിവിധ സംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ഈ ശില്പശാലയിൽ പങ്കെടുത്തു. തുടർന്ന് 16.9.96 മുതൽ 28.9.96 വരെയുള്ള ദിവസങ്ങളിലായി പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ ചേരുകയും ഒൻപതാം പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ ഏറ്റെടുക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. വാർഡുകളിൽ നടന്ന വിവിധ വിഷയഗ്രൂപ്പുകളുടെ ചർച്ചകൾക്ക് പ്രത്യേക പരിശീലനം ലഭിച്ച ജില്ലാ റിസോഴ്സസ്സ് പേഴ്സൺസ് നേതൃത്വം നൽകിയത് ഏറെ ഗുണകരമായിട്ടുണ്ട്

ഗ്രാമസഭകൾക്ക് ശേഷം, ആദ്യത്തെ ശില്പശാലയിൽ പങ്കെടുത്തവരെ പഞ്ചായത്ത് വികസന

റിപ്പോർട്ട് തയ്യാറാക്കാൻ സജ്ജരാക്കുകയെന്ന ഉദ്ദേശത്തോടെ രണ്ടാംഘട്ട ശില്പശാല സംഘടിപ്പിച്ചു. അത് 3.11.96ന് പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ തന്നെയാണ് നടത്തിയത്. പരിപാടി വിജയകരമായിരുന്നു. ഇതിനിടയിൽ തന്നെ ദ്വിതീയ വിവരശേഖരണവും, കഴിയുന്നത്ര പ്രാഥമിക വിവരങ്ങൾ ശേഖരിക്കലും നടന്നു. കൂടാതെ പഞ്ചായത്തിനെ രണ്ടു മേഖലകളാക്കി തിരിച്ച് ശ്രീമാൻമാർ സി.പി. ഏലിയാസ്, ഡോക്ടർ കെ.എസ്. ഹരിദാസ് എന്നിവരുടെ നേതൃത്വത്തിൽ രണ്ടു സംഘം ആളുകൾ വിശദമായ പഠന പര്യടനം നടത്തുകയും ചെയ്തു.

അതിനിടയ്ക്ക് സർക്കാറിൻെറ നിർദ്ദേശാനുസരണനം കേരള പിറവി ദിനമായ നവംബർ 1 പുനരർപ്പണദിനമായി പുൽപ്പള്ളി പഞ്ചായത്തിലും സമുചിതമായി കൊണ്ടാടി. ജനപങ്കാളിത്തത്തോടെ ഒരു വികസന പ്രവർത്തനംങ്കിലും ആരംഭിക്കണമെന്നായിരുന്നു സർക്കാർ നിർദ്ദേശമെങ്കിലും ഒൻപത് വാൾഡുകളിൽ വിപുലമായ ജനപങ്കാളിത്തത്തോടെ പുതിയ പ്രവൃത്തി കളുടെ ഉൽഘാടന പ്രവർത്തനങ്ങൾ നടന്നു. അവ താഴെ ചേർക്കുന്നു.

1. മൂലവയൽ ആദിവാസി കോളനി റോഡ് - 1-ാം വാർഡ്
2. ആനപ്പാറ - ചാത്തമംഗലം കോളനി റോഡ് - 3-ാം വാർഡ്
3. അത്തിക്കുനി- പെട്രോൾ ബങ്ക് റോഡ് - 4-ാം വാർഡ്
4. താന്നിത്തെരുവ് - കാളമൂഴി റോഡ് - 5-ാം വാർഡ്
5. എരിയപള്ളി - ചാലമൂല കോളനി റോഡ് - 6-ാം വാർഡ്
6. മീനംകൊല്ലി കോളനി റോഡ് - 7-ാം വാർഡ്
7. കോളറാട്ടുകുന്ന് -അരീക്കോട് കോളനിറോഡ് - 8-ാം വാർഡ്
8. കല്ലുവയൽ ഹെൽത്ത് സെൻറർ റോഡ് - 9-ാം വാർഡ്
9. അമരക്കുനി - കാപ്പിക്കൂപ്പ് റോഡ് - 11-ാം വാർഡ്
10. അൻപത്തിയാറ് -എഴുപത്തിമൂന്ന് റോഡ് - 12-ാം വാർഡ്

മേൽപ്പറഞ്ഞ റോഡുകളുടെ നിർമ്മാണ പ്രവർത്തിയിൽ ഏതാണ്ട് ആയിരം ആളുകൾ സന്നദ്ധ പ്രവർത്തനം നടത്തി.

വയനാട് ജില്ലയിൽ ഇത്രയും വിപുലമായ ജനകീയ പങ്കാളിത്തം ഉണ്ടായിട്ടുള്ളത് പുൽപ്പള്ളി പഞ്ചായത്തിലായിരുന്നുവെ ന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

അതിനുശേഷം പഞ്ചായത്ത് ജില്ലാതലങ്ങളിൽ പരിശീലനം ലഭിച്ചവരിൽ, ഉദ്യോഗസ്ഥരും വാർഡുകളിലെ ഗ്രാമസഭകളിൽ വിവിധ വിഷയ ഗ്രൂപ്പുകളുടെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവരും ചേർന്ന് ഒരു ഒത്തുചേരൽ വിജയാ ഹൈസ്ക്കൂളിൽ വച്ച് നടത്തുകയുണ്ടായി. അതിൽ വച്ച് 12 വിഷയഗ്രൂപ്പുകളായി പ്രതിനിധികളെ തിരിച്ച് ഓരോ വിഷയത്തിൻേറയും പഞ്ചായത്ത് തലത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കുവാൻ ഓരോ ഗ്രൂപ്പിനേയും ചുമതലപെടുത്തി. അവർ തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഒരു സമഗ്ര റിപ്പോർട്ട് ആക്കുവാൻ ഒരു പ്രത്യേക ടീമിനെ തിരഞ്ഞെടുത്തു. അവർ തയ്യാറാക്കിയ ഒൻപതാം പദ്ധതിയിലേക്കുള്ള നമ്മുടെ പഞ്ചായത്തിൻെറ വികസന റിപ്പോർട്ടാണ് ഇതുവഴി നിങ്ങളുടെ കൈകളിലെത്തുന്നത്.

ഇത് പൂർണ്ണമാണെന്ന വിശ്വാസം ഞങ്ങൾക്കില്ല. അപാകതകളും കുറവുകളും ഏറെയുണ്ടാകാം. സെമിനാറിൽ പങ്കെടുക്കുന്ന ഓരോ പ്രതിനിധിയുടേയും അതീവ ജാഗ്രതയോടെയുള്ള പഠനവും വിശകലനവും ഈ റിപ്പോർട്ടിനെ പറ്റിയുണ്ടാകണം. നമ്മുടെ ഓരോരുത്തരുടേയും പങ്കാളിത്തവും സഹകരണവും ആശയപരമായ സംഭാവനയുമാണ് ഈ റിപ്പോർട്ടിനെ കുറ്റമറ്റ ഒരു പദ്ധതി രേഖയാക്കാൻ സഹായിക്കുകയെന്ന് പ്രത്യേകം ഓർമ്മിക്കണം. ഈ പ്രവർത്തനങ്ങൾക്ക് ഞങ്ങളെ സഹായിച്ച എല്ലാ മഹത് വ്യക്തികളോടും സംഘടനകളോടും സ്ഥാപനങ്ങളോടും ഞങ്ങൾ നന്ദിയുള്ളവരാണ്. തുടർന്നും നിങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ,

നിർത്തട്ടെ,

കെ.എൽ.പൗലോസ്,
പ്രസിഡൻറ്,
ഗ്രാമപഞ്ചായത്ത്,പുൽപ്പള്ളി.



പുനരർപ്പണ ദിനമായ 1996 നവംബർ 1 ന് പുൽപ്പള്ളി ഗ്രാമ പഞ്ചായതിലെ ആനപ്പാറ - ചാത്തമംഗലം കോളനി റോഡ് പ്രവൃത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എൽ. പൗലോസ് ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി. പാർവ്വതീ ഭായ് ടീച്ചർ, വൈസ് പ്രസിഡണ്ട് ശ്രീ. വി.എൻ. ലക്ഷ്മണൻ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ സി.പി. ഏലിയാസ് എന്നിവരാണ് സമീപം.

# പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിൻെറ പേര് :..............................................പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ :....................................പുൽപ്പള്ളി, പാടിച്ചിറ, നടവയൽ

ബ്ലോക്ക് പഞ്ചായത്ത് :.......................................................സുൽത്താൻബത്തേരി

താലൂക്ക് :.......................................................................സുൽത്താൻബത്തേരി

അസംബ്ലിമണ്ഡലം :........................................................സുൽത്താൻബത്തേരി

വിസ്തീർണ്ണം :...............................................................................77.78 ച. കി.മി

അതിരുകൾ :

വടക്ക് മുള്ളൻ കൊല്ലിപഞ്ചായത്ത്
തെക്ക് തെക്ക് കിഴക്ക് പൂതാടി പഞ്ചായത്ത്
പടിഞ്ഞാറ് കബനിപുഴ( തിരുനെല്ലി, പനമരം
പഞ്ചായത്തുകൾ)
കിഴക്ക് കന്നാരംപുഴ ( കർണ്ണാടക ഫോറസ്ററ്)

ജനസംഖ്യ ;..................................................................................................30,035

പുരുഷൻ :....................................................................................................15,912

സ്ത്രീകൾ : ..................................................................................................14,123

ജനസാന്ദ്രത : ....................................................................................................386

അക്ഷരാഭ്യാസമുള്ളവർ : ..........................................................................26,731

വാർഡുകൾ : ........................................................................................................12

പ്രസിഡണ്ടിൻെറ പേര് :.....................................................കെ. എൽ. പൗലോസ്

വൈസ് പ്രസിഡണ്ടിൻെറ പേര് :.....................................വി. എൻ. ലക്ഷ്മണൻ

സ്ററാൻറിങ്ങ് കമ്മററി ചെയർമാൻ :സി. പി. എലിയാസ്

# പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| 1. മൊത്തം ജനസംഖ്യ (1991 census) | 30,035 |
| 2. വിസ്തീർണ്ണം | 77.78 ച. കി. മി |
| 3. മൊത്തം കെട്ടിടങ്ങൾ | 9432 |
| 1) ടെറസ് | 1598 |
| 2) ഓടിട്ടത് | 2895 |
| 3) കുടിൽ | 4939 |
| 4. <u>റോഡുകൾ</u> | |
| 1) ടാർ റോഡ് | |
| 2) കല്ലിട്ടത് | 203 കി. മി. |
| 3) മണ്ണുറോഡ് | |
| 5. <u>ചെറുകിടവ്യവസായങ്ങൾ</u> (വിടുകൾ, ഇൻഡസ്ട്രിയൽ വർക്സ് ഇഷ്ടിക നിർമ്മാണം, മരമില്ലുകൾ ഉൾപ്പെടെ) | 25. നം |
| 6. <u>വിദ്യാഭ്യാസ്ഥാപങ്ങൾ</u> | |
| 1) കോളേജ് | 1 |
| 2) ഹൈസ്കൂൾ | 3 |
| 3) പാരലൽ കോളേജ് | 3 |
| 4) കംപ്യൂട്ടർ ട്രെയ്നിംഗ് സെൻറർ | 2 |
| 5) പ്രൈമറി സ്കൂൾ | 9 |
| 7. അമ്പലങ്ങൾ | 10 |
| 8. മുസ്ളീംപള്ളി | 1 |
| 9. ക്രിസ്ത്യൻ പള്ളി | 12 |
| 10. സർക്കാർസ്ഥാപനങ്ങൾ | 17 |

| പഞ്ചായത്തിൻെറ അതിർത്തികൾ | (നിലവിലുള്ളത്) |
|---|---|
| വടക്ക് | മുള്ളൻകൊല്ലി പഞ്ചായത്ത് |
| തെക്ക് , തെക്ക് കിഴക്ക് | പൂതാടി പഞ്ചായത്ത് |
| പടിഞ്ഞാറ് | കബനിപുഴ (തിരുനെല്ലി, പനമരം പഞ്ചായത്തുകൾ) |
| കിഴക്ക് | കന്നാരം പുഴ ( കർണ്ണാടക ഫോറസ്റ്റ്) |

**പഴയപഞ്ചായത്ത് അതിർത്തികൾ**

| | |
|---|---|
| വടക്ക് | കബനി നദി |
| തെക്ക് | പൂതാടി പഞ്ചായത്ത് |
| പടിഞ്ഞാറ് | വേലിയമ്പം ഉൾപ്പെടെ പൂതാടി പഞ്ചായത്ത് കബനി നദി - തിരുനെല്ലിപഞ്ചായത്ത് |
| കിഴക്ക് | കന്നാരംപുഴ കർണ്ണാടക വനം |

1963 ഡിസംബർ 20ാം തിയ്യതി ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു.

| | | | |
|---|---|---|---|
| പ്രസിഡണ്ട്: | ശ്രീ. വി. കെ. ഗുരുമല്ലപ്പ | 1-1-64 മുതൽ | 31-1-65 വരെ |
| പ്രസിഡണ്ട്: | ശ്രീ. പി. ഡി. മൈക്കിൾ | 28-9-64 മുതൽ | 30-6-65 വരെ |
| പ്രസിഡണ്ട്: | ശ്രീ. കെ. യു. മത്തായി | 19-1-67 മുതൽ | 31-7-79 വരെ |
| പ്രസിഡണ്ട്: | ശ്രീ. ടി. യു. ജേക്കബ് | 27-9-79 മുതൽ | 1-2-88 വരെ |
| പ്രസിഡണ്ട്: | ശ്രീ. പി. കെ. മാധവൻ | 2-2-88 മുതൽ | 28-8-92 വരെ |
| പ്രസിഡണ്ട്: | ശ്രീ. കെ. എൽ. പൗലോസ് | 29-8-92 മുതൽ | 29-9-95 വരെ |
| പ്രസിഡണ്ട്: | ശ്രീ. കെ. എൽ. പൗലോസ് | 30-9-95 മുതൽ | till date |

| | |
|---|---|
| വില്ലേജുകൾ: | പുൽപ്പള്ളി, പാടിച്ചിറ, നടവയൽ |
| ബ്ലോക്ക് | സുൽത്താൻബത്തേരി |
| നിയോജകമണ്ഡലം | സുൽത്താൻബത്തേരി |
| ഉൾപ്പെടുന്ന ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ | 1. സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത്<br>2. വയനാട് ജില്ലാ് പഞ്ചായത്ത് |

# 3. സാമൂഹിക സാംസ്ക്കാരിക ചരിത്രം.

കർണ്ണാടക അതിർത്തിയോട് ചേർന്നു കിടക്കുന്ന പുൽപ്പള്ളി, ചരിത്രപരമായി ഏറെ പ്രാധാന്യമുള്ള പ്രദേശമാണ്. സമീപകാലം വരെ നിബിഡ വനമായിരുന്ന ഇവിടെ നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ ജനപഥങ്ങളുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്.പുൽപ്പള്ളിയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെടുത്തവയും, ഇപ്പോൾ കോഴിക്കോട്ട് സർവ്വകലാശാല ചരിത്ര വകുപ്പിൻെറ മ്യൂസിയത്തിലും, വയനാട്ടിലെ അമ്പലവയലിൽ ആരംഭിച്ച ഹെറിറ്റേജ് മ്യൂസിയത്തിലും സൂക്ഷിച്ചു വരുന്നതുമായ നിരവധി പുരാവസ്തുക്കളും, വീരക്കല്ലുകളും ഈ പ്രദേശത്തിൻെറ സവിശേഷമായ ചരിത്ര പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. പുൽപ്പള്ളിയിലൂടെ കർണ്ണാടകത്തിലേക്കും തമിഴ്നാട്ടിലേക്കുമുള്ള കാട്ടുപാതകളുടെ ഓരങ്ങളിൽ നിന്നാണ് വീരക്കല്ലുകൾ ലഭിച്ചിട്ടുള്ളത്. പോരാട്ടങ്ങളിൽ വീര ചരമം പ്രാപിക്കുന്ന വീരന്മാരുടെ സ്മരണയ്ക്കായി നാട്ടുന്ന വീരക്കല്ലുകൾ പ്രാചീനകാലം മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ നിലനിന്ന ഒരു പാരമ്പര്യത്തെ ഓർമ്മപ്പെടുത്തുന്നു. ഇവിടെ നില നിന്നിരുന്ന ജനാധിവാസസ്ഥലങ്ങളേയും ആസ്ഥാനങ്ങളേയും കൂട്ടിയിണക്കികൊണ്ട് നിലവിൽ വന്ന യാത്രാ മാർഗ്ഗങ്ങളെ കുറിച്ചും വീരക്കല്ലുകൾ സൂചിപ്പിക്കുന്നു. പ്രസ്തുത വീരക്കല്ലുകൾക്ക് പുറമെ സവിശേഷമായ ശില്പ ചാരുതയാർന്ന വിഗ്രഹങ്ങളും, ഇവിടെ നിന്നും കണ്ടെടുത്തിട്ടുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിൻെറ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിൻെറ ആദ്യ വർഷങ്ങളിലും ബ്രിട്ടീഷ് ഭരണത്തിനെതിരെ മലബാറിലുണ്ടായ ഐതിഹാസിക സമരങ്ങൾക്ക് നേതൃത്വം നൽകിയ കേരളവർമ്മ പഴശ്ശിരാജയുടെ പ്രധാന താവളങ്ങളിൽ ഒന്നായിരുന്നു പുൽപ്പള്ളി. ഇവിടെ താമസിച്ചിരുന്ന കുറുമർ, പണിയർ എന്നീ ആദിവാസി വിഭാഗങ്ങളുടെ വിശ്വാസമാർജ്ജിച്ചുകൊണ്ട്, അവരുടെ സഹകരണത്തോടെയാണ് അദ്ദേഹം പോരാട്ടം നടത്തിയത്. പണ്ടുകാലം മുതൽ ഇവിടെ വസിച്ചിരുന്ന ചെട്ടിമാരും പഴശ്ശി സമരത്തിന് പിന്തുണയും സഹായവും നൽകി.പോരാട്ടത്തിൻെറ ഘട്ടങ്ങളിൽ പഴശ്ശിക്ക് ഭക്ഷ്യ വസ്തുക്കളും മറ്റ് ആവശ്യസാധനങ്ങളും മൈസൂരിൽ നിന്ന് വയനാട്ടിൽ എത്തിച്ചുകൊടുക്കുന്നതിൽ ചെട്ടിമാരുടെ സേവനം നിസ്തുലമായിരുന്നു. അന്നത്തെ മലബാർ ജില്ലാകലക്ടർ ആയിരുന്ന ടി.എച്ച്.ബാബറുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് ഭടന്മാരോട് ഏറ്റുമുട്ടി, പുൽപ്പള്ളിക്കടുത്ത് മൈസൂർ കാടുകളോട് ചേർന്നുള്ള മാപിലാത്തോട് എന്ന സ്ഥലത്ത് 1805 - നവംബർ 30ന് പഴശ്ശിരാജ വീരമൃത്യു വരിച്ചു. ഇവിടെ പുൽപ്പള്ളി പഞ്ചായത്ത് 1988ൽ ഒരു രക്തസാക്ഷി മണ്ഡപം നിർമ്മിച്ചിട്ടുണ്ട്.

പഴശ്ശി സമരങ്ങളോടൊപ്പം തന്നെ ടിപ്പുവിൻെറ പടയോട്ടങ്ങൾക്കും പുൽപ്പള്ളി സാക്ഷ്യം വഹിച്ചു. പുൽപ്പള്ളിയ്ക്കടുത്ത് കന്നാരം പുഴയുടെ കുറുകെ ടിപ്പു നിർമ്മിച്ച പാലത്തിൻെറ അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണ്. വണ്ടിക്കടവ് എന്ന സ്ഥലത്തുനിന്ന് വനത്തിലൂടെ മൈസൂരിലേക്ക് റോഡും അക്കാലത്ത് നിർമ്മിക്കപ്പെട്ടിരുന്നു.
പഴശ്ശി തമ്പുരാൻെറ ആരാധന സ്ഥലമായിരുന്നു, പുൽപ്പള്ളിയിലെ സീതാദേവി ക്ഷേത്രം. ഈ ക്ഷേത്ര പരിസരത്ത് പഴശ്ശിയുടെ കോട്ട സ്ഥിതി ചെയ്തിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ക്ഷേത്രത്തിനടുത്ത കൈതക്കാടുകൾ വളർന്നു നിൽക്കുന്ന കുളത്തിലായിരുന്നു അദ്ദേഹത്തിൻെറ ആയുധങ്ങളും അമൂല്യ വസ്തുക്കളും ഉപേക്ഷിക്കപ്പെട്ടതെന്നും വിശ്വാസമുണ്ട്.

സീതാദേവിയെ ആരാധിക്കുന്ന കേരളത്തിന് അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണ് പുൽപ്പള്ളിയിലെ സീതാ-ലവാ-കുശ-ക്ഷേത്രം. ഇവിടുത്തെ പല സ്ഥലനാമങ്ങൾക്ക് പോലും രാമായണ കഥയുമായി ബന്ധപ്പെട്ടതാണ്. സീതാ, മക്കളായ ലവ-കുശവന്മാരോടൊപ്പം വസിച്ചിരുന്ന കാനന ഭൂമി

പുൽപ്പള്ളി ആയിരുന്നുവെന്ന് ഐതിഹ്യങ്ങൾ പറയുന്നു. സീതാ ദേവി ഭൂമിയിലേക്ക് അന്തർധാനം ചെയ്ത സ്ഥലത്താണ് ചേടാറ്റിൻ കാവ് (ജടയറ്റകാവ്) സ്ഥിതിചെയ്യുന്നതെന്നും, ആശ്രമക്കൊല്ലി എന്ന സ്ഥലത്ത് വാത്മീകിയുടെ ആശ്രമം ഉണ്ടായിരുന്നുവെന്നും, ലവ കുശന്മാർ വിഹരിച്ചിരുന്ന ശിശു മലയാണ് ഇപ്പോഴത്തെ ശശിമലയെന്നും ഐതിഹ്യങ്ങൾ ഘോഷിക്കുന്നു.

പഴശ്ശിയുടെ കാലശേഷം സീതാദേവി ക്ഷേത്രവും അതിൻെറ വകയായുള്ള ആയിരക്കണക്കിന് വനഭൂമിയും വയനാട്ടിലെ പഴയ നായർ കുടുംബമായ കുപ്പത്തോട് തറവാടിന് ലഭിച്ചു.
ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രവും, ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെടുന്ന ചരിത്രം പുൽപ്പള്ളിയ്ക്ക് അവകാശപ്പെടാനില്ല.എങ്കിലും പുട്ടണ്ണൻ ചെട്ടി, കെ.ദാമോദരൻ നമ്പ്യാർ എന്നീ മഹത് വ്യക്തികൾ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ വയനാട് സന്ദർശനവുമാണ് ഇതിന് പ്രചോദനമായിത്തീർന്നത്.

മഹാത്മഗാന്ധിയുടെ അരുമശിഷ്യനായ - വിനോബാജി രൂപം നൽകിയ ഭൂദാന പ്രസ്ഥാനം പുൽപള്ളിയിലും സ്വാധീനം ചെലുത്തി. 1953 ൽ വിനോബാജി കേരളം സന്ദർശിച്ചപ്പോൾ വയനാട്ടിലെ കുപ്പത്തോട് തറവാട്ടിലെ അംഗമായ ലക്ഷ്മി അക്കമ്മയും ഭർത്താവ് അമ്പലപ്പടി കുഞ്ഞിരാമൻ നായരും കൂടി 150 ഏക്കർ ഭൂമിയും, പിന്നീട് 1954 ൽ ശ്രീ. ജയപ്രകാശ് നാരായണൻ വയനാട്ടിലെത്തിയപ്പോൾ 100 ഏക്കർ ഭൂമിയുംകൂടി ആകെ 250 ഏക്കർ സ്ഥലം ദാനമായി ലഭിച്ചു. തുടർന്ന് പെരിക്കല്ലൂരിൽ 20 ഏക്കർ ഭൂമി കുപ്പത്തോട് ബാലകൃഷ്ണൻനായരും, വിജയ എൽ.പി. സ്ക്കൂളിന് പിറകിലായി ഒരേക്കർ സ്ഥലം ആർ.എൻ. കുപ്പത്തോടും പെരിക്കല്ലൂരിനടുത്ത് വരവൂരിൽ 15 ഏക്കർ സ്ഥലം കുപ്പത്തോട് തറവാടും ദാനമായി നല്കി. അധികാരികളുടെ പ്രമാണ പത്രം ലഭിക്കുന്നതിനും ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും കാലതാമസം നേരിട്ടു. ഈ ദാനഭൂമിയിൽ പല കൈയേറ്റങ്ങളും നടന്നു. അതിനാൽ ദാനമായി വാഗ്ദാനം ചെയ്ത ഭൂമിയത്രയും സൗജന്യമായി ഭൂരഹിതർക്ക് നല്കാൻ കഴിഞ്ഞില്ല. കേരള സർവ്വോദയ സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഭൂമിയുടെ താൽക്കാലിക സംരക്ഷണത്തിനു വേണ്ടി ചില നടപടികൾ എടുത്തുവെങ്കിലും കൈയേറ്റക്കാരെ പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞില്ല. 1963 ൽ ദാനഗ്രാമത്തിലെ കുടുംബ നാഥൻമാരെ സംഘടിപ്പിച്ച് ഗ്രാമ സഭ എന്നൊരു സംഘടന രൂപീകരിച്ചു. പിന്നീട് ഒൻപത് ബോർഡ് അംഗങ്ങൾ ഉൾക്കൊള്ളുന്ന പുൽപ്പള്ളി ഗ്രാമദാൻ സർവ്വോദയ സഹകരണ സംഘം റജിസ്റ്റർ ചെയ്തു. വട്ടപ്പാറ ജോസഫ്, പ്രസിഡൻറും പി.കെ.പണിക്കർ, സെക്രട്ടറിയുമായി തിരഞ്ഞെടുക്കപ്പെട്ടു. ഈ സഹകരണ സംഘത്തിന് കേന്ദ്ര ഗവൺമെൻറിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും ലഭിച്ചില്ല. കൂട്ടുകൃഷി, കന്നുകാലി വളർത്തൽ എന്നിവയ്ക്കായി 16 ഏക്കർ സ്ഥലം മാറ്റി വച്ചിരുന്നുവെങ്കിലും 1969 -70 കാലഘട്ടത്തിൽ ഈ ഭൂമിയിൽ വ്യാപകമായ കൈയേറ്റമുണ്ടായി. സംഘത്തിൻെറ പ്രവർത്തനവും പൂർണ്ണമായി നിലച്ചു. അങ്ങനെ ശുഭപ്രതീക്ഷകളോടെ ആരംഭിച്ച് ഭൂദാന പ്രസ്ഥാനം ഫലത്തിൽ വിഫലമായ ഒരു സ്വപ്നമായി പരിണമിച്ചു.

1950 മുതൽ പുൽപ്പള്ളി ഒരു കുടിയേറ്റ കേന്ദ്രമായി അറിയപ്പെടാൻ തുടങ്ങി. കബനിയുടെ തീരത്തുള്ള ഫലഭൂയിഷ്ഠമായ മണ്ണിലേക്ക് കേരളത്തിൻെറ തെക്കൻ പ്രദേശങ്ങളിൽ നിന്ന് ആളുകൾ എത്തിത്തുടങ്ങി. പുൽപ്പള്ളി ദേവസ്വത്തിൻെറ അധീനതയിലുള്ള രണ്ടായിരമേക്കർ സ്ഥലം ചെറുകിട കർഷകർക്ക് മറുപ്പാട്ടത്തിന് കൊടുക്കുവാൻ മലബാർ കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന്, ഒരു തുണ്ട് ഭൂമിയ്ക്കു വേണ്ടിയുള്ള ദാഹവുമായി 1967-68 കാലഘട്ടത്തിൽ വ്യാപകമായ കുടിയേറ്റമാരംഭിച്ചു. കന്നിമണ്ണിൽ കൃഷിയിറക്കുവാനും കുടിൽ കെട്ടി താമസം തുടങ്ങുവാനും ആരംഭിച്ച ആദ്യകാല കുടിയേറ്റക്കാർ വന്യമൃഗങ്ങളോടും പ്രതികൂല കാലാവസ്ഥയോടും നിരന്തരമായി ഏറ്റുമുട്ടി. ഇതിലും രൂക്ഷമായിരുന്നു ദേവസ്വം അധികൃതരുടേയും അവരെ സഹായിക്കുന്ന പോലീസിൻേറയും നടപടികൾ. 1967 ൽ വലിയ ഒരു കുടിയിറക്ക് ഭീഷണിയുണ്ടായി. കുടിയേറ്റക്കാർ ജാതിമതഭേദമന്യേ

സംഘടിച്ച് ഇതിനെതിരെ പ്രക്ഷോഭം ആരംഭിച്ചു. ശ്രീമാൻമാർ കെ.യു.മത്തായി, കിസ്സാൻ തൊമ്മൻ, ജോസഫ് വടാന, ടി.യു. ജേക്കബ് എന്നിവരുടെ നേതൃത്വത്തിൽ 'കർഷക പൗര സമിതി' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. സ്ക്കൂൾ വിദ്യാർത്ഥികൾ പോലും സമര രംഗത്തിറങ്ങി. പുൽപ്പള്ളിയിലെ ജനങ്ങൾ ഒരു പൊതു ആവശ്യത്തിന് വേണ്ടി സംഘടിച്ച ആദ്യത്തെ സന്ദർഭമായിരുന്നു അത്. ഒടുവിൽ അന്നത്തെ വനം വകുപ്പു മന്ത്രിയായിരുന്ന എൻ.കെ. കൃഷ്ണൻെറ നിർദ്ദേശമനുസരിച്ച് കുടിയിറക്ക് നിർത്തിവച്ചു.

കേരളത്തിൻെറ രാഷ്ട്രീയ ഭൂപടത്തിൽ പുൽപ്പള്ളിയ്ക്ക് ശ്രദ്ധേയമായ സ്ഥാനം ലഭിച്ചത് നക്സൽബാരി പ്രസ്ഥാനത്തിൻെറ ആഗമനത്തോടെയാണ്. തോക്കിൻക്കുഴലിലൂടെ അധികാരം വീണ്ടെടുക്കാനുള്ള ആഹ്വാനം വസന്തത്തിൻെറ ഇടിമുഴക്കമായി പുൽപ്പള്ളിയിലും മുഴങ്ങി. 1968 നവംബർ 24-ാംതീയതിയാണ് പുൽപ്പള്ളിയിൽ ചരിത്ര പ്രസിദ്ധമായ നക്സലൈറ്റ് ആകമണം നടന്നത്. കുടിയേറ്റക്കാർക്കെതിരെയുള്ള പോലീസിൻെറ ക്രൂരമായ നടപടികൾക്കെതിരെ ജനങ്ങൾ സമാധാനപരമായ പ്രതിഷേധ പ്രകടനങ്ങൾ നടത്തി വന്നിരുന്ന സാഹചര്യത്തിലാണ് വയനാടിൻെറ പുറത്തുനിന്നും ചിലർ തീവ്രവാദത്തിൻെറ സന്ദേശം പുൽപ്പള്ളിയിൽ എത്തിച്ചത്. പുൽപ്പള്ളി ദേവസ്വം അഗ്രശാലയിൽ പ്രവർത്തിച്ചിരുന്ന എം.എസ്.പി. ക്യാമ്പ് നക്സലൈറ്റുകൾ ആക്രമിച്ചു. വയർലസ്സ് ഓപ്പറേറ്റർ ഹവിൽദാർ കുഞ്ഞികൃഷ്ണൻ നായർ വധിക്കപ്പെട്ടു. സംഭവത്തിൽ പരിക്കുപറ്റിയ സബ് ഇൻസപെക്ടർ ശങ്കുണ്ണി മേനോൻ ആശുപത്രിയിൽ വച്ച് മരണപ്പെട്ടു. അജിത, വർഗ്ഗീസ്, ശങ്കരൻ മാസ്റ്റർ എന്നിവരോടൊപ്പം പുൽപ്പള്ളിക്കാരായ കിസ്സാൻ തൊമ്മൻ, എടൂർ ജോസഫ് തുടങ്ങിയവരും ഈ ആക്രമണത്തിന് നേതൃത്വം നല്കി. പോലീസ് സ്റ്റേഷൻ ആക്രമണത്തിന് ശേഷം സംഘം ചേകാടിയിലേയ്ക്ക് നീങ്ങി. അവിടെ ചില ചെട്ടിമാരുടെ വീടുകൾ ആക്രമിച്ച് ശേഖരിച്ച് പണവും ധാന്യവുമൊക്കെ ആദിവാസികൾക്ക് വിതരണം ചെയ്തു.

നക്സലൈറ്റ് ആക്രമണം പുൽപ്പള്ളിയുടെ മുഖഛായ മാറ്റുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു.താമസിയാതെ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടവും മറ്റ് സൗകര്യവും ആരംഭിക്കുവാൻ കാരണമായി.

1962 ലാണ് പുൽപ്പള്ളി പഞ്ചായത്ത് രൂപീകൃതമായത് 1963 ഡിസംബറിൽ തിരഞ്ഞെടുപ്പ് നടന്നു. രാഷ്ട്രീയത്തിനതീതമായിരുന്നു ആദ്യത്തെ ഈ തിരഞ്ഞെടുപ്പ്. അന്ന് ആറു വാർഡുകളാണ് ഉണ്ടായിരുന്നത്. പാക്കം, ചേകാടി, പെരിക്കല്ലൂർ, മുള്ളൻകൊല്ലി, പുൽപ്പള്ളി കരുമം, കല്ലുവയൽ എന്നിവയായിരുന്നു വാർഡുകൾ. പി.പി. വർഗ്ഗീസ്, ഗുരുമല്ലപ്പ ഗൗഡർ,പി.ഡി. മൈക്കിൾ മാസ്റ്റർ തെക്കനാട്ട് തോമസ്, കെ.യു മത്തായി, എൻ. തങ്കപ്പൻ മാസ്റ്റർ എന്നിവരെ യഥാക്രമത്തിൽ ഓരോ വാർഡിൽ നിന്നും മെമ്പർമാരായി തിരഞ്ഞെടുത്തു.ഹരിജൻ മെമ്പറായി കെ.എസ്.കൃഷ്ണനെ ചേകാടിയിൽ നിന്നും തിരഞ്ഞെടുത്തു. ആദ്യത്തെ പ്രസിഡൻറായി ശ്രീ.ഗുരുമല്ലപ്പാഗൗഡരേയും വൈസ് പ്രസിഡൻറായി കെ.യു. മത്തായിയേയും തിരഞ്ഞെടുത്തു. തുടർന്ന് പല ഘട്ടങ്ങളിൽ പി.ഡി. മൈക്കിൾ, കെ.യു.മത്തായി, ടി.യു. ജേക്കബ്, പി.കെ. മാധവൻ , കെ.എൽ. പൗലോസ് തുടങ്ങിയവർ പഞ്ചായത്തിൻെറ സാരഥികളായി പ്രവർത്തിച്ചിട്ടുണ്ട്.

കുടിയേറ്റ കാലഘട്ടങ്ങളിൽ പുൽപ്പള്ളിയിലേക്കുള്ള ഗതാഗത മാർഗ്ഗം പനമരത്തുനിന്ന് വനങ്ങളിലൂടെ ആയിരുന്നു. ഭക്ഷ്യ വസ്തുക്കളും ആവശ്യ സാധനങ്ങളുമൊക്കെ തലച്ചുമടായി പതിനാറു കി.മീ ദൂരം യാത്ര ചെയ്ത് പുൽപ്പള്ളിയിൽ എത്തിക്കുകയെന്നത് ഏറെ ശ്രമകരമായ ജോലിയായിരുന്നു. പുൽപള്ളിയും കർണ്ണാടകയുമായി വ്യാപാര ബന്ധങ്ങൾ പണ്ടുകാലം മുതൽ നിലനിന്നിരുന്നു. ധാന്യങ്ങളും പയറു വർഗ്ഗങ്ങളും കന്നുകാലുകളുടെ പുറത്ത് പുൽപ്പള്ളിയിൽ എത്തിച്ച്, വാഴക്കുല തുടങ്ങിയവ തിരിച്ചുകൊണ്ടുപോവുകയായിരുന്നു പതിവ്. 1971ൽ സുൽത്താൻ ബത്തേരിയിൽ നിന്ന് പെരിക്കല്ലൂരിലേക്ക് ഒരു പ്രധാന റോഡ് നിർമ്മിക്കപ്പെട്ടു.

തുടർന്ന് മറ്റെല്ലാ കുടിയേറ്റ മേഖലകളിലെ പോലെ പുൽപ്പള്ളിയിലും നാട്ടുകാരുടെ നിസ്വാർത്ഥമായ സഹകരണത്തോടെ നിരവധി റോഡുകൾ നിർമ്മിക്കപ്പെട്ടു.

1981 ലാണ് പുൽപ്പള്ളി പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടമുണ്ടായത്. ഇതിനുള്ള സ്ഥലം, ശ്രീ.കുപ്പത്തോട് മാധവൻ നായർ സൗജന്യമായി നൽകിയതാണ്.

1925 ലാണ് പുൽപ്പള്ളിയുടെ ഭാഗമായ ചേകാടിയിൽ സി.എം.എസ്.ഐ.പ്രവർത്തകർ ഒരു സ്ക്കൂളിന് തുടക്കം കുറിച്ചത്.പിന്നീട് മലബാർ ഡിസ്ട്രിക് ബോർഡിന്റെ അംഗീകാരത്തോടെ അവിടെ ഒരു വിദ്യാലയം ആരംഭിച്ചു. 1948 ൽ പുൽപ്പള്ളിയിൽ ശ്രീ. കുപ്പത്തോട് മാധവൻ നായർ വിജയാ എൽ.പി.സ്ക്കൂൾ ആരംഭിച്ചു. തുടർന്നുള്ള കാലഘട്ടങ്ങളിൽ നിരവധി വിദ്യാലയങ്ങളും, വായനശാലകളും ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ചു. ഒരു കോളേജ് പുൽപ്പള്ളിക്കാരുടെ ചിരകാലഭിലാഷമായിരുന്നു. പുൽപ്പള്ളി ക്ഷേത്രത്തിന്റെ അധീനതിയിലുള്ള തരിശായി കിടക്കുന്ന 26 ഏക്കർ ഭൂമി കോളേജിന് വിട്ടുകൊടുക്കുവാൻ സമ്മതിച്ചതിനെത്തുടർന്ന് കോളേജ് ആരംഭിക്കുവാൻ ഉള്ള പരിപാടികൾ ശ്രീ.ടി.യു.ജേക്കബിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. 'പഴശ്ശിരാജ എഡ്യൂക്കേഷണൽ സൊസൈറ്റി ' എന്ന പേരിൽ ഒരു സംരംഭം ആരംഭിച്ചു. ഈ സന്ദർഭത്തിൽ പ്രസ്തുത സ്ഥലം തങ്ങൾക്ക ആവശ്യപ്പെട്ടതാണെന്ന് പറഞ്ഞുകൊണ്ട് എസ്.എൻ.ഡി.പി. യൂണിയൻ രംഗത്തു വന്നു. അവിടെ ശ്രീനാരായണ ഗുരുവിന്റെ പ്രതിമ സ്ഥാപിക്കുവാൻ വേണ്ടി യോഗം പ്രസിഡൻറ് ശ്രീ. എൻ.കെ. രാഘവൻ പുൽപ്പള്ളിക്ക് പുറപ്പെടുകയും സ്ഥലത്തിന് തർക്കമുള്ളതിനാൽ വഴിക്ക് വെച്ച് പോലീസ് തടയുകയും ചെയ്തു. വീണ്ടും ഗവൺമെൻറ് അനുമതിയോടെ ഈ സ്ഥലത്ത് പ്രതിമ സ്ഥാപിക്കുവാൻ തറക്കല്ലിട്ടു. ഇതിൽ പ്രതിഷേധിച്ച് കോളേജ് കമ്മിറ്റി അംഗങ്ങൾ നാട്ടുകാരുടെ സഹകരണത്തോടെ ബന്ദും പ്രതിഷേധ പ്രകടനവും നടത്തി. പ്രകടനക്കാരും പോലീസും തമ്മിലുള്ള ഏറ്റുമുട്ടൽ വെടിവെപ്പിൽ കലാശിക്കുകയും മൂന്നു പേരുടെ ജീവൻ അപഹരിക്കുകയും ചെയ്തു. 1983 ജൂലായ് 6-ാം തീയതി നടന്ന പുൽപ്പള്ളിക്കാരുടെ മനസ്സിലിന്നും അശാന്തിയുണർത്തുന്ന ഒരു ഓർമ്മയായി അവശേഷിക്കുന്നു.

മിക്ക രാഷ്ട്രീയ പാർട്ടികളും പുൽപ്പള്ളിയിൽ വേര് പിടിപ്പിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകളും മഹിളാ സമാജങ്ങളും ഇവിടെയുണ്ട്.

സമ്പന്നമായ ഒരു ഭൂതകാല പൈതൃകത്തിൽ നിന്നും ഭാവിയുടെ വെല്ലുവിളികൾ നേരിടുവാനുള്ള ഊർജ്ജം സംഭരിക്കുവാൻ പുൽപ്പള്ളി നിവാസികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

# 4. ഭൂപ്രകൃതി, ജലവിഭവം, ജനപ്രകൃതി




പശ്ചിമ ഘട്ടത്തിൻെറ ഭൂപ്രകൃതി മേഖലയിൽ പെടുന്ന വയനാട് ജില്ലയുടെ വടക്ക് കിഴക്കുഭാഗത്തായാണ് പുൽപ്പള്ളി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. വയനാട് ജില്ലയിലെ മറ്റ് പ്രദേശങ്ങളേക്കാൾ സമുദ്രനിരപ്പിൾ നിന്നുള്ള ഉയരം കുറവാണ് എന്നതാണ് ഈ മേഖലയുടെ പ്രത്യേകത. അതുകൊണ്ട് തന്നെ പുൽപ്പള്ളിയുടെ ഭൂപ്രകൃതിയും കാലാവസ്ഥയും വയനാട്ടിലെ മറ്റ് പ്രദേശങ്ങളുടേതിനെക്കാൾ അൽപം വിഭിന്നമാണ്.

ഈ മേഖലയുടെ വടക്ക് മുള്ളൻ കൊല്ലി പഞ്ചായത്തും തെക്ക് കിഴക്ക് പൂതാടി പഞ്ചായത്തും, പടിഞ്ഞാറ് കബനി പുഴയും, കിഴക്ക് കന്നാരം പുഴയുമാണ് അതിർത്തികൾ നിർണ്ണയിക്കുനത്. വനമേഖലയും പുഴകളും ഈ പഞ്ചായത്തിനെ മറ്റ് പ്രദേശങ്ങളിൽ നിന്നും കൃത്യമായി വേർതിരിക്കുന്നു. പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലേക്ക് തള്ളി നിൽക്കുന്ന വനങ്ങൾ ഇവിടുത്തെ ഭൂപ്രകൃതിയെ കാര്യമായി സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്. നിമ്നോന്നത പ്രദേശങ്ങളാണ് ഈ മേഖലയിലുള്ളത്. സമതലങ്ങൾ വളരെ കുറഞ്ഞ വിസ്തൃതിയുള്ളവയാണ്. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ഈ

മേഖലയെ കുന്നുകൾ, ചരിവുകൾ, സമതലം എന്നിങ്ങനെ മൂന്നായി തിരിക്കാം.

| ഭൂമേഖല | ഏകദേശ വിസ്തൃതി | കാർഷിക വിളകൾ |
|---|---|---|
| കുന്നുകൾ | 12.ച.കി.മീ. | കുരുമുളക്, റബ്ബർ, തെങ്ങ് |
| ചരിവുകൾ | 31ച.കി.മീ. | കുരുമുളക്, കാപ്പി, റബ്ബർ,തെങ്ങ്, ഇടവിളകൾ |
| സമതലം | 14.78 ച.കി.മി | നെല്ല്, വാഴ, തെങ്ങ്, കവുങ്ങ് |

## കുന്നിൻ പ്രദേശങ്ങൾ

പഞ്ചായത്തിൽ വലിയ കുന്നുകളൊന്നും തന്നെയില്ല. താരതമ്യേനെ ഉയരമ കുറഞ്ഞ കുന്നുകളാണ് ഈ മേഖലയിലുള്ളത്. കുന്നിൻ പ്രദേശങ്ങളിൽ റബ്ബർ, കുരുമുളക്, തെങ്ങ് എന്നിവ കൃഷി ചെയ്തു വരുന്നു. മണ്ണൊലിപ്പ് ജലദൗർലഭ്യം എന്നിവ ഈ പ്രദേശങ്ങളിലെ പ്രശ്നങ്ങളാണ്. കുരുമുളക് കൃഷിയുടെ നാശം ഈ പ്രദേശങ്ങളുടെ സസ്യാവരണത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. കുന്നുകളിലെ മണ്ണിൽ ജൈവാംശം കുറഞ്ഞു വരുന്നതായി കാണപ്പെടുന്നു

.

**ചരിവുകൾ:** പുൽപ്പള്ളി പഞ്ചായത്തിലെ ഭൂപ്രകൃതിയിൽ കൂടുതൽ ഭാഗം ചരിവുകളാണ്. ജനസാന്ദ്രത കൂടിയ ഈ മേഖലയിൽ കുരുമുളക്, കാപ്പി , തെങ്ങ്, ഇടവിളകളായ ഇഞ്ചി, ചേന, കപ്പ മുതലായവയും കൃഷി ചെയ്യുന്നു. താരതമ്യേന ഫലഭൂയിഷ്ഠമായ കറുത്ത മണ്ണാണ് ഈ മേഖലയിലുള്ളത്.മണൽ കലർന്ന കറുത്ത മണ്ണും ഈ മേഖലയിൽ കാണപ്പെടുന്നു. മണ്ണൊലിപ്പ് മറ്റ് പരിസ്ഥിതി പ്രശ്നങ്ങളും ഈ മേഖലയിലുണ്ട്.

## സമതലങ്ങൾ

പുൽപ്പള്ളി മേഖലയിൽ കുറഞ്ഞ സസ്ഥലം മാത്രമേ സമതലത്തിൽ ഉൾപ്പെടുന്നുള്ളു. ഈ മേഖലയിൽ പ്രധാനമായും നെല്ല്, തെങ്ങ്, കവുങ്ങ് എന്നിവ കൃഷി ചെയ്തു വരുന്നു. സ്വാഭാവിക നീരുറവകളും നീരൊഴുക്കുകളും ഉണ്ടായിരുന്ന ഈ മേഖലയിൽ പ്രസ്തുത സ്രോതസ്സുകൾ മേഖലയുടെ നല്ലൊരു പങ്കും വന മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നു. അമിതമായ രാസവളപ്രയോഗം ജൈവാംശം കൂടുതലുണ്ടായിരുന്ന മണ്ണിൻെറ ഘടനയ്ക്ക് തന്നെ മാറ്റം വരുത്തിയിട്ടുണ്ട്.

ഈ മൂന്നു മേഖലകളിലും വൻ വൃക്ഷങ്ങൾ നിരവധി ഉണ്ടായിരുന്നുവെങ്കിലും കുടിയേറ്റത്തെ തുടർന്ന് വെട്ടിമാറ്റപ്പെട്ടു. ഇപ്പോൾ കാർഷിക വിളകൾക്ക് സഹായകരമായി വർത്തിക്കുന്ന വൃക്ഷങ്ങൾ മാത്രമെ ഈ പ്രദേശങ്ങളിലുള്ളു. കേരളത്തിൽ ഇന്നവശേഷിക്കുന്ന ചുരുക്കം ചില നിത്യ ഹരിത വനങ്ങളിലൊന്നാണ് ഈ പഞ്ചായത്തിലെ കുറുവാ ദ്വീപിൽ കാണപ്പെടുന്നത്. കേരളത്തിലെ ഏറ്റവും കൂടുതൽ പ്രകൃതിദത്ത ഔഷധ സസ്യങ്ങൾ ഉൾക്കൊള്ളുന്ന മനോഹരമായ ദ്വീപ് സമൂഹമാണ് കുറുവാദ്വീപ്.

## ജലപ്രകൃതി

പുൽപ്പള്ളി മേഖലയുടെ ജലസമ്പത്ത് വളരെ തുച്ഛമാണ്. അതിർത്തികളിലൂടെ ഒഴുകുന്ന കന്നാരം

പുഴയും കബനി നദിയും ജലദൗർലഭ്യത്തിന് ഒട്ടു വളരെ ആശ്വാസമാണ്. പഞ്ചായത്തിനുള്ളിലൂടെ കടമാൻ തോട്, മുന്തള്ളി തോട്, മുണ്ടൻ തോട് (ചെണ്ണ കൊല്ലി തോട്) പാക്കംതോട് മറ്റു വന മേഖലയിൽ നിന്നും ഒഴുകി വരുന്ന ചെറിയ നീർച്ചാലുകൾ എന്നിവയാണ് ഈ മേഖലയിലെ ജലപ്രകൃതിയിലുള്ളത്. ഇവയിൽ മിക്കവാറും വേനൽക്കാലങ്ങളിൽ വറ്റി പോകുന്നുവയാണ്. മറ്റ് ജലസ്രോതസ്സുകളൊന്നും ഈ മേഖലയിൽ ഇല്ല. ഒഴുകി പോകുന്ന ജലം തടഞ്ഞു നിർത്തി ശേഖരിച്ചും പുഴയിൽ നിന്നുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രോത്സാഹിപ്പിച്ചും, സ്വാഭാവിക ജലസ്രോതസ്സുകൾ വിപുലീകരിച്ച് സംരക്ഷിച്ചും ജലപ്രകൃതി സംപുഷ്ടമാക്കാം.

## ജനപ്രകൃതി

ഈ മേഖലയിൽ വിവിധ ജാതിയിലും മതത്തിലും പെട്ട ജനങ്ങൾ ഇടകലർന്ന് ജീവിക്കുന്നു. പുൽപ്പള്ളി പഞ്ചായത്തിൽ 30,035 ജനങ്ങളാണുള്ളത്. 15,912 പുരുഷന്മാരും, 14,123 സ്ത്രീകളുമാണ് ഇവിടെയുള്ളത്. കേരളത്തിൽ സ്ത്രീ പുരുഷ അനുപാതത്തിൽ സ്ത്രീകൾ മുൻപിലാണെങ്കിലും ഈ പഞ്ചായത്തിൽ പുരുഷന്മാരാണ് കൂടുതലുള്ളത്. എന്നാൽ ആദിവാസി വിഭാഗങ്ങളുടെ സ്ത്രീപുരുഷാനുപാതത്തിൽ സ്ത്രീകളാണ് കൂടുതലുള്ളത്. ഈ മേഖലയിൽ 5794 ആദിവാസി വിഭാഗങ്ങളിൽ പെട്ട ജനങ്ങൾ താമസിക്കുന്നു. ഇവർ ജീവിത നിലവാരത്തിലും സാക്ഷരതാ നിലവാരത്തിലും വളരെ പിന്നിലാണുള്ളത്. എങ്കിലും കൂട്ടായ ചില ശ്രമങ്ങൾ അവരെ സാക്ഷരരാക്കുന്നതിൽ ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്. ഇവിടുത്തെ ജനന മരണ നിരക്കുകൾ 5 വർഷത്തോളമായി സ്ഥിരമായി തന്നെ നിൽക്കുന്നു.

*പട്ടിക 1*

| | | |
|---|---|---|
| പുരുഷന്മാർ | : | 15,912 |
| സ്ത്രീകൾ | : | 14,123 |
| ആകെ | : | 30,035 |
| ജനസാന്ദ്രത | : | 386 |
| അക്ഷരാഭ്യാസമുള്ളവർ | : | 26,731 |
| അക്ഷരാഭ്യാസമില്ലാത്തവർ | : | 3,304 |

പട്ടിക 2

പുൽപ്പള്ളി പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ സ്ഥിതി വിവരകണക്ക്

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| പട്ടികജാതി | 206 | 205 | 411 |
| പട്ടിക വർഗ്ഗം | 2,767 | 3,027 | 5,794 |
| | | ആകെ. | 6,205 |

ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിപക്ഷവും മലയാള ഭാഷ സംസാരിക്കുന്നവരാണ്. എന്നാൽ ആദിവാസി സമൂഹങ്ങളിലെ വിഭാഗങ്ങൾ ലിപിയില്ലാത്ത കന്നടഭാഷയും മറ്റ് ആദിദ്രാവിഡ ഭാഷകളുടെ ഉപഭാഷകളും സംസാരിക്കുന്നു. വേഷവിധാനങ്ങളിലും സംസ്ക്കാരത്തിലുമെല്ലാം വൈവിധ്യങ്ങളുണ്ടെങ്കിലും ഈ പ്രദേശത്തെ ജനങ്ങൾ സഹിഷ്ണുതയോടും മതസൗഹാർദത്തോടും സഹവർത്തിത്ത്വത്തിൽ കഴിഞ്ഞു പോരുന്നു.

# 5. സാമൂഹിക സാമ്പത്തിക മേഖലകൾ

## 1. കൃഷിയും ജലസേചനവും

### കൃഷി

പുൽപ്പള്ളി പഞ്ചായത്തിന്റെ വിസ്തീർണ്ണം 77. 7 ച.കി.മീറ്ററാണ്. 3 ഭാഗവും വനത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിന്റെ ഒരു വശം ജലസമൃദ്ധമായ കബനീ നദി ഒഴുകുന്നു 10ശതമാനത്തോളം വനവും ബാക്കി കൃഷി ഭൂമിയുമാണ്.

വയനാട്ടിലെ ആദിവാസികളും ഏകദേശം 400 വർഷങ്ങൾക്കു മുമ്പ് കുടിയേറിയ ചെട്ടി സമുദായത്തിൽ പെട്ടവരും അണ് കൃഷിയുടെ ആരംഭം കുറിച്ചത് എന്ന് കണക്കാക്കപ്പെടുന്നു. നെല്ല്, ചാമ,തിന,മുത്താറി,വരക്,പച്ചക്കറി ഇനങ്ങൾ തുടങ്ങിയവ കൃഷി ചെയ്തു പോന്നിരുന്നു. ഇക്കാലത്ത് ജനങ്ങൾ കർണ്ണാടക സംസ്ഥാനവുമായിട്ടാണ് കാർഷികോൽപ്പന്നങ്ങളുടെ കൊള്ള കൊടുക്കലുകൾ നടത്തി പോന്നതും.

വയനാട്ടിലെ മറ്റു പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമായ കാലാവസ്ഥയാണ് പുൽപ്പള്ളിയിൽ. അതിർത്തി സംസ്ഥാനമായ കർണ്ണാടകയുടേയും വയനാടിന്റേയും കാലാവസ്ഥ കൂടികലർന്നതാണെന്നു പറയാം. ഏകദേശം രണ്ട് ദശാബ്ദകാലമായി കർണ്ണാടകയുടെ കാലാവസ്ഥ ഇങ്ങോട്ട് അതിക്രമിച്ച് കടക്കുന്നു. തന്മൂലം നമ്മുടെ കാർഷിക മേഖലയിൽ ദൂര വ്യാപകമായ കുഴപ്പങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു.

ഇന്നത്തെ നിലയിൽ നാണ്യ വിളകളും പാടങ്ങൾ തട്ടുതട്ടുകളാക്കി കൃഷി ചെയ്യുന്ന രീതിയും അര നൂറ്റാണ്ടിനിപ്പുറുത്ത് കുടിയേറ്റ കർഷകരുടെ വരവോടെയാണ് ആരംഭിച്ചത്. പതുക്കെ പതുക്കെയാണെങ്കിലും കൃഷി അഭിവൃദ്ധിയിൽ നിന്ന് അഭിവൃത്തിയിലേയ്ക്ക് വളർന്നു. കുരുമുളക് കൃഷി വളരെ പുരോഗമിച്ചു എന്ന് പറഞ്ഞാൽ പോരാ ഉൽപ്പാദന വർദ്ധനവ് കേരളത്തിന്റെ തന്നെ ശ്രദ്ധ ഇങ്ങോട്ട് തിരിയാൻ കാരണമായി. കൊച്ചിയിൽ നിന്നും മറ്റു കച്ചവടക്കാർ വന്ന് ഇവിടെ കുരുമുളക് എടുക്കുന്നതിന് സ്ഥാപനങ്ങൾ ആരംഭിച്ചു. തീർത്തും കുരുമുളകു കൃഷിയെ ആശ്രയിച്ചാണ് പുൽപ്പള്ളി നിവാസികൾ ജീവിതം കരുപിടിപ്പിച്ചത്.

താഴെ പറയുന്നതനുസരിച്ച് ആകെ ഭൂമി വിതരണം ചെയ്യപ്പെട്ടു കിടക്കുന്നു.

| | |
|---|---|
| 1 2 ഹെക്ടർ വരെ ഭൂമിയുള്ളവർ | 1,732 |
| 1 2 മുതൽ 1 ഹെക്ടർ വരെ ഭൂമിയുള്ളവർ | 1,408 |
| 1 മുതൽ 2 ഹെക്ടർ വരെ ഭൂമിയുള്ളവർ | 883 |
| 2 മുതൽ 3 ഹെക്ടർ വരെ ഭൂമിയുള്ളവർ | 945 |
| 3 ഹെക്ടറിന് മുകളിൽ | 897 |

കൃഷി ഭൂമിയുണ്ട് അളവ് കണക്കാക്കാതെ തന്നെ എല്ലാവരും സാദ്ധ്യമായ എല്ലാ കൃഷികളും ചെയ്തു പോന്നിരുന്നു.

കുരുമുളക്

പ്രധാനപ്പെട്ട നാണ്യ വിളയും മുഖ്യകൃഷിയും കുരുമുളകാണ്. എന്നാൽ കുരുമുളക് ചെടി നാശത്തെ നേരിടുന്നു. അറുപത് ശതമാനം കൃഷിയും നശിച്ചുകഴിഞ്ഞു. ശേഷിച്ചവ ഭീഷണിയെ നേരിടുന്നു. എങ്കിലും ഈ വർഷം കീട ബാധ കുറയുന്നതായി കൃഷിക്കാർ പറയുന്നു. ഗ്രാമ സഭകളിലും ഈ അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. ലാഭകരവും വിദേശ നാണയം നേടിത്തരുന്നതുമായ ഈ കൃഷി പുനരുദ്ധരിക്കുന്നതിന് സത്വരനടപടികൾ കൈകൊള്ളേണ്ടതുണ്ട്. ലിറ്റിൽ ലീഫ്, ദ്രുത വാട്ടം തുടങ്ങിയ രോഗങ്ങളാണ് ചെടിയെ ബാധിക്കുന്നത്.

1. രോഗ പ്രതിരോധം : അത്യുൽപ്പാദന ശേഷിയുള്ള കുരുമുളകു വള്ളികൾ യഥേഷ്ടം ലഭിക്കുന്നതിന് പഞ്ചായത്തിൽ കൃഷി ഭവൻെറ നേതൃത്വത്തിൽ നേഴ്സറികൾ ആരംഭിക്കുക. സ്വകാര്യ വ്യക്തികളേയും പ്രോൽസാഹിപ്പിക്കേണ്ടതാണ്.

2. വിള ഇൻഷുറൻസ് പദ്ധതിയിൽ രോഗ ബാധയും ഉൾപ്പെടുത്തണം.

3. വിള നാശത്തിന് അർഹമായ തോതിൽ നഷ്ട പരിഹാരവും പുനരുദ്ധാരണത്തിന് മതിയായ തോതിൽ സാമ്പത്തിക സഹായവും നൽകണം.

4. കുരുമുളകു സംരക്ഷണ സമിതികളുടെ പ്രവർത്തനം യഥാർത്ഥ കൃഷിക്കാർക്ക് ഗുണം ലഭിക്കത്തക്കവിധം സുതാര്യവും ജനാധിപത്യപരവും ആക്കണം.

5. കുരുമുളകു ചെടികളെ ബാധിക്കുന്ന രോഗങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തണം. കൃഷി ഭവൻെറ നിരന്തര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

കാപ്പി: നാണ്യ വിളകളിൽ രണ്ടാം സ്ഥാനം വ്യാപകമായിക്കൊണ്ടിരിക്കുന്ന കാപ്പി കൃഷിക്കാണ്. 500 ഹെക്ടർ സ്ഥലത്ത് ഈ കൃഷിയുണ്ട് എന്ന് കണക്കാക്കുന്നു. ഒരിക്കൽ കൃഷിയും വിപണനവും നിയമത്തിൻെറ നൂലാമാലകളിൽ കുരുങ്ങികിടന്നിരുന്നത് കർഷകന് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ഇന്ന് നിയമങ്ങളിൽ അയവുണ്ടായി. സാമാന്യം നല്ല വിലയും ലഭിക്കുന്നുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കപ്പെടണം.

1. അത്യുൽപാദനശേഷിയുള്ള റോബസ്റ്റ വിത്തിനങ്ങൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക. സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

2. കാപ്പി വെള്ളമടിച്ച് പൂപ്പിക്കുന്നത് പ്രധാനമാണ്. 50% സബ് സിഡിയോട് കൂടി ഗ്രൂപ്പ് ഇറിഗേഷനും കമ്മ്യൂണിറ്റി ഇറിഗേഷനും ആരംഭിക്കുന്നതിന് കൃഷിഭവൻ മുഖേന പരിപാടികൾ ആവിഷ്ക്കരിക്കണം.

തെങ്ങ്.

ആദികാലത്ത് തെങ്ങ് കൃഷി ഗുണകരമായിരുന്നില്ല. കാലാവസ്ഥയിൽ വന്ന മാറ്റം തെങ്ങു കൃഷി വ്യാപകമാക്കി. ഏകദേശം 455 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയുണ്ട് എന്ന് കണക്കുകൾ പറയുന്നു. പൊതുവെ മെച്ചപ്പെട്ട ഫലം തരുന്ന തെങ്ങുകളാണ്. ജലസേചന സൗകര്യമുള്ള തെങ്ങുകൾ വലിയ ഉൽപ്പാദനക്ഷമത പ്രകടിപ്പിക്കുന്നു. എങ്കിലും കേര വികസന പദ്ധതി വയനാടിനെ ഉൾപ്പെടുത്തിയിട്ടില്ലായെന്നത് ഖേദകരമാണ്. ഈ പ്രദേശത്തിന് അനുയോജ്യമായ തെങ്ങിൻതൈ

വിതരണം ചെയ്യുന്നതിന് കൃഷി ഭവൻെറ സഹായത്തോടെ ഒരു നേഴ്സറി ആരംഭിക്കുക. സ്വകാര്യ നേഴ്സറിയേയും പരിഗണിക്കേണ്ടതാണ്. ഡ്രിപ്പ് ഇറിഗേഷൻ ഈ രംഗത്ത് വളരെ പ്രായോഗികമാണ്. കമ്മ്യൂണിറ്റി ഇറിഗേഷൻ ഗ്രൂപ്പ് ഇറിഗേഷൻ എന്നിവയും പരിഗണിക്കണം. രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങൊന്നിന് 1000 കൃഷികാരന് സഹായം നൽകുക. ആവർത്തന കൃഷിക്ക് സൗജന്യമായി തെങ്ങിൻ തൈകളും വളവും കൊടുക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക. തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡിയോടെ വിതരണം ചെയ്യുക.

കമുക്. കമുക് കൃഷി വ്യാപകമായി കഴിഞ്ഞു. രോഗ പ്രതിരോധ പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. കീടനാശിനികൾ ലഭിക്കാൻ സൗകര്യം വേണം. മദ്ധ്യ വർത്തികളുടെ ചൂഷണം അവസാനിപ്പിക്കാൻ സാധിക്കണം

റബ്ബർ . റബ്ബർ കൃഷി വളരെ വ്യാപകമാകുന്നുണ്ട്. നല്ലയിനം തൈകൾ കിട്ടാൻ വലിയ ചെലവു വേണ്ടി വരുന്നു. ഇത് സാധാരണ കൃഷിക്കാർക്ക് പ്രയാസകരമാണ്. റബ്ബർ ബോർഡിൻെറ പ്രവർത്തനം ലഭിക്കുന്നില്ല എന്നപ്രശ്നം ഉണ്ട്.

താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. നല്ലയിനം റബ്ബർ തൈകൾ സബ്സിഡിയോടുകൂടി കൃഷിക്കാർക്ക് വിതരണം ചെയ്യുക.
2. റബ്ബർ ബോർഡിൻെറ റീജീയണൽ ഓഫീസ് വയനാട്ടിലും ശാഖ പുൽപ്പള്ളിയിലും ആരംഭിക്കുക.
3. റബ്ബർ ടാപ്പിംഗ് ട്രെയിനിംഗ് സെൻറർ പഞ്ചായത്തിൽ ആരംഭിക്കുക.
4. റബ്ബർ റോളർ വിതരണം ചെയ്യുക.

### നെൽക്കൃഷി

നമ്മുടെ പഞ്ചായത്തിൽ 759 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. അതിൽ 200 ഹെക്ടർ മാത്രമാണ് ഇരുപൂവൽ വയലുകൾ. പാക്കം, കുറിച്ചുപറ്റ, കോളറാട്ടുകുന്ന്, എരിയപള്ളി, ചുണ്ടുകൊല്ലി, കാപ്പിസെറ്റ്, ചേകാടി, ആനപ്പാറ എന്നിങ്ങനെ എട്ട് പാടശേഖര സമിതികളും പ്രവർത്തിക്കുന്നു. കറുത്തൻ, തൊണ്ടി, തവളക്കണ്ണൻ, രാജമേനി, ചെന്നെല്ല്, വെളിയൻ തുടങ്ങിയ പഴയ വിത്തിനങ്ങൾ കാണാനില്ല. ജീരകശാല, ഗന്ധകശാല എന്നീ പ്രസിദ്ധങ്ങളായ നെല്ലിനങ്ങളും ഇവിടെയുണ്ട്. നെൽകൃഷി ആദായകരമാണെങ്കിലും മറ്റ് കൃഷിയുമായി താരതമ്യം ചെയ്യുമ്പോൾ അതിന് അനുസൃതമായ ലാഭം കിട്ടുന്നില്ല. അരി മുഖ്യാഹാരമായ നമുക്ക് നെൽകൃഷി പ്രോത്സാഹിപ്പിക്കാതെ നിർവാഹമില്ല.

താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

1. ഓരോ പാടശേഖര സമിതിക്കും ആവശ്യത്തിനനുസരിച്ച് പവർ ടില്ലർ ലഭ്യമാക്കണം.
2. ചില വയലുകളിൽ ഉഴവുമാടുകൾ വേണ്ടി വരുന്നു. അതിനാൽ ഉരു വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക.
3. കൊയ്ത്ത് മെതിക്ക് ആളെ കിട്ടാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കൊയ്ത്ത് മെതി യന്ത്രങ്ങൾ സഹായ വിലക്ക് ലഭ്യമാക്കണം.
4. വളവും കീടനാശിനികളും ആവശ്യ സമയത്ത് സബ്സിഡിയോടുകൂടി വിതരണം ചെയ്യണം. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ (പ്രജനന ശേഷിയുള്ള) വിതരണം ചെയ്യണം. ഇവക്ക് സബ്സിഡി അനുവദിക്കണം.

ഇഞ്ചി: ഇടവിള എന്ന നിലയിൽ വ്യാപകമായ കൃഷിയാണിത്. ഏതാണ്ട് 1000 ലോഡിലധികം ഇഞ്ചി പുൽപ്പള്ളിയിൽ നിന്നും പുറത്തേക്ക് പോകുന്നു. വ്യാപകമായ കീടബാധ കൃഷിക്കാരെ നഷ്ടത്തിലാക്കുന്നു. കൃഷിക്കാരന് ഒരു ഇടക്കാല ആശ്വാസമായ ഈ കൃഷി സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കണം.

1. രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ.

2. കൃഷി നാശം വരുന്നവർക്ക് നഷ്ടപരിഹാരം നൽകുക.

3. ക്രമ നികുതി എടുത്തുകളയുക.

മഞ്ഞൾ:അത്യാവശ്യത്തിന് എന്നതാണ് സ്ഥിതി. ഒരു ഔഷധ വിള കൂടിയാണിത്. അതു മനസ്സിലാക്കി ഈ കൃഷി വ്യാപകമാക്കണം. സബ്സിഡി നൽകിയും വിപണന സൗകര്യം ഏർപ്പെടുത്തിയും പ്രോത്സാഹിപ്പിക്കണം.

വാഴകൃഷി:

ആവശ്യത്തിന് വാഴ കൃഷി ഇല്ല. പഴങ്ങൾ ഇറക്കുമതി ചെയ്യേണ്ടി വരുന്നു. ഏത്തവാഴയും പൂവൻ വാഴയും മാത്രമാണ് വ്യവസായ അടിസ്ഥാനത്തിൽ കൃഷി ചെയ്ത് വരുന്നത്. ഇതിന് മാറ്റം വരണം. ഞാലിപൂവൻ, പാളയംകോടൻ തുടങ്ങിയ വാഴപ്പഴങ്ങളും മാർക്കറ്റിൽ പ്രിയങ്കരങ്ങളാണ്. അത്കൊണ്ട് എല്ലാ തരം വാഴ കൃഷികളും പ്രോത്സാഹിപ്പിക്കണം. കിൻറൽ വാഴ തുടങ്ങിയവയുടെ വിത്തിനങ്ങൾ ഇന്ന് ലഭ്യമല്ല. ഏത്തവാഴ കന്നുകൾ ആവശ്യത്തിന് ലഭിക്കുന്നില്ല. വിപണന സാധ്യത വലിയ ചൂഷണത്തിന് വിധേയമാണ്. താഴെ പറയുന്ന കാര്യങ്ങൾ ഈ കൃഷിക്ക് ആവശ്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. നല്ലയിനം വിത്തിനങ്ങൾ സബ്സിഡിയോടു കൂടി വിതരണംചെയ്യുക.

2. പ്രകൃതി ക്ഷോഭം കീടബാധ ഇവ കൊണ്ട് വാഴ നശിച്ചാൽ എല്ലാത്തരം വാഴകൾക്കും നഷ്ടപരിഹാരം നൽകുക.

3. പഴം പച്ചക്കറി സൊസൈറ്റികളിലൂടെ ആദായ വിലക്ക് വാഴക്കുല വിൽക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക.

പച്ചക്കറി കൃഷി:

ധാരാളം പച്ചക്കറികൾ കൃഷി ചെയ്യാൻ സാധ്യതയുള്ള നാം പച്ചക്കറികൾ വിലക്ക് വാങ്ങുന്ന സ്ഥിതി ഒഴിവാക്കാൻ കഴിയണം. പാവൽ, പടവലം, ഉള്ളി, മല്ലി,കടുക്, മുളക്, തുടങ്ങി എല്ലാ ഇനങ്ങളും സമൃദ്ധമായി വളരുന്ന പുൽപ്പള്ളിയിലേക്ക് ആഴ്ചയിൽ അഞ്ച് ലോഡ് പച്ചക്കറി ഇറക്കുന്നത് അപമാനകരം തന്നെ. നമ്മുടെ ആവശ്യത്തിന് പച്ചക്കറി കൃഷി ചെയ്യാൻ കഴിഞ്ഞേ തീരു. താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാൻ മുൻകൈ എടുക്കണം.

1. ധാരാളം വെള്ളം ലഭിക്കാൻ സാധ്യതയുള്ള പാക്കം കന്നാരം പുഴയുടെ തീരം എന്നിവിടങ്ങളിൽ 100 ഏക്കർ വീതമുള്ള ഓരോ പച്ചക്കറി ഗ്രാമം ആരംഭിക്കുക.

2. ലിഫ്റ്റ് ഇറിഗേഷൻ സബ്സിഡി അനുവദിക്കുക.

3. പഴം പച്ചക്കറി സൊസൈറ്റികൾ മുഖേന ആദായകരമായ വിലക്ക് പച്ചക്കറികൾ വിൽക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക.

ചേന, ചേമ്പ്, കാച്ചിൽ. കോവൽ എന്നിവയും പച്ചക്കറികളുടെ പട്ടികയിൽ പെടുത്താവുന്നതാണ്.

**കൂൺ കൃഷി**

ലാഭകരമായ കൂൺകൃഷിയും പച്ചക്കറി വിഭാഗത്തിൽ പെടുന്നു. അജ്ഞത കൃഷി വികസനത്തിന് തടസ്സമായി നിൽക്കുന്നു. ബോധവൽക്കരണ പരിപാടികൾ അവശ്യാ വേണ്ടി വരുന്നു. വിത്തും സഹായസഹകരണങ്ങളും കിട്ടിയാൽ കൂൺ കൃഷി ആദായകരമാക്കാം. വിപണന സാധ്യതകളും ഉണ്ടാകേണ്ടതുണ്ട്.

**ഔഷധ സസ്യകൃഷി:**

അമൂല്യങ്ങളായ ഔഷധങ്ങൾ ഉണ്ടായിരുന്ന മണ്ണാണ് നമ്മുടേത്. പലതും നശിക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട്. അറിവില്ലായ്മയും കാരണമായിട്ടുണ്ട്. ഔഷധ ചെടികൾ മാത്രം കൃഷി ചെയ്യുന്ന തോട്ടങ്ങൾ അഭികാമ്യമാണെങ്കിലും പ്രായോഗികമാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എങ്കിലും ഇട വിളയായി ഔഷധ ചെടികൾ വളർത്താം. പ്രോത്സാഹനാർത്ഥം ബോധവൽക്കരണവും ഔഷധ സസ്യങ്ങളുടെ വിപണന സാധ്യതകളും ഉണ്ടാക്കേണ്ടതുണ്ട്.

**പുഷ്പ കൃഷി:** പൂജ, അലങ്കാരം, വിവാഹം, ബൊക്കെ, മുടിയിൽ ചൂടാൻ,റീത്ത്, മരണാനന്തര ക്രിയകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് പൂക്കൾ ആവശ്യമാണ്. പൂകൃഷിയ്ക്ക് വൻപിച്ച സാധ്യതകളുണ്ടെങ്കിലും ആവശത്തിന് ഇറക്കുമതി വേണ്ടി വരുന്നു. ഈ സ്ഥിതിക്ക് മാറ്റം വരുത്തണം. ഓർക്കിഡ്, ആന്തൂറിയം തുടങ്ങി കയറ്റുമതി സാധ്യത ഉള്ള പൂക്കൾ ഉൾപ്പെടെ പുഷ്പ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വീട്ടമ്മമാർക്ക് കുറ്റിമുല്ലയും മറ്റ് പൂക്കളും കൃഷി ചെയ്യുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം.

**പുൽ കൃഷി:**

തെങ്ങിൻ തോപ്പിലും മറ്റ് കൃഷിയിടങ്ങളിലും ഇടവിളയായി ചെയ്യാൻ സൗകര്യമുണ്ട്. തനി വിളയായി കൃഷി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കണം. മൺകയ്യാലകളിലും, കയ്യാലകളിലും പുല്ല് വച്ച്പിടിപ്പിക്കുന്നത് മണ്ണൊലിപ്പ് തടയുന്നതിലും മൃഗ പരിപാലനത്തിനും അത്യന്താപേക്ഷിതമാണ്. പുൽ വിത്തും സഹായധനവും പ്രോത്സാഹനമായി ലഭിക്കേണ്ടതാണ്.

**തേനീച്ച:** കൃഷിയ്ക്കുള്ള സാധ്യതകളും ഉണ്ട്. ലാഭകരവും വിപണന സാധ്യതകളും ഉണ്ട്. ഖാദി ഗ്രാമ വികസന വകുപ്പിൻെറ സഹായത്തോടെ ഈ കൃഷി ആരംഭിക്കുവാൻപരിപാടി ആരംഭിക്കണം.

**സുഗന്ധവിളകൾ:** സർവ്വ സുഗന്ധി, ജാതി, ഗ്രാമ്പു തുടങ്ങിയ സുഗന്ധ വിളകളുടെ കൃഷിയും പ്രോത്സാഹിപ്പിക്കണം. കൃഷി ഭവൻ മുഖേന നടീൽ വസ്തുക്കൾ വിതരണം ചെയ്യുവാൻ ഏർപ്പാടുണ്ടാകണം.

**ജൈവവളം**

പൊതുവെ ഫലഭൂയിഷ്ഠമായ മണ്ണാണ് പുൽപ്പള്ളി. എന്നാൽ അമിതമായ രാസവള പ്രയോഗം മണ്ണിലെ ജൈവാംശം കുറയ്ക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. ആവശ്യത്തിന് ജൈവവളം ലഭിക്കാത്തതു മൂലം കർഷകർ രാസവളത്തെ കൂടുതലായി ആശ്രയിക്കുന്നു. ജൈവവളങ്ങൾ കൂടുതലായി ഉണ്ടാക്കുന്നത് ഓരോ കർഷകനേയും പ്രോത്സാഹിപ്പിക്കുകയാണ് ഇതിനുള്ള ഏക പോംവഴി. താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പുരയിടത്തിൻെറ അതിരുകളിൽ ശീമക്കൊന്ന വച്ച് പിടിപ്പിക്കുക. ധാരാളം പച്ചില ലഭിക്കുന്ന വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക.

2. കാലി വളർത്തുന്ന ഓരോ വീട്ടിലും ഓരോ കമ്പോസ്റ്റു കുഴികൾ ഉണ്ടാക്കുക. ഇതിന് പ്രോത്സാഹന സഹായങ്ങൾ കൊടുക്കുക.

3. അമിതമായ കീടനാശിനി പ്രയോഗം മണ്ണിരകളെ നശിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ മണ്ണിര കമ്പോസ്റ്റുകൾ പരീക്ഷിച്ചു നോക്കാവുന്നതാണ്.

### മരം നട്ടു വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി മരം മുറി നടന്നുകൊണ്ടിരിക്കുന്നു. ചെറു മരങ്ങൾ വരെമുറിച്ചു നീക്കുന്നു. ഇങ്ങനെ പോയാൽ ഭാവിയിൽ മരങ്ങൾക്ക് വലിയ ക്ഷാമം നേരിടാൻ സാധ്യതയുണ്ട്. മരങ്ങൾ വച്ച് പിടിപ്പിക്കുന്നതുനുള്ള ഒരു പരിപാടി തന്നെ നമുക്ക് ആരംഭിക്കേണ്ടിയിരിക്കുന്നു. യാതൊരു തത്വ ദീക്ഷയുമില്ലാതെ മരങ്ങൾ മുറിച്ചു നീക്കുന്നത് വമ്പിച്ച പരിസ്ഥിതി പ്രശ്നം ഉളവാക്കാനുള്ള സാധ്യതയുമുണ്ട്. അതുകൊണ്ട് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കലും പരിപാലിക്കലും ഒരു ദീർഘകാല കൃഷി എന്ന നിലയിൽ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞേ തീരു.

ആവശ്യത്തിന് വൃക്ഷതൈകൾ വിതരണം ചെയ്യണം. പ്ലാവ്, മാവ്, തേക്ക്, വീട്ടി തുടങ്ങിയ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കേണ്ട ആവശ്യകത മനസ്സിലാക്കിക്കുന്നതിന് വാർഡുകൾ തോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഏതിനത്തിൽ പെട്ട മരങ്ങൾ വച്ചു പിടിപ്പിക്കാനും വയ്ക്കാനും ഉള്ള അവകാശം കൃഷിക്കാർക്ക് ഉണ്ടാകണം.

### നീർമറി (Water Shed)

ശശിമല വാട്ടർ ഷെഡ് പദ്ധതിയുടെ പകുതിയിൽ ഏറെ പ്രദേശം പുൽപ്പള്ളി പഞ്ചായത്തിലാണ്. ഭൂമിയിൽ പതിക്കുന്ന ജലം മുരുത്തി തോടിലേക്ക് ഒഴുകുന്ന പ്രദേശങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നു. ഭൂമിയുടെ ജലസംഭരണത്തെ ശേഷി ഉയർത്തുകയാണ് ലക്ഷ്യം. മേൽ ഭാഗത്തായി അരമീറ്റർ ടഞ്ചോടുകൂടിയ കൊത്തുകൾ നിർമ്മിക്കുക, കയ്യാല പണിയുക, കുളങ്ങൾ നിർമ്മിക്കുക, പുൽകൃഷിയെ സഹായിക്കുക, കറവമാടുകളെ വാങ്ങാൻ സഹായിക്കുക, തൊഴുത്തു നിർമ്മിക്കുവാൻ സഹായിക്കുക, ജലസേചനത്തിന് പമ്പ് സെറ്റുകൾ വിതരണം ചെയ്യുക തുടങ്ങിയവയാണ് ലക്ഷ്യം.

നമ്മുടെ പരിസ്ഥിതി പ്രശ്നം വിലയിരുത്തുമ്പോൾ ഈ പദ്ധതിക്ക് വമ്പിച്ച പ്രാധാന്യമുണ്ട്. നമ്മുടെ ജലവിതാനം വർഷം തോറും മൂന്നു മീറ്റർ താഴോടു പേകുന്നുവെന്ന് പരിസ്ഥിതി പഠനം വ്യക്തമാക്കുന്നു. ഈ പരിസ്ഥിതിയിൽ പഞ്ചായത്തിന് ആകെ 2 വാട്ടർ ഷെഡ് ആവശ്യമാണ്. ഉള്ള പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. പദ്ധതിയുടെ പ്രവർത്തനത്തിന് ഇപ്പോൾ ഒരു കമ്മിറ്റി നിലവിലുണ്ട്. എന്നാൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ നടത്തിപ്പന് ഇടനിലക്കാരെ ഏർപ്പെടുത്തുന്നത് പലവിധ ആക്ഷേപങ്ങൾക്കും ഇട വന്നിട്ടുണ്ട്. താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതി പ്രവർത്തനം കൃഷിക്കാർക്ക് പ്രയോജനകരമാക്കുക.

1. പദ്ധതി പ്രവർത്തനത്തിന് പുൽപ്പള്ളി, മുള്ളൻ കൊല്ലി പഞ്ചായത്ത് പ്രസിഡണ്ടുമാരും പദ്ധതി പ്രദേശത്തെ പഞ്ചായത്ത് മെമ്പർമാരും ജനങ്ങളും ഉൾക്കൊള്ളുന്ന കമ്മിറ്റി നിലവിൽ വരുത്തുക.

2. പദ്ധതിയുടെ എല്ലാ പ്രവർത്തനവും സുതാര്യമാക്കുക.

3. ഇന്നുള്ള പ്രവർത്തികൾ കൂടാതെ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും കമ്പോസ്റ്റു വളം നിർമ്മിക്കുന്നതിനും സഹായം നൽകുക.

4. മത്സ്യം വളർത്തുന്നതിന് കുളങ്ങൾ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികളെകുടി സഹായിക്കുക.

5. കടമാൻതോട് കേന്ദ്രീകരിച്ച് ഒരു വാട്ടർ ഷെഡ് ആരംഭിക്കുക.

### വന്യമൃഗഭീഷണി

മൂന്നുഭാഗവും വനത്താൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്താണ് പുൽപ്പള്ളി അതുകൊണ്ടുതന്നെ

വനത്തിനടുത്തുള്ള കർഷകർക്ക് വന്യമൃഗ ശല്യം ഉണ്ടാകുന്നു. ഇതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1.ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് കൃഷിക്കാരുടെ സഹായത്തോടെ ഷോക്ക് ഫെൻസിംഗ് ഏർപ്പെടുത്തുക.ദൈനംദിന നോട്ടത്തിന് കൃഷിക്കാർ തന്നെ ആളെ നാമ മാത്ര കൂലിക്ക് ഏർപെടുത്തുക.

2. ട്രഞ്ചുകളും മതിലുകളും നിർമ്മിച്ച് വന്യമൃഗങ്ങൾ കടന്നു വരാതെ തടസ്സം ഉണ്ടാക്കുക.

### മണ്ണു പരിശോധന

അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ ഫലം എല്ലാ പഞ്ചായത്തിനും ലഭിക്കണം.

### വിള ഇൻഷുറൻസ്

ഏത് വിധത്തിൽ കൃഷി നശിച്ചാലും വിള ഇൻഷുറൻസ് എല്ലാ കൃഷിക്കും ബാധകമാക്കണം.

### ആദിവാസി കർഷകർ

ആദിവാസി കർഷകരെ സഹായിക്കുന്നതിന് അവരുടെ പങ്കാളിത്തത്തോടെ പരിപാടികൾ ആവിഷ്ക്കരിക്കണം. കർഷകത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കക്കൂസോടുകൂടിയ ഭവന നിർമ്മാണം ആരംഭിക്കണം.

### കൃഷിഭവൻെറ പ്രവർത്തനം

ഒട്ടേറെ ആക്ഷേപങ്ങൾക്ക് ഇട വന്നിട്ടുണ്ട് . ഏതാണ്ട് ഒരു കോടി രൂപ കൃഷി ഭവൻ മുഖേന നമ്മുടെ പഞ്ചായത്തിൽ ചിലവഴിക്കുന്നു. കൃഷിക്കാരുടെ ആവശ്യം മനസ്സിലാക്കി പദ്ധതികൾ ആവിഷ്ക്കരിക്കണം. കൃഷി ഭവൻ ഉപദേശക സമിതി സജീവമാക്കണം. പ്രവർത്തനം സുതാര്യമാക്കണം.

### കുരുമുളക് സമിതികൾ

നല്ലനിലയിൽ പ്രവർത്തിക്കുന്ന സമിതികൾ ഉണ്ട്. ആക്ഷേപങ്ങൾക്ക് ഇടവരുത്തിയവയും ഉണ്ട്. ഇന്നത്തെ പരിതസ്ഥിതിയിൽ കുരുമുളക് സമിതികൾ കൃഷി സമിതികളാക്കിമാറ്റേണ്ടതാണ്.

### എലിശല്യം.

എലിയുടെ ശല്യം വർദ്ധിച്ചു വരികയാണ്. എലിയെ നശിപ്പിക്കുന്ന മൂങ്ങ, പാക്കാൻ, ചേര തുടങ്ങിയവയുടെ നാശം ഒരു കാരണമാണ്. എലി ശല്യം കുറക്കുന്നതിന് നടപടി വേണം.

സുഹൃത്തുക്കളെ, കാർഷിക മേഖലയെ സംബന്ധിച്ച് ഞങ്ങൾക്കുള്ള പരിമിതമായ അറിവും പരിചയവും പരിശീലനവും വച്ചുകൊണ്ടാണ് കൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. നിങ്ങളുടെ വിലയിരുത്തലുകളും കൂട്ടിച്ചേർക്കലുകളും പ്രതീക്ഷിക്കുന്നു.

## ജലസേചനം

നമ്മുടെ ജലസേചന പദ്ധതികൾ ചെറുതും കാർഷിക ആവശ്യത്തിന് മതിയാകാത്തതുമാണ്. പതിമൂന്ന് ജലസേചനപദ്ധതികളുണ്ട്. ഇവയിൽ പലതും പണിതീരാത്തതാണ്. പണി തീർത്തിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയുണ്ട്. പലതും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആണ്.

നമ്മുടെ ഭൂമി ഫലഭൂയിഷ്ഠമാണെങ്കിലും കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ജലവിതാനം താഴ്ന്ന് പോകുന്നതിന് കാരണമാകുന്നു. ഇത് അപകടകരമായ ഭാവിയിലേക്ക് വിരൽ ചൂണ്ടുന്നു. കരകൃഷികളായ നാണ്യവിളകൾക്കും മറ്റും ജലസേചന സൗകര്യം ലഭിക്കുന്ന പക്ഷം വിളവ് രണ്ടോ നാലോ ഇരട്ടി വർദ്ധിപ്പിക്കാൻ സാധിക്കും.

### തിരുമുഖം പദ്ധതി

ഒരിക്കലും വറ്റാത്ത വെള്ളം കൂടൽ കടവ് പുഴയിലൂടെ ഒഴുകുന്നു. ഈ വെള്ളം ലിഫ്റ്റ് ചെയ്ത് പുൽപ്പള്ളി പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിലൂടെ കനാൽ മുഖേന ഒഴുകുന്നതിന് സാധിച്ചാൽ ഉൽപ്പാദനം വൻതോതിൽ വർദ്ധിപ്പിക്കാൻ സാധിക്കും. തൊഴിൾ സാധ്യത ഇരട്ടിക്കും . പഞ്ചായത്തിൻെറ സമുതോന്മുഖമായ പുരോഗതിക്ക് ഈ പദ്ധതി സഹായകരമാണ്. വലിയ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. വൻതോതിൽ മനുഷ്യാദ്ധ്വാനവും പണവും സാധനങ്ങളും സംഭാവന ചെയ്യാൻ നാം തയ്യാറാകണം. നമ്മുടെ ഭൂമി പൊന്നു വിളയുന്നതാക്കി മാറ്റുന്ന ഈ പദ്ധതി പണി തീർന്നാൽ പുൽപ്പള്ളിയുടെ സാമ്പത്തിക രംഗത്ത് വമ്പിച്ച മാറ്റം ഉണ്ടാക്കുമെന്നതിൽ തർക്കമില്ല. മഹത്തുംബൃഹത്തുമായ ഈ പദ്ധതിക്ക് പുൽപ്പള്ളിയിലെ ജനത സ്വയം അർപ്പിക്കേണ്ടതുണ്ട്.

കൂടൽ കടവ് പുഴയിലെ വെള്ളം ലിഫ്റ്റ് ചെയ്ത് തിരുമുഖത്ത് കയറ്റിയാൽ കനാൽ വഴിയും അക്വ്യഡേറ്റർ വഴിയു ഫോറസ്റ്റ് അതിർത്തിയിലൂടെ കണ്ടാമല, മൂഴിമല, കോളറാട്ടുകുന്ന്, കാരംപാതി , കല്ലുവയൽ ,കേളക്കവല ,അമ്പത്താറ് വരെ പ്രധാന കനാൽ തീർക്കാവുന്നതാണ്.

| | | | | |
|---|---|---|---|---|
| 1.കേളക്കവല | : | എരിയപ്പള്ളി | : | വടാനക്കവല |
| 2.ഷെഡ് | : | താന്നിത്തെരുവ് | : | പച്ചിക്കരമുക്ക് |
| 3.അമ്പത്താറ് | : | കാപ്പിസെറ്റ് | : | വണ്ടിക്കടവ് |
| 4.മാരപ്പൻമൂല | : | ഭൂദാനം | : | കുറിച്ചിപ്പറ്റ |

എന്നിങ്ങനെയുള്ള ഉപകനാലുകൾ വഴി പഞ്ചായത്തിൽ ആകെ കരയും വയലും ജലസേചനം നടത്താൻ സാധിക്കും. ഈ പദ്ധതി യാഥാർത്ഥ്യമാകണമെങ്കിൽ എഞ്ചിനീയർമാരുടെ സർവ്വേയും എസ്റ്റിമേറ്റും ഉണ്ടാകണം. നിലവിലുള്ള മൈനർ ഇറിഗേഷൻ പദ്ധതികളെക്കുറിച്ച് താഴെ വിവരിക്കുന്നു.

1. ദാസനക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

100 ഏക്കറോളം വയൽകൃഷി ചെയ്യാൻ സാധിക്കും. വട്ടവയൽ ഭാഗത്തേയ്ക്ക് കനാൽ നീട്ടേണ്ടതുണ്ട്.

2. പാക്കം ലിഫ്റ്റ് ഇറിഗേഷൻ

കുറേ പണി പൂർത്തിയാക്കണം. വൈദ്യുതി ലഭിച്ചാൽ പ്രവർത്തനം ആരംഭിക്കാം.

3. ചേകാടി ലിഫ്റ്റ് ഇറിഗേഷൻ

പണി തീർന്നു കിടക്കുന്നു. വൈദ്യുതി ലഭിച്ചാൽ പ്രവർത്തനം ആരംഭിക്കാം.

4. ചെറിയ മല ലിഫ്റ്റ് ഇറിഗേഷൻ

ഡീസൽ എൻജിൻ വച്ച് പ്രവർത്തിക്കുന്ന പദ്ധതിയാണിത്. ചിലവ് കുറയ്ക്കാൻ വൈദ്യുത മോട്ടർ വാങ്ങുന്നത് നന്നായിരിക്കും.

5. മുടവൻ കര മൈനർ ഇറിഗേഷൻ

ഒരു പൂ കൃഷിയ്ക്ക് വെള്ളം ഉപയോഗിക്കുന്നു. ഇനിയും കനാൽ തീരാൻ ഉണ്ട്. ഒരു പൂകൃഷിക്ക് മാത്രമാണ് വെള്ളം ലഭിക്കുന്നത്.

6. കുളത്തൂർ മൈനർ ഇറിഗേഷൻ

950 മീറ്റർ കനാലിനിയും നീട്ടേണ്ടതുണ്ട്. ഒരു പൂവിന് വെള്ളം കിട്ടും.

7. മമ്മദൻ മൂല മൈനർ ഇറിഗേഷൻ

അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഒരു പൂകൃഷിക്ക് വെള്ളം ലഭിക്കും.

8. വേലിയമ്പം ചണ്ണകൊല്ലി

പ്രധാനമായും ഒരു പൂകൃഷിക്ക് വെള്ളം ലഭിക്കും. എന്നാൽ മുപ്പതേക്കർ ഇരുപൂകൃഷിക്ക് വെള്ളം കിട്ടും.

9.കാരംപാതി മൈനർ ഇറിഗേഷൻ

നന്നാക്കിയാൽ വെള്ളം കിട്ടും

10 ചെറ്റപാലം

ഒരു പൂവിന് വെള്ളം ലഭിക്കും

11.കുളിയൻമൂലക്കുളം

ധാരാളം വെള്ളം കിട്ടുന്ന കുളം . സമീപ പ്രദേത്തെ വയൽകൃഷിക്ക് സഹായകരം

12. കന്നാരം പുഴ

ഇരു പൂ പദ്ധതിക്ക് വെള്ളം കിട്ടുന്ന പദ്ധതിയാണ് ഇത്. ഇനിയും കനാലുകളുടെ പണി പൂർത്തിയാകേണ്ടതുണ്ട്.

പുൽപ്പള്ളി പഞ്ചായത്തിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. കേവലം സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് വൈദ്യുതി എത്തിക്കാൻ കാലതാമസ്സമുണ്ടാകുന്നതാണ് അനുഭവം. വനസംരക്ഷണ നിയമവും ഇതിന് തടസ്സം നിൽക്കുന്നു. ഈ തടസ്സങ്ങൾ നീക്കി പാക്കം ചേകാടി പദ്ധതികൾ അടിയന്തിരമായി പണികഴിപ്പിക്കണം. ദാസനക്കരയിൽ നിന്ന് ചേകാടി വരെ വൈദ്യുതി ഫോറസ്റ്റുകാരുടെ തടസ്സം അടിയന്തിരമായി നീക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണം.

## തടയണകൾ

ഭൂമിയുടെ ജലവിതാനം ഉയർത്തുന്നതിന് തടയണകൾ നിർമ്മിക്കുന്നതിന് സാധിക്കണം. മുരുത്തിതോട്, കടമാൻ തോട്, പാക്കം തോട്, ഇവിടങ്ങളിൽ തടയണകൾ നിർമ്മിക്കണം.

# മൃഗസംരക്ഷണം മത്സ്യ ബന്ധനം വനം

## മൃഗസംരക്ഷണം

ഇന്നാട്ടിലെ ആദിമ നിവാസികളുടെ ഉപജീവന മാർഗ്ഗം കൃഷിയും കാലി വളർത്തലുമായിരുന്നുവെന്നത് ശ്രദ്ധേയമാണ്. മൂന്നു വശവും വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പുൽപ്പള്ളിയുടെ മൃഗ സമ്പത്ത് സംപുഷ്ടമായിരുന്നു. കാർഷിക മേഖലയുടെ തകർച്ച ഇന്നാട്ടിലെ കർഷകരെ കാലിവളർത്തലിലേക്കും അനുബന്ധ മേഖലകളിലേക്ക് തിരിച്ചു വിട്ടു കൊണ്ടിരിക്കുന്നു. കാലി വളർത്തലും ആട് വളർത്തലും വനതിർത്തിയോട് ചേർന്ന് താമസിക്കുന്ന ആദിവാസികളുടെ മുഖ്യ ഉപജീവനമാർഗ്ഗം ആയിരുന്നു. തരിശു ഭൂമികൾ ഇല്ലാത്തതിനാൽ ഈ മേഖലയിലെ ക്ഷീര കർഷകർ പൂർണ്ണമായും കാലിത്തീറ്റയെ ആശ്രയിക്കേണ്ടി വരുന്നു.

പട്ടിക 1

വളർത്തു മൃഗങ്ങളും പക്ഷികളും

(1996 ജനുവരി മുതൽ ഒക്ടോബർ 31 വരെ)

| ഇനം | എണ്ണം | അസുഖങ്ങൾ | എണ്ണം |
|---|---|---|---|
| സങ്കരയിനം പശു | 5015 | ദഹനസംബന്ധമായ അസുഖങ്ങൾ | 2000 |
| നാടൻ പശു | 3150 | വയറിളക്കം | 2500 |
| കന്നുകുട്ടികൾ | 2387 | ശ്വാസകോശ സംബന്ധമായ | 1800 |
| | | അസുഖങ്ങൾ | |
| കാള | 2373 | | |
| | | മെറ്റബോളിക് ഡിസീസ് | 180 |
| എരുമ | 456 | | |
| പോത്ത് | 500 | ധാതുലവണക്കുറവുള്ള അസുഖം | 2500 |
| ആട് | 4500 | പാരസെറ്റിക് ഡിസീസ് | 6000 |
| പന്നി | 4000 | അകിടുവീക്കം | 2000 |
| കോഴി | 26078 | മുടന്തൻ പനി | 1200 |
| സങ്കര ഇനംകോഴി | 5000 | സർജികൽ | 2400 |
| | | ഗൈനക്കോളജിക്കൽ ഡിസീസ് | |
| താറാവ് | 160 | | |
| പട്ടി | 3508 | | |
| | | കൃത്രിമ ബീജ സങ്കലനം | |
| | | നടത്തിയ പശുക്കൾ | 5000 |

കറവമാടുകളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ടെങ്കിലും ഗുണനിലവാരത്തിൽ, ഈ മേഖല തുലോം പുറകിലാണ് ഉള്ളത്. പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നുണ്ടെങ്കിലും സാംക്രമിക രോഗങ്ങളായ അകിട് വീക്കം, കുളമ്പ് രോഗം, കുറു നാക്ക് തുടങ്ങിയവയാണ് ഈ മേഖലയിൽ കണ്ടു വരുന്നത് . കോഴി വസന്തയും മറ്റു സാംക്രമിക രോഗങ്ങളും കോഴി വളർത്തലിനെ സാരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ മേഖലക്ക് ആവശ്യമായ കോഴിയിറച്ചി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടു വരുന്നത്.

പ്രധാനപ്രശ്നങ്ങൾ

1. കൃഷിഭൂമിയുടെ തുണ്ട വത്ക്കരണം കാലി വളർത്തലിനെ ബാധിക്കുന്ന ഒരു പ്രശ്നമായി മാറിയിട്ടുണ്ട്.

2. കാലിത്തീറ്റകളിലെ മായയും, അധിക വിലയും കർഷകരിൽ ആശങ്ക ജനിപ്പിക്കുന്നു.

3. തീറ്റ പുല്ലുകളുടെ ദൗർലഭ്യതയും, നെൽകൃഷി കുറഞ്ഞു വരുന്നതുകൊണ്ട് വൈക്കോലിൻെറ ലഭ്യതക്കുറവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

4. ഉഴവുമാടുകളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ട്.

5. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ട് വരുന്ന അറവു മാടുകളിൽ നിന്നും ഈ പ്രദേശത്തുള്ള കന്നുകാലികൾക്ക് സാംക്രമിക രോഗങ്ങൾ കണ്ടു വരുന്നു.

6.രോഗ പ്രതിരോധ നടപടികൾക്കും കൃത്രിമ ബീജ സങ്കലനത്തിനും കാര്യക്ഷമമായ സംവിധാനങ്ങൾ ഇന്നില്ല.

7. ചില്ലിങ്ങ് പ്ലാൻറുകൾ സമീപത്തില്ലാത്തതുമൂലം ന്യായവില ലഭ്യമല്ല.

8. കാലി വളർത്തലിനോട് അനുബന്ധിച്ചുള്ള വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

9. ഉഴവുമാടുകളെ വാങ്ങിക്കുന്നതിന് സർക്കാരിൽ നിന്നുള്ള സഹായം വളരെ അപര്യാപ്തമാണ്.

10. പന്നി വളർത്തൽ ഉപജീവനമാക്കിയവരുണ്ടെങ്കിലും വിപണനം ഒരു പ്രശ്നമായി മാറിയിട്ടുണ്ട്.

11. പ്രതിരോധ കുത്തിവയ്പുകൾ സൗജന്യമായി കിട്ടുന്നില്ല. മുഴുവൻ ആളുകളും ഇക്കാര്യത്തിൽ ബോധവാന്മാരല്ല എന്നുള്ളതും ഈ രംഗത്തെ പ്രശ്നമാണ്.

നിർദ്ദേശങ്ങൾ

1. നല്ലയിനം കന്നുകുട്ടികളെ ഉൽപാദിപ്പിക്കുന്നതിന് ബീജ സങ്കലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ആ രംഗത്ത് കൂടുതൽ പരിശീലകരെ നിയോഗിക്കുകയും വേണം.

2. നല്ലയിനം കറവമാടുകളെ വളർത്തുന്നതിന് മൃഗ സംരക്ഷണ വകുപ്പിൻെറ സഹായത്തോടെ ബോധ വത്ക്കരണ പരിപാടി ഈ മേഖലയിൽ നടത്തേണ്ടതുണ്ട്.

3. നല്ലയിനം ആട്ടിൻ കുട്ടികളേയും പന്നിക്കുഞ്ഞുങ്ങളേയും സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിച്ച് വിതരണം നടത്തേണ്ടതാണ്.

4. പാക്കം, വണ്ടിക്കടവ് , അമരക്കുനിഎന്നീ മേഖലകളിൽ വെറ്റിനറി സബ്സെൻററുകൾ ആരംഭിക്കുകയും നിലവിലുള്ള I.C.D.P സബ് സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും കൂടുതൽ ജീവനക്കാരേയും ലഭ്യമാക്കേണ്ടതാണ്.

5. ഈ മേഖലയിലെ പന്നികൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂത്താട്ടുകുളം മാതൃകയിൽ പന്നിയിറച്ചി സംരക്ഷണ ഫാക്ടറി ഉണ്ടാകേണ്ടതാണ്. കാലിത്തീറ്റ, കോഴിത്തീറ്റ ഫാക്ടറി ജില്ലാടിസ്ഥാനത്തിലാരംഭിച്ചാൽ ഈ രംഗത്തെ ചൂഷണവും കർഷകരുടെ അധിക നഷ്ടവും

ഒഴിവാക്കാവുന്നതാണ്.

ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് ഒന്ന് രണ്ട് സ്ഥലങ്ങളിൽ ആരംഭിക്കുന്നത് ഈ മേഖലയിടെ പ്രോത്സാഹനത്തിന് സഹായകമാകും

അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന അറവുമാടുകളുടെ ഗുണനിലവാരം സംസ്ഥാനതിർത്തിയിൽ നിന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഈ മേഖലയിലെ നെൽവയലുകളിൽ കൂടുതലും കൊല്ലി വയലുകളാണെന്നതിനാൽ ട്രാക്ടർ, ടില്ലർ എന്നിവ ഉപയോഗിച്ച് നിലം പാകപ്പെടുത്താൻ സാധിക്കുന്നില്ല. ആയതിനാൽ ഉഴവുമാടുകളുടെ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കർഷകർക്ക് കറവുമാടുകളുടേയും മറ്റും സംരക്ഷണം ഉറപ്പു വരുത്തുന്നതിന് തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായധനം ലഭ്യമാക്കേണ്ടതാണ്.

പേ വിഷബാധക്കുള്ള കുത്തിവയ്പ് വാക്സിൻ യഥേഷ്ടം സൗജന്യമായി ലഭ്യമാക്കണം.

വളർത്തു നായകൾക്ക് ലൈസൻസ് നിർബന്ധമാക്കണം. കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് പദ്ധതികൾ വേണം.

അലങ്കാര പക്ഷികളും, അലങ്കാര മത്സ്യങ്ങളും വീടുകളിൽ വളർത്തുന്നത് കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വ്യാവസായകാടിസ്ഥാനത്തിൽ വിപണന യൂണിറ്റ് ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. കൃഷി മേഖലയിലെ തകർച്ച കൊണ്ട് സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ ആടുകൃഷി വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങിയാൽ വളരെയേറെ ഫലപ്രദമായിരിക്കും.

വയനാടിന്റെ കാലാവസ്ഥക്ക് അനുയോജ്യമായിരുന്ന വെച്ചൂർ പശുക്കളെ വളർത്തുന്നതിന് കൂടുതൽ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നത് നന്നായിരിക്കും. കലർപ്പില്ലാത്ത കോഴിത്തീറ്റയും കാലിത്തീറ്റയും ന്യായ വിലക്ക് ലഭ്യമാക്കണം. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കോഴി, താറാവ് എന്നിവയെ വളർത്തേണ്ടതാണ്. ഈ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ സാധിച്ചാൽ വനിതാ ക്ഷേമ പ്രവർത്തനങ്ങൾ വളരെയേറെ ഫലപ്രദമാണ്. കൂടാതെ ഗിനി, ഖൾഗം തുടങ്ങി കോഴി വർഗ്ഗത്തിൽ പെട്ട പക്ഷികളേയും വളർത്താവുന്നതാണ്. ബെൽറ്റ് ഏരിയായിൽ വ്യാവസായികാടിസ്ഥാനത്തിൽ ആടു വളർത്തൽ ആരംഭിക്കാവുന്നതാണ്. കൂടാതെ മുയൽ കൃഷി പ്രോത്സാഹിപ്പിക്കുകയും ഇറച്ചി സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുകയും ചെയ്താൽ ഈ മേഖലയിലെ ഇറക്കുമതി അവസാനിപ്പിക്കാവുന്നതാണ്.

## മത്സ്യ ബന്ധനം

ഈ മേഖലയിൽ മത്സ്യ ബന്ധനം ഉപജീവനമാക്കിയവർ ആരും തന്നെയില്ലെങ്കിലും മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് 50 - ഓളം ആളുകൾ ജീവിക്കുന്നുണ്ട്.

സ്വകാര്യ സംരഭങ്ങളുമായി 15 - ഓളം കുളങ്ങളിൽ ചെറിയ തോതിൽ മത്സ്യം വളർത്തുന്നുണ്ട്. ജലദൗർലഭ്യതയും പരിശീലനക്കുറവുമാണ് ഈ മേഖലയിലേക്ക് കർഷകർ തിരിയാത്തതിന് കാരണം. മത്സ്യ കുഞ്ഞുങ്ങളുടെ ലഭ്യതയും ഈ രംഗത്തെ ഒരു പ്രശ്നമാണ്. പഞ്ചായത്തിനാവശ്യമായ മത്സ്യം മറ്റു സംസ്ഥാനങ്ങളിൽ നിന്നും, ജില്ലകളിൽ നിന്നുമാണ് എത്തുന്നത്. ഈ മേഖലയിൽ കൂടുതൽ സാങ്കേതിക ജ്ഞാനവും സാമ്പത്തിക സഹായവും കുഞ്ഞുങ്ങളേയും ലഭ്യമാക്കിയാൽ കൂടുതൽ ആളുകൾ ഈ മേഖലയിലേക്ക് തിരിയും. അതിന് വേണ്ടി സ്വാഭാവിക നീരുറവകളെ ഉപയോഗിക്കാവുന്നതാണ്.

## വനം

പുൽപ്പള്ളി പഞ്ചായത്തിൻെറ മൂന്നു വശവും റിസർവ്വ് വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. വനത്തിനുള്ളിൽ താമസം ശീലിച്ചു പോന്നിട്ടുള്ള ആദിമ നിവാസികളായിരുന്നു മുൻ കാലങ്ങളിൽ ഇവിടെ താമസിച്ചു വന്നിരുന്നത്. ഇപ്പോഴും ആദിവാസി വിഭാഗത്തിൽ പെട്ടവർ വനാതിർത്തികളിൽ ആണ് താമസിച്ചു വരുന്നത്. ഇതുകൊണ്ട് തന്നെ വനവും ആദിവാസികളും തമ്മിലുള്ള ബന്ധം കാലങ്ങളായി നിലനിന്നു വരുന്നു. വന മേഖലയുടെ സാമീപ്യം ഇവിടുത്തെ പരിസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്. വനത്തിനുള്ളിൽ തന്നെ ജനവാസമുള്ള പ്രദേശങ്ങളും വനാതിർത്തികളിൽ താമസിക്കുന്നവരുമുണ്ട്. പഞ്ചായത്തിൻെറ വടക്ക്-കിഴക്ക് ഭാഗത്തായി കുറേയേറെ ഭാഗം കർണ്ണാടക റിസർവ്വ് ഫോറസ്റ്റ് അതിർത്തിയിലാണ. ആന, കാട്ടുപോത്ത്, കടുവ, പുലി, കരടി, കലമാൻ, കേഴമാൻ, പുള്ളിമാൻ, കാട്ടുപന്നി, ചെന്നായ, കാട്ടുപൂച്ച. വെരുക്, കീരി, കൂരൻ പന്നി, മലയണ്ണാൻ, പറയണ്ണാൻ എന്നീ മൃഗങ്ങളും മലപാമ്പ്, വിവിധയിനം വിഷപാമ്പുകൾ എന്നീ പാമ്പു വർഗ്ഗങ്ങളും , മയിൽ, കാട്ടുകോഴി, മുതലായ വിവിധയിനങ്ങളിൽപെട്ട പക്ഷി വർഗ്ഗങ്ങളും വെള്ളക്കുരങ്ങ് മൂളിക്കുരങ്ങ്, കരിംകുരങ്ങ് എന്നിവയും മറ്റ് വിവിധ തരം കാട്ടിൽ വസിക്കുന്ന ചെറിയ ജന്തുക്കളും പക്ഷികളും പാമ്പുകളും നമ്മുടെ വനങ്ങളിൽ ജീവിച്ചു വരുന്നു.

പ്രശ്നങ്ങൾ

വനത്തിൽ താമസിക്കുന്നവരെക്കൊണ്ട് വന്യമൃഗങ്ങൾക്കും, വന്യമൃഗങ്ങളെക്കൊണ്ട് വനത്തിനുള്ളിലും വനാതിർത്തിയിലും താമസിക്കുന്നവർക്കും വളരെയേറെ ശല്യമുണ്ടാവാറുണ്ട്. വനമേഖലയെ നശിപ്പിക്കുന്ന കാട്ടു തീ വേണ്ടത്ര നിയന്ത്രിക്കപ്പെടുന്നില്ല. വേനൽക്കാലത്ത് മൃഗങ്ങൾക്ക് വേണ്ടത്ര ജലം വനത്തിനുള്ളിൽ ലഭ്യമല്ല. വനഭൂമിയും കൃഷിഭൂമിയും ചില സ്ഥലങ്ങളിൽ കൃത്യമായി അതിർത്തി നിർണ്ണയിക്കപ്പെട്ടിട്ടില്ല. ഇതുമൂലം ധാരാളം പ്രശ്നവും ഉണ്ടാവാറുണ്ട്. പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ കുറുവാ ദ്വീപ് ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും അവിടെയുള്ള അപൂർവ്വ സസ്യ സമ്പത്തുകളെക്കുറിച്ച് അറിവ് പകർത്തുന്നതിനും ആവശ്യമായ സംവിധാനങ്ങളില്ല. ചില സ്ഥലങ്ങളിൽ വനത്തിനുള്ളിലൂടെ ഒഴുകുന്ന കബനീ നദിയും കന്നാരം പുഴയും മീൻ പിടുത്തകാരുടേയും മറ്റും ശല്യംകൊണ്ട് വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല. വന്യമൃഗങ്ങൾ പലപ്പോഴും കൃഷിഭൂമിയിൽ നാശനഷ്ടം ഉണ്ടാക്കാറുണ്ട് എന്നുള്ളതും ഒരു പ്രശ്നമായി അവശേഷിക്കുന്നു.

സാധ്യതകൾ

വനഭൂമിയും കൃഷി ഭൂമിയും കൃത്യമായി അതിർത്തി നിർണ്ണയിക്കേണ്ടതാണ്. വനത്തിനുള്ളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കേണ്ടതും അത്യാവശ്യമാണ്. വനാതിർത്തിയിൽ വൈദ്യുത കമ്പി വേലി നിർമ്മിച്ച് വന്യ മൃഗ ശല്യം നിയന്ത്രിക്കാവുന്നാണ്. ഇതിൻെറ മേൽനോട്ടം അതാത് പ്രദേശത്തെ ജനകീയ കമ്മിറ്റികൾക്ക് നൽകിയാൽ കൂടുതൽ ഫലപ്രദമായി ഈ പരിപാടി നടപ്പാക്കാൻ സാധിക്കും. വനത്തിനുള്ളിൽ വീണു കിടക്കുന്ന വിലപിടിപ്പുള്ള വൻ മരങ്ങൾ നശിച്ചു പോകുന്നതിന് മുൻപ് സർക്കാർ ഡിപ്പോകളിൽ ലാട്ട് ചെയ്ത് ലേലം ചെയ്ത് വിറ്റ് റവന്യൂ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഈ തരത്തിൽ ലഭ്യമാകുന്ന പണം സാമൂഹ്യ വനവൽക്കരണത്തിനും വനസംരക്ഷണത്തിനും ഉപയോഗിക്കാവുന്നതാണ്. സ്വാഭാവികമായും വന സംരക്ഷണത്തിന് സഹായകമായി തീർന്നിട്ടുള്ള ആദിവാസികളെ കൂടി ഉൾപ്പെടുത്തി വനം കൊള്ളയും കാട്ടു തീയും തടയുന്നതിന് വനാതിർത്തികളിൽ ജനകീയ സമിതി രൂപവൽക്കരിക്കേണ്ടതാണ്. കൂടാതെ സാമൂഹ്യ വന വൽക്കരണ പരിപാടി സുതാര്യമാക്കി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാൻ ശ്രമിച്ചാൽ ജനങ്ങൾക്ക് കൂടുതൽ താൽപര്യമുണ്ടാവുന്നതുമാണ്. പരമ്പരാഗത തൊഴിലുകളായ കുട്ട, വട്ടി, പരമ്പ് മുതലായവ നെയ്യുന്നതിന് വനത്തിനുള്ളിൽ നിന്ന് ഈറ്റ, മുള മുതലായവ വെട്ടി എടുക്കുന്നതിന് ഈ തൊഴിലിൽ

ഏർപ്പെട്ടിട്ടുള്ളവരെ അനുവദിക്കുകയും വനത്തിനുള്ളിൽ വീണ്ടും അവ നട്ടു പിടിപ്പിക്കുന്നതിനും അവരുടെ സഹായം ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്. വനത്തിനുള്ളിൽ തന്നെ ജലാശയങ്ങൾ ഉണ്ടാക്കി വന്യമൃഗങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിച്ചാൽ അതിർത്തിപ്രദേശങ്ങളിൽ വെള്ളം തേടിവരുന്ന അവയുടെ ശല്യം കുറയ്ക്കുവാനും സാധിക്കും. വന നിയമം കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട് മെൻറിലെ ഉദ്യോഗസ്ഥർക്ക് ആയുധങ്ങളനുവദിക്കുകയും അവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുകയും വേണം. കൂടാതെ നിലവിൽ ഉള്ള വന സംരക്ഷണ സേനയുടെ അംഗസംഖ്യ വളരെ കുറവായതുകൊണ്ട് കൂടുതൽ ആളുകളെ റിക്രൂട്ട് ചെയ്ത് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. വനത്തിൻെറ പ്രാധാന്യത്തെക്കുറിച്ചും വന വിഭവങ്ങളെ കുറിച്ചും സാധാരണ ജനങ്ങളെ മനസ്സിലാക്കുന്നതിന് സെമിനാറുകൾ പോലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണ്. ഇതോടൊപ്പം കൃഷിക്കാർ കൃഷിയിടങ്ങളിൽ നട്ടുവളർത്തുന്ന ഏത് ഇനത്തിലുള്ള വൃക്ഷവും അവർ തന്നെ മുറിച്ചെടുക്കുന്നതിന് നിയമപരമായി യാതൊരു തടസ്സവും ഇല്ലായെന്ന് ഉറപ്പുവരുത്തിയാൽ കൂടുതൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് കൃഷിക്കാർ തയ്യാറാവും എന്നതിന് യാതൊരു സംശയവുമില്ല. മേൽ പ്രസ്താവിച്ചിട്ടുള്ള സാധ്യതകൾ പരിഹരിക്കപ്പെട്ടാൽ ഈ മേഖലയിലെ

പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

# 5-3 വ്യവസായം

വയനാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കുടിയേറ്റ മേഖലയായ പുൽപ്പള്ളി പഞ്ചായത്തിൻെറ വ്യവസായ ഭൂപടം അത്ര ശോഭനമല്ല. 1950ൽ ഈ മേഖലയിലേക്ക് കുടിയേറ്റം തുടങ്ങിയതാണെങ്കിലും നാളിതുവരെയായി ഈ മേഖലയിൽ ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള വ്യവസായങ്ങളൊന്നും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഇന്നാട്ടിലെ ജനങ്ങളുടെ തൊഴിൽ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും ഗുരുതരമായ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. പുൽപ്പള്ളി പഞ്ചായത്തിലെ ജനങ്ങൾക്ക് മൊത്തത്തിൽ ഗുണകരമായിട്ടുള്ള വ്യവസായ സംരഭങ്ങൾ, ജനപങ്കാളിത്തത്തോടുകൂടി ആരംഭിക്കേണ്ടതാണ്. ഈ പ്രദേശത്ത് കാർഷിക മേഖലയുടെ തകർച്ച മൂലം ആശങ്കാകുലരായ ഇന്നാട്ടിലെ ജനങ്ങൾക്ക് പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ടുള്ള വ്യവസായ സംരഭങ്ങളുടെ ഉദയം പ്രത്യാശ പകരുമെന്നതിൽ സംശയമില്ല.

ഇന്ന് നിലവിൽ പുൽപ്പള്ളി പഞ്ചായത്തിൽ വൻ വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ:

പട്ടിക 1

| ചെറുകിട വ്യവസായങ്ങൾ | യൂണിറ്റ് | തൊഴിലാളികൾ സ്ത്രീ | പുരുഷൻ | സ്വകാര്യ മേഖല | പൊതു മേഖല |
|---|---|---|---|---|---|
| 1 ഇഷ്ടിക നിർമ്മാണം | 7 | 75 | 60 | " | Nil |
| 2 സിമൻറ് കമ്മോഡിറ്റീസ് | 2 | 14 | 6 | " | " |
| 3 ടയർ റീസോളിങ്ങ് | 1 | = | 5 | " | " |
| 4 പൊടി മിൽ | 5 | = | 10 | " | " |
| 5 ഫർണിച്ചർ | 4 | = | 20 | " | " |
| 6 ഈർച്ചമിൽ | 1 | = | 6 | " | " |
| 7 ഓട്ടുപാത്ര നിർമ്മാണം | 3 | = | 10 | " | " |
| 8 ക്ഷീരോൽപ്പന്നം | 1 | 3 | = | " | " |
| 9 വർക്ക്ഷാപ്പ് | 9 | = | 25 | " | " |
| 10 ഇൻഡസ്ട്രിയൽ വർക് | 6 | = | 35 | " | " |

പട്ടിക 2

| | കടിൽ വ്യവസായങ്ങൾ | എണ്ണം. | തൊഴിലാളികൾ സ്ത്രീകൾ | പുരുഷൻമ്മാർ |
|---|---|---|---|---|
| 1 | പപ്പടനിർമ്മാണ്ണം | 5 | 10 | 8 |
| 2 | മൺപാത്രനിർമ്മാണ്ണം | 6 | 15 | 20 |
| 3 | കുട, വട്ടി നിമ്മാണ്ണം | 15 | 15 | 15 |
| 4 | ചന്ദനത്തിരി നിർമ്മാണം | 1 | 6 | = |

| | | | | |
|---|---|---|---|---|
| 5 | കുട നിർമ്മാണം | 1 | 15 | = |
| 6 | പലഹാരനിർമ്മാണം | 4 | 6 | 6 |
| 7 | പ്ലാസ്റ്റിക് വർക്സ് | 1 | = | 7 |
| 8 | കൊല്ലപ്പണി | 16 | = | 16 |
| 9 | സ്വർണ്ണപ്പണി | 14 | = | 18 |

ഈ മേഖലയിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങളും,കുടിൽവ്യവസായങ്ങളും വിവിധപ്രതിസന്ധികൾഅഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായ വ്യവസായങ്ങളായിരുന്ന കുട, വട്ടിനിർമ്മാണം ,പരമ്പ് , പായ നിർമ്മാണം ഇവയെല്ലാം അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മൂലം തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുകയാണ്.

ഊർജ്ജ പ്രതിസന്ധി , മുഖ്യമായും വൈദ്യുതിയുടെ അപര്യാപ്തത, ഈ മേഖലകളിൽ തൊഴിൽ എടുക്കുന്നവർക്കുള്ള വേതന ലഭ്യതകുറവ്, പൊതുവായ ഒരു മാർക്കറ്റിൻെറ അഭാവം, ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം, പുറമെ നിന്നുള്ള വൻകിട യൂണിറ്റുകളുടെ കടന്നുകയറ്റം, എന്നിവ ഈ മേഖലയിലെ നിലവിലുള്ള ചെറുകിട, കുടിൽ വ്യവസാങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്.

നാനാവിധ പ്രകൃതി വിഭവങ്ങൾകൊണ്ട് അനുഗ്രഹീതമായ പുൽപ്പള്ളി പഞ്ചായത്തിൽ, പ്രാദേശിക വിഭവങ്ങൾ ചൂഷണം ചെയ്തുകൊണ്ട് ആരംഭിക്കാവുന്ന നിരവധി വ്യവസായ സംരഭങ്ങൾക്ക് സാധ്യതയുണ്ട്.

1. ഈ മേഖലയിലെ ഇലക്ട്രിസിറ്റിയുടെ അപര്യാപ്തത പരിഹരിക്കുന്നതിന് 60. ഖ.ർ. സബ്സ്റ്റേഷനും മേജർ സെക്ഷൻ ഓഫിസും ആരംഭിക്കേണ്ടതാണ്.

2. ശാസ്ത്രീയവും സാങ്കേതികവുമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ശാസ്ത്രീയ വിപണന സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

3. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായവും സബ്സിഡിയും ലഭ്യമാക്കുകയും അതിനുള്ള സാങ്കേതിക നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും വേണം.

4. പുൽപ്പ്ള്ളിയുടെ സമഗ്ര വ്യവസായ വികസനത്തിന് ഒരു വ്യവസായ ഉപദേശക സമിതിയും, ഗൈഡൻസ് ബ്യൂറോയും ആരംഭിക്കാവുന്നതാണ്.

5. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഗാർമെൻറസ് നിർമ്മാണം, പായ, പനമ്പ്, കരകൗശല വസ്തുക്കൾ എന്നിവ വിപുലീകരിക്കുകയും ഇവയെല്ലാം ഏകോപിപ്പിച്ച് വിപണന മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.

6. പുൽപ്പള്ളിയിലെ 40% ജനങ്ങളുടേയും ഉപജീവന മാർഗമായ ക്ഷീര വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ഒരു ക്ഷീരോൽപന്ന സംസ്കരണ വിപണന കേന്ദ്രം (ചില്ലിംഗ് പ്ലാൻറ്) പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

7. സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതും, തൊഴിൽ ദാനം ചെയ്യുന്നതും ആയ കുരുമുളക് സംസ്കരണ വിപണന കേന്ദ്രം, നെല്ല് സംസ്കരണ വിപണന കേന്ദ്രം, പഴം പച്ചക്കറി

സംസ്കരണ വിപണന കേന്ദ്രം മുതലായവ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

8. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനുള്ള ഒരു കെട്ടിട നിർമ്മാണ സംഘത്തിനും ഈ മേഖലയിൽ സാധ്യത ഉണ്ട്.

9. പന്നിയിറച്ചി സംസ്കരണ ശാല പുൽപ്പള്ളിയിൽ പന്നി കൃഷിക്ക് പ്രോത്സാഹനം ലഭിക്കും. (കൂത്താട്ടുകുളം മോഡൽ)

10. കാലിതീറ്റ നിർമ്മാണത്തിനു കോഴിതീറ്റ നിർമ്മാണത്തിനും ചെറുകിട ഫാക്ടറികൾ സ്ഥാപിച്ച്, കുറഞ്ഞ ചിലവിൽ കർഷകർക്ക് ഇവ ലഭ്യമാക്കുകയാണെങ്കിൽ കാലി വളർത്തലിനും വേണ്ടത്ര സഹായ സഹകരണങ്ങൾ പൊതുജനത്തിന് ലഭ്യമാക്കാൻ കഴിയും.

11. ബിസ്ക്കറ്റ്, മിഠായി, ചിപ്സ്, അച്ചാറുകൾ, കറി പൗഡറുകൾ എന്നിവയുടെ ഉൽപ്പാദന യൂണിറ്റുകൾ ചകിരി സംസ്കരിച്ച് കയർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ്, നോട്ടു ബുക്ക് നിർമ്മാണ യൂണിറ്റ്, ചന്ദനത്തിരി, മെഴുകുതിരി, സോപ്പ് ആദിയായവയുടെ വിവിധ യൂണിറ്റുകൾ എന്നിവ സ്വകാര്യ മേഖലയിലും, സഹകരണ മേഖലയിലും സ്ഥാപിക്കുകയാണെങ്കിൽ വളരെയധികം ജനങ്ങൾക്ക് തൊഴിൽ ലഭിക്കുകയും സാമ്പത്തികമായി സമൂഹത്തിൽ ഉന്നമനം ഉണ്ടാകുകയും ചെയ്യും.

12. പുൽപ്പള്ളിയുടെ പ്രാന്ത പ്രദേശങ്ങളിൽ സുലഭമായി ലഭിക്കുന്ന പാക്കടക്കയുടെ ഒരു സംസ്കരണ ഫാക്ടറിക്ക് പുൽപ്പള്ളിയിൽ സാദ്ധ്യതയുണ്ട്.

13.വനങ്ങളിൽ വീഴുകയും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ നശിച്ചു പോവുകയും ചെയ്യുന്ന വിലപിടിപ്പുള്ള തടികൾ ഉപയോഗിച്ച് നിലമ്പൂർ മോഡലിൽ പൊതു മേഖലയിൽ ഒരു ഫർണ്ണിച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

14. വിവിധ തരം പച്ചമരുന്നുകളുടെ പറുദീസയായ പുൽപ്പള്ളിയിൽ അവയുടെ ശേഖരണത്തിനും സംസ്കരണത്തിനും ആയി ഒരു യൂണിറ്റ് സ്ഥാപിച്ചാൽ നാടൻ മരുന്നു രംഗത്തുള്ള ഇനിയും വെളിച്ചം കാണാത്ത അനന്ത സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയും.

15. രാസവളങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും അതിന് പകരം ജൈവവളങ്ങളുടെ പ്രസക്തി വർദ്ധിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ടൗണിലെ ചപ്പുചവറുകളും ചാണകവും മറ്റും ഉപയോഗിച്ചുള്ള ഒരു ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

16. കാലാവസ്ഥയിൽ വന്ന മാറ്റം മൂലം തെങ്ങുകൃഷി വ്യാപകമായിട്ടുണ്ടെന്നതിനാൽ കൊപ്ര സംഭരിച്ച് എണ്ണ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റ് വരും കാലങ്ങളിൽ വളരെയധികം വിപണന സാദ്ധ്യതയുണ്ട്.

17. കോഴിവളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ വാർഡുകൾ തോറും യൂണിറ്റുകളായി ആരംഭിക്കാവുന്നതാണ്.

18. പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതമായ പുൽപ്പള്ളിയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുറുവാ ദ്വീപ് സമൂഹങ്ങൾ , പാക്കം കോട്ട, വേലിയമ്പം കോട്ട, സീതാദേവി ക്ഷേത്രം, മുനികല്ല് ( ആശ്രമകൊല്ലി) മാവിലാംതോട് തുടങ്ങിയ പല സ്ഥലങ്ങളേയും ബന്ധിപ്പിച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ വളർത്തിയെടുക്കുകയാണെങ്കിൽ, വയനാട് ജില്ലയിലെ അത്യാകർഷകമായ ഒരു ടൂറിസം കേന്ദ്രമായി പുൽപ്പള്ളിയെ മാറ്റാനും അതു വഴി ഒരു ടൂറിസം വ്യവസായ സംസ്കാരം ഇവിടെ വളർത്തിയെടുക്കുവാനും കഴിയും.

19. പുൽപ്പള്ളിയിലെ വ്യാവസായിക ഉൽപന്നങ്ങളുടെ ലാഭകരമായ വിപണനത്തിനും, അതുവഴി

അക്കാര്യത്തിലെ സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിലും വേണ്ടി ഒരു ആഴ്ചചന്ത ആരംഭിക്കാവുന്നതാണ്

20. വയനാട്ടിൽ സുലഭമായി കിട്ടുന്ന എല്ലും മറ്റും അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച കൊണ്ട്, എല്ലുപൊടി വളം ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

21. ഇപ്പോൾ ആവശ്യമായ പ്രാഥമിക ഭൗതീക സൗകര്യങ്ങൾ ഉള്ള ഭൂതാനത്തിനടുത്തുള്ള കെട്ടിടത്തിലെ ഖാദി വ്യവസയ യൂണിറ്റ് പുനർജ്ജീവിപ്പിക്കേണ്ടതാണ്.

22. സോഫ്റ്റ്‌വുഡ് അഥവാ കട്ടിക്കുറഞ്ഞ മരങ്ങൾ ( പ്ലാശ്, ഇലവ് മുതലായവ) സുലഭമായി ലഭ്യമാക്കുന്ന പുൽപ്പള്ളിയിൽ ഒരു ചെറുകിട വ്യവസായമെന്ന നിലയിൽ ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റ് തുടങ്ങുകയാണെങ്കിൽ നിരവധി പേർക്ക് തൊഴിൽ നൽകാനും സാമ്പത്തികമായ ഉന്നമനത്തിനും സാധിക്കുന്ന ഒരു സംരഭമായി അതിനെ വളർത്തിടെുക്കുവാൻ കഴിയും.

# 5-4 വിദ്യാഭ്യാസം

1922 ൽ ചേകാട് പ്രദേശത്ത് ആരംഭിച്ച എൽ.പി. സ്ക്കൂളിൽ നിന്നുമാണ് പുൽപ്പള്ളിയുടെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത്. അതിന് മുൻപ് ചേകാടി , പാക്കം എന്നിവിടങ്ങളിലും പുൽപ്പള്ളി മുള്ളൻകൊല്ലി പ്രദേശങ്ങളിലായി താമസിച്ചിരുന്ന ആദിവാസി വിഭാഗത്തിൽ പെട്ടിരുന്ന ആളുകളും ചെട്ടി, ഗൗഡ എന്നീ വിഭാഗത്തിൽ പെട്ടിരുന്ന ആളുകളും അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി കർണ്ണാടക സംസ്ഥാനത്തേയും കേരളത്തിലെ മറ്റു ജില്ലകളിലുള്ള സ്ക്കൂളുകളേയുമാണ് ആശ്രയിച്ചിരിക്കുന്നത്. 1922ൽ ക്രിസ്ത്യൻ മിഷനറിമാരാണ് ചേകാടിയിൽ സ്ക്കൂൾ ആരംഭിച്ച പ്രദേശത്തിന്റെ വിദ്യാഭ്യാസ പരമായ പുരോഗതിക്ക് തുടക്കം കുറിച്ചത് അതിന് ശേഷം 1938 ൽ 12 വിദ്യാർത്ഥികളോടുകൂടി കുപ്പത്തോട് മാധവൻ നായർ ഒരു കുടിപ്പള്ളിക്കൂടം ആരംഭിക്കുകയുണ്ടായി. 1946 ൽ ഇത് ഒരു എൽ.പി. സ്ക്കൂൾ ആയി ഉയർത്തുകയും ചെയ്തു. അതുവരെ ശ്രീ കുപ്പത്തോട് മാധവൻ നായർ തന്നെയായിരുന്നു അധ്യാപകനായി തുടർന്നിരുന്നത്. 1946 ന് ശേഷം എം. എൻ. കുഞ്ഞിരാമൻ മാസ്റ്റർ, കെ. ദാമോദരൻ മാസ്റ്റർ, കുരുക്കൾ മാസ്റ്റർ എന്നിവർ അധ്യാപകരായി തുടർന്നുവന്നു.

1956 ൽ ചേകാടി സ്ക്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. അതോടൊപ്പം പുൽപ്പള്ളിയിലെ എൽ.പി.സ്ക്കൂൾ യു.പി. സ്ക്കൂളായി അപ് ഗ്രേഡ് ചെയ്യുകയും ചെയ്തു. ഈ കാലഘട്ടങ്ങളിൽ മദ്രാസ് എഡ്യുക്കേഷണൽ ആക്ടായിരുന്നു ഇവിടെ നിലവിൽ ഇരുന്നത്. ഇതിനുമുൻപ് 1948-49 കാലഘട്ടത്തിൽ ശ്രീ മാധവൻ നായർ എന്നയാൾ ദേവീവിലാസം എന്നപേരിൽ ഒരു സ്ക്കൂൾ ആരംഭിക്കുകയും അദ്ദേഹം തന്നെ അധ്യാപകനായി തുടരുകയും ചെയ്തു. ഈ കാലഘട്ടങ്ങളിൽ യു.പി. സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായിരുന്നില്ല. നടവയൽ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിടങ്ങളിലെ ഹൈസ്ക്കൂളുകളെയാണ് ഇവിടുത്തെ വിദ്യാർത്ഥികൾ ആശ്രയിച്ചു വന്നിരുന്നത്.

1964 ലാണ് ഈ മേഖലയിൽ ആദ്യമായി ഹൈസ്ക്കൂൾ അനുവദിച്ചത് ഇതിന്റെ പേർ വിജയാ ഹൈസ്ക്കൂൾ എന്നായിരുന്നു. കല്ലുവയലിൽ ഉണ്ടായിരുന്ന യു.പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തുകയും , ദേവീവിലാസം യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. ഇവകൂടാതെ പാക്കത്ത് ഒരു ഗവൺമെന്റ് എൽ.പി.സ്ക്കൂളും കാപ്പിസെറ്റിൽ സ്വകാര്യ മേഖലയിൽ ഒരു പ്രൈമറി സ്ക്കൂളും പുൽപ്പള്ളിയിൽ തന്നെ ആനപ്പാറയിൽ ഒരു എൽ.പി.സ്ക്കൂളും ആടിക്കൊല്ലിയിൽ ഒരു എൽ.പി.സ്ക്കൂളും ആരംഭിക്കുയുണ്ടായി. ഇതി കൂടാതെ ഒരു ഇംഗ്ലീഷ് മീഡിയം യു.പി. സ്ക്കൂളും രണ്ട് ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്ക്കൂളുകളും അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്നുണ്ട്. 1982 ൽ പഴശ്ശി രാജാ എഡ്യുക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പഴശ്ശി രാജാ കോളേജ് എന്ന ഒരു സ്ഥാപനം ആരംഭിച്ചു. 1982 ന് മുൻപേ കോളേജ് വിദ്യാഭ്യാസത്തിന് വേണ്ടി ഈ പ്രദേശത്തെ വിദ്യാർത്ഥികൾ സുൽത്താൻബത്തേരി സെന്റ് മേരീസ് കോളേജിനേയും വയനാടിന് പുറത്ത് മറ്റ് കോളേജുകളേയുമാണ് ആശ്രയിച്ചിരുന്നത്. ഇതിനു മുൻപായി തന്നെ സാന്ദീപനി എന്നപേരിൽ ഒരു സമാന്തര കോളേജ് പുൽപ്പള്ളിയിൽ ആരംഭിച്ചു. തുടർന്ന് രണ്ട് സമാന്തര കോളേജുകളും കൂടി പുൽപ്പള്ളിയിൽ ഉണ്ടായിട്ടുണ്ട്. നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സെൻറർ പുൽപ്പള്ളിയിലെ സമാന്തര വിദ്യാലയമായ സന്ദീപനിയിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിൽ ഇപ്പോൾ 11 അംഗനവാടികളും അഞ്ച് നേഴ്സറി സ്ക്കൂളുകളും 12 എൽ.പി. സ്ക്കൂളുകളും 3 ഹൈസ്ക്കൂളുകളും ഒരു കോളേജും മൂന്നു സമാന്തര കോളേജും പ്രവർത്തിച്ചു വരുന്നു.

ഇതിനു പുറമെ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് സെൻറർ പ്രവർത്തിച്ചു വരുന്നു.

### പ്രശ്നങ്ങൾ

പുൽപ്പള്ളി മേഖലയിൽ മുഴുവൻ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാഭ്യാസം നടത്തുന്നതിന് ആവശ്യമായ സ്ഥാപനങ്ങൾ ഈ മേഖലയിൽ ഇല്ല. സാങ്കേതിക ജ്ഞാനം ലഭിക്കുന്നതിന് ആവശ്യമായ സ്ഥാപനങ്ങൾ ഒന്നു തന്നെ സർക്കാർ ഉടമയിൽ പൊതുമേഖലയിൽ ഇവിടെ പ്രവർത്തിച്ച് വരുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടി അന്യ സംസ്ഥാനങ്ങളേയും മറ്റ് പ്രദേശങ്ങളേയും ആശ്രയിക്കേണ്ടി വരുന്ന ഇവിടുത്തെ വിദ്യാർത്ഥികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. നിലവിൽ പ്രവർത്തിക്കുന്ന 2 ഗവൺമെൻറ് എൽ.പി. സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. സ്പോർട്സ് രംഗത്ത് പ്രശസ്തമായ നേട്ടം കൈവരിക്കുവാൻ ഈ മേഖലയിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ കാര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ പോലും പഞ്ചായത്തിലില്ല. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന നാല് ടെയ്ലറിംഗ് സെൻററുകളും, 4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, 2 കംപ്യൂട്ടർ സെൻററുകളും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വളരെ സഹാകരമായി തീരുന്നുണ്ടെങ്കിലും ഗവൺമെൻറിൽ നിന്ന് യാതൊരു വിധ സഹായങ്ങളും ഈ സ്ഥാപനങ്ങൾക്കൊന്നും കിട്ടുന്നില്ല. ഇവ ശാസ്ത്രീയമായ രീതിയിൽ നവീകരിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കിയാൽ ഈ രംഗത്ത് വളരെയേറെ സാധ്യതകളുണ്ട്.

### സാധ്യതകൾ

ഈ മേഖലയിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഒരു കർമ്മ പദ്ധതി തന്നെ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ആലൂർകുന്ന്, ആനപ്പാറ, നെല്ലിക്കുതി, ചുണ്ടക്കൊല്ലി, ചെറ്റപാലം, താഴെക്കാപ്പ്, മേലെക്കാപ്പ് ചെറുവള്ളി കൊട്ടമുരട്ട് , മടാപറമ്പ്, കല്ലുവയൽ, ചേപ്പില, അമ്മാവൻ മുക്ക്, ദേവർഗദ്ദ, കന്നാരം പുഴ , 73, ചെറിയ കുരിശ് എന്നിവിടങ്ങളിൽ ഓരോ അംഗനവാടികൾ ആരംഭിക്കേണ്ടതാണ്.കൂടാതെ നിലവിലുള്ള എൽ.പി.സ്ക്കൂളുകളോട് ചേർന്ന പ്രീ-പ്രൈമറി സ്ക്കൂളുകളും നടത്തേണ്ടതാണ്. പഞ്ചായത്തിലെ എട്ടാം വാർഡിൽ അനുവദിച്ചിട്ടുള്ള അ.ഢ.ആ.ഢ സ്ക്കൂളും ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ തുടങ്ങണം. പാക്കം, മടാപറമ്പ്, ആനപ്പാറ എന്നിവിടങ്ങളിൽ ഓരോ ഗിരിജൻ പ്രസിഡൻഷ്യൽ സ്ക്കൂളുകൾ ആരംഭിക്കേണ്ടതാണ്. വേലിയമ്പത്ത് അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആദിവാസികൾ കൂടുതൽ ഉള്ള ചേകാടി, കാപ്പികുന്ന്, പാക്കം, കല്ലു വയൽ,ആനപ്പാറ എന്നീ പ്രദേശങ്ങളിൽ ഓരോ ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കേണ്ടതാണ്. ചേകാടി ഗവൺമെൻറ എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂൾ ആയും കാപ്പിസെറ്റ് എസ്.എൻ.എ.എൽ.പി. സ്ക്കൂൾ, ആടിക്കൊല്ലി ദേവമാതാ എൽ.പി. സ്ക്കൂൾ, ചേകാടി ഗവൺമെൻറ എൽ.പി. സ്ക്കൂൾ എന്നിവയും അപ് ഗ്രേഡ് ചെയ്യേണ്ടതാണ്. പുൽപ്പള്ളി വിജയാ ഹൈസ്ക്കൂൾ കല്ലുവയൽ ജയശ്രീ ഹൈസ്ക്കൂൾ, വേലിയമ്പം ദേവീ വിലാസം ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ പ്ലസ്റ്റു കോഴ്സുകൾ ആരംഭിക്കേണ്ടതാണ്.

പുൽപ്പള്ളി മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസം നടത്തുന്നതിനായി ഒരു എഞ്ചിനീയറിംഗ് കോളേജ്, ഐ.ടി.ഐ, കംപ്യൂട്ടർ സെൻറർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ എന്നിവ പൊതു മേഖലയിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ പഴശ്ശി രാജാ കോളേജിൽ സയൻസ് ഗ്രൂപ്പു കൂടി ആരംഭിച്ചാൽ ഈ രംഗത്തെ പ്രശ്നങ്ങം ഒരളവോളം പരിഹരിക്കാൻ കഴിയും. സ്പോർട്സ് രംഗത്തെ പരിഹരിക്കുന്നതിന് പുൽപ്പള്ളി വിജയാ ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുകയും സ്പോർട്സ് സെൻറർ തുടങ്ങുകയും വേണം. ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന അംഗനവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം നിർമ്മക്കുകയും കെട്ടിടമുള്ളവയ്ക്ക് കാലാകാലങ്ങളിൽ അറ്റകുറ്റ പണി നടത്തുകയും വേണം. ആദിവാസി മേഖലയിൽ

പ്രവർത്തിച്ചു വരുന്ന പാക്കം, ചേകാടി എന്നീ ഗവ: സ്ക്കൂളുകൾക്ക് ഫർണിച്ചർ, കുടിവെള്ളം, കെട്ടിടം എന്നിവ അടിയന്തിരമായി ഉണ്ടാവുകയും വേണം, കൂടാതെ ഈ രണ്ട് സ്ക്കൂളുകളിലേയും അധ്യാപകരുടെ കുറവുകൾ നികത്തുന്നതിന് അധ്യാപകരെ നിയമിക്കുകയും അവർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. പഞ്ചായത്തിൻെറ മൂന്ന് ഹൈസ്ക്കൂളുകളുടേയും പഠന നിലവാരം താരതമ്യേന മെച്ചപ്പെട്ടതാണെങ്കിലും രക്ഷകർത്താക്കളും പി.ടി.എ കമ്മിറ്റികളും അധ്യാപകരും കുറച്ചു കൂടി ശ്രദ്ധ പുലർത്തിയാൽ ഈ രംഗത്ത് കുറേ കൂടി മെച്ചപ്പെട്ട മാറ്റങ്ങൾ ഉണ്ടാകാകുവാൻ സാധിക്കും.

സ്ക്കൂൾ വർഷാരംഭത്തിൽ സ്ക്കൂളിൽ ചേരുന്ന മുഴുവൻ കുട്ടികളും സ്ഥിരമായി സ്ക്കൂളിൽ പോവുന്നതിനും അവരുടെ ഒളിച്ചുപോക്ക് തടയുന്നതിനും രക്ഷിതാക്കളിലും, വിദ്യാർത്ഥികളിലും ബോധവൽക്കരണം ആവശ്യമാണ്. സ്ക്കൂളുകളിൽ പാഠ്യേതര വിഷയങ്ങൾക്ക് ഊന്നൽ നൽകുകയും മെച്ചപ്പെട്ട ലാബട്ടറി, ലൈബ്രറി സൗകര്യം ഏർപ്പെടുത്തുകയും വേണം. ആദിവാസി - ഹരിജൻ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഗ്രാൻറുകൾ പണമായി നൽകാതെ പഠനോപകരണങ്ങളായി നൽകേണ്ടതാണ്. കൂടാതെ സ്ക്കൂൾ കോംപ്ലക്സ് സംവിധാനവും ടി.പി.ഇ.പി സംവിധാനവും കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്ക്കൂളുകളിൽ പഠന നിലവാരമുയർത്തുന്നതിനും പാഠ്യേതര വിഷയങ്ങളുടെ പരിശീലനത്തിനും പഞ്ചായത്ത് പദ്ധതികൾ ആരംഭിക്കേണ്ടതാണ്.

തുടർ സാക്ഷരതാ പ്രവർത്തനങ്ങളും വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും ആരംഭിച്ചു കൊണ്ട്

പഞ്ചായത്തിലെ നിരക്ഷരതയും മറ്റും സമൂഹത്തിൻെറ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതാണ്. മേൽപ്പറഞ്ഞ സാദ്ധ്യതകൾ പരിഹരിച്ചാൽ പുൽപ്പള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല സംപുഷ്ടമാകും.

# 5-5 പൊതുജനാരോഗ്യം, കുടിവെള്ളം, ശുചിത്വം

**ആരോഗ്യം**

ഏകദേശം അഞ്ചു പതിറ്റാണ്ട് മുൻപ് ആണ് വന്യമൃഗങ്ങളുടേയും, മലമ്പനി മുതലായ ഗുരുതര അസുഖങ്ങളുടേയും വിഹാരഭൂമിയായിരുന്ന പുൽപ്പള്ളിയെന്ന് അറിയപ്പെട്ട വന്യഭൂവിലേക്ക് കുടിയേറ്റം ആരംഭിച്ചത്. മദ്ധ്യകേരളത്തിൽ നിന്നും സ്വപ്ന സദൃശ്യമായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ ഇവിടേക്കു കുടിയേറിയ അധ്വാനശീലരും ആരോഗ്യദൃഢഗാത്രരും, ധൈര്യവാൻമാരുമായിരുന്ന ആ ജനത അതുകൊണ്ടുതന്നെ ആതുരചികിത്സകളെക്കുറിച്ച് വേണ്ടത്ര ബോധവാൻമാരായിരുന്നില്ല. മലമ്പനിപോലുള്ള ഗുരുതരമായ രോഗങ്ങൾക്ക് 'ക്വയ്നാവ്' പോലുള്ള നാടൻ മരുന്നുകളിൽ ആശ്വാസം കണ്ടെത്തിയ അവർക്ക് അക്കാലത്ത് നാടൻ മരുന്നുകളും നാട്ടുവൈദ്യൻമാരും മാത്രമേ ആശ്രയമായി ഉണ്ടായിരുന്നുള്ളു. മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ അന്വേഷിച്ച് മാനന്തവാടിയിലേക്കും വൈത്തിരിയിലേക്കും ഉള്ള രോഗികളുടെ പ്രയാണത്തിന് ദുർഘടമായ വഴിത്താരകളും, വാഹനങ്ങളുടെ ദൗർലഭ്യവും തടസമായി നിന്നു. തൻമൂലം പലപ്പോഴും രോഗികൾ പ്രത്യേകിച്ചും ഗർഭിണികൾ ചികിത്സ കിട്ടാതെ മരിക്കേണ്ടി വന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഇടക്കൊക്കെ പുൽപ്പള്ളിയിൽ എത്തിക്കൊണ്ടിരുന്ന ഡോ. വി.കെ.ജി നമ്പ്യാരുടെ സേവനം ജനങ്ങൾക്ക് വലിയ ഒരു ആശ്വാസമായിരുന്നു.

ആദ്യമായി പുൽപ്പള്ളിയിൽ എത്തിച്ചേർന്ന MBBS ഡോക്ടർ ഡോ. എൽദോ ആയിരുന്നു. 1969-ൽ ആദ്യമായി പുൽപ്പള്ളിയിൽ 117 എന്ന സ്ഥലത്ത് ഒരു ഹെൽത്ത് സെൻറർ ആരംഭിച്ചുകൊണ്ട് സർക്കാർ ആരോഗ്യരംഗത്ത് സെവനത്തിന് തുടക്കം കുറിച്ചു. അതിനുശേഷം ആനപ്പാറ പബ്ലിക്ക് ഹെൽത്ത് സെൻറർ ആരംഭിക്കുകയുണ്ടായി. അതിനുശേഷം നാട്ടുകാരുടെ സഹായത്തോടെ പുൽപ്പള്ളി ടൗണിൽ P.H.C ക്ക് സ്വന്തമായി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം 1982-ൽ നിർമ്മിക്കപ്പെട്ടു. കുറച്ചു കാലത്തിനുശേഷം IPP സെൻറർ ആയി ഉയർത്തപ്പെടുകയുണ്ടായി. ഇത് താമസിയാതെ ഇതിൻെറ കീഴിൽ മിനി P.H.C. ആരംഭിച്ചു. ചേകാടി, ആലൂർകുന്ന്, മുഴിമല, കല്ലുവയൽ എന്നിവിടങ്ങളിൽ ഇതിൻെറ കീഴിൽ കേന്ദ്രങ്ങൾ തുറക്കപ്പെട്ടു.

1985-ൽ പുൽപ്പള്ളി പബ്ലിക്ക് ഹെൽത്ത് സെൻററിൻെറ കീഴിൽ അടിക്കൊല്ലി, അമരക്കുനി എന്നിവിടങ്ങളിൽ സബ്സെൻററുകൾ ആരംഭിച്ചു. താമസിയാതെ പുൽപ്പള്ളി ഹെൽത്ത് സെൻറർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആയി ഉയർത്തപ്പെട്ടു. ഇപ്പോൾ 25 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. ഏകദേശം 110 രോഗികൾ ദിവസവും ചികിത്സാർത്ഥം ഇവിടെ എത്തുന്നുണ്ട്. ആദിവാസി മേഖലയായ പാക്കത്തുള്ള ഹെൽത്ത് സെൻററിൽ ഒരു സ്ഥിരം ഡോക്ടറുണ്ട്.

ഈ സൗകര്യങ്ങൾക്കു പുറമേ നാല് സ്വകാര്യ ആശുപത്രികളും, ഒരു സഹകരണ ആശുപത്രിയും, എട്ട് ആയുർവേദ ഡിസ്പൻസറികളും, മൂന്ന് ഹോമിയോ ഡിസ്പൻസറികളും, രണ്ട് ദന്താശുപത്രികളും പുൽപ്പള്ളിയിൽ പ്രവർത്തിച്ചുപോരുന്നു.

എന്നിരുന്നാലും ആദിവാസികളെ ഇവയെക്കുറിച്ചൊക്കെ വേണ്ടത്ര ബോധവാൻമാരാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. ചൊറി, ചിരങ്ങ് തുടങ്ങിയ ത്വക് രോഗങ്ങൾ ഇവരുടെ ഇടയിൽ വ്യാപകമായി കണ്ടുവരുന്നു. ക്ഷയം തൊണ്ടവീക്കം മുതലായവയും ശ്രദ്ധിക്കേണ്ട തോതിൽ കണ്ടുവരുന്നു. ഇതിനൊക്കെ പുറമെ ആദിവാസി കുലങ്ങൾക്കു തന്നെ ഭീഷണിയായി തലയുയർത്തി നിൽക്കുന്ന ഒരു പാരമ്പര്യ അസുഖമാണ് സിക്കിൾസെൻ അനീമിയ അല്ലെങ്കിൽ അരിവാൾ രോഗം. ഈ രോഗം ഉണ്ടാകുന്നത് ജീനുകളുടെ സ്വഭാവ വ്യതിയാനം മൂലം ആയതുകൊണ്ട് അച്ഛനമ്മമാരിൽ നിന്ന് മക്കളിലേക്കും ഈ അസുഖം സ്വാഭാവികമായി തന്നെ പകരുന്നു. രക്തത്തിലെ ചുവന്ന രക്താണുക്കൾ അരിവാളു രൂപത്തിലേക്ക് മാറുകയും തൻമൂലം ഓക്സിജൻ വഹിക്കാനുള്ള കഴിവ് അവക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. മാത്രമല്ല ധമനികൾ അവ കൂടി പിണഞ്ഞുകിടന്നു ശരീരത്തിലെ ജീവപ്രവാഹമായ രക്തപ്രവാത്തിന് തടസം ഉണ്ടാക്കുന്നു. ഈ അസുഖത്തിന്

പ്രത്യേക പ്രതിവിധികൾ ഒന്നുംതന്നെയില്ല. ഇതിൻെറ പാരമ്പര്യ കാര്യങ്ങളെക്കുറിച്ചും കാരണങ്ങളെക്കുറിച്ചും ആദിവാസികളെ ബോധവാൻമാരാക്കിയാൽ ഒരു പരിധിവരെ ഈ അസുഖത്തിന് കാരണമായേക്കാവുന്ന വിവാഹങ്ങൾ തടയാൻ കഴിയും. അസുഖവാഹകരായ കുട്ടികളെ ചെറുപ്പത്തിലേ കണ്ടെത്തി അവരുടെ ജീനുകൾ ഒരു പുതിയ തലമുറയിലേക്ക് പകരുന്നത് തടയുന്നതിലൂടെ മാത്രമേ ഈ അസുഖത്തെ ഉൻമൂലനാശം ചെയ്യാൻ സാധിക്കുകയുള്ളു.

ആദിവാസികളുടെ ഇടയിലുള്ള ശുചിത്വമില്ലായ്മയും പോഷകാഹാരക്കുറവും ആണ് മറ്റു അസുഖങ്ങളുടെ പ്രധാന കാരണങ്ങൾ. ഇക്കാലത്ത് പുതിയ സാഹചര്യങ്ങളും, പുതുതായി ഇവിടെ രൂപമെടുത്ത സംസ്കാരവും ആയി പൊരുത്തപ്പെടാൻ കഴിയാതെ ആദിവാസികൾ അവരുടെ സ്വാഭാവിക ജീവിതരീതികളിൽ നിന്നകന്ന് അലസജീവിതം നയിക്കുന്നതായി കണ്ടുവരുന്നു. ധാരാളം പേർ നിമിഷസുഖദായകവസ്തുക്കളായ മദ്യം, മയക്കുമരുന്ന് മുതലായവയ്ക്ക് അടിമപ്പെട്ടു കഴിയുന്നതായി കണ്ടുവരുന്നു. കഴിഞ്ഞ വർഷങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ആരോഗ്യപരമായും, സാംസ്കാരികമായും ആദിവാസികളുടെ സ്ഥിതി നാൾ,നാൾ മോശമായി വരികയാണെന്ന് മനസ്സിലാക്കാം.

അങ്ങനെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ പുൽപ്പള്ളി പഞ്ചായത്തിലെ ചികിത്സാസൗകര്യങ്ങൾ അത്ര ആശാവരമല്ല. പൊതുജനങ്ങൾ ഭൂരിഭാഗവും കാര്യക്ഷമതയും, സൗകര്യവും അന്വേഷിച്ച് മാനന്തവാടിയിലും ബത്തേരിയിലും പോവുന്നു.

**പുൽപ്പള്ളി പഞ്ചായത്തിൽ ജനങ്ങളുടെ പ്രത്യക്ഷമായ ആരോഗ്യപ്രശ്നങ്ങൾ**

1. ജീവനക്കാരുടെയും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അഭാവവും, അപര്യാപ്തതയും.
2. അത്യാവശ്യ മരുന്നുകൾ ലഭ്യമല്ല
3. അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള മെഡിക്കൽ യന്ത്രോപകരണങ്ങളുടെ അഭാവം.
4. ആശുപത്രികളിലെ ശുദ്ധജലത്തിൻെറ ദൗർലഭ്യം
5. പാക്കത്തുള്ള ഹെൽത്ത് സെൻററിന് സ്വന്തമായി കെട്ടിടമില്ല.
6. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളും കന്നുകാലികളും വിവിധ തരം സാംക്രമിക രോഗങ്ങൾക്ക കാരണമാകുന്നു.
7. പേ വിഷത്തിനുള്ള വാക്സിൻ ന്യായവിലക്ക് ലഭ്യമല്ല.
8. പബ്ലിക്ക് ഹെൽത്ത് സെൻററിൽ ഒരു മോർച്ചറിയുടെ അഭാവമുണ്ട്.
9. ആരോഗ്യരംഗത്ത് ഏറ്റവും താഴെ തലം തൊട്ടുള്ള വ്യാപകമായ ബോധവത്കർണത്തിൻെറ അഭാവം പ്രത്യക്ഷമാണ്.
10. രോഗികളെ ചികിത്സിക്കാൻ ആശുപത്രിയിൽ ആവശ്യത്തിന് കിടക്കകളുടേയും കട്ടിലുകളുടെയും അപര്യാപ്തത
11. പാമ്പ് വിഷത്തിന് പ്രതിവിധി ആയ ആൻറിവെനിൻ ആശുപത്രിയിൽ സൗജന്യമായും അല്ലാതെയും ലഭ്യമല്ല.

1 ഈ പഞ്ചായത്തിൽ ഏകദേശം 30,000 ജനങ്ങൾ അധിവസിക്കുന്നു. എന്നാൽ ജനസംഖ്യാനുപാതികമായി ചികിത്സാസൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല. തൻമൂലം കൂടുതൽ സ്പെഷലിസറ്റ് ഡോക്ടർമാരേയും, ആവശ്യത്തിന നഴ്സുമാരെയും മറ്റും ജീവനക്കാരെയും ഇവിടെ നിയമിക്കേണ്ടതാണ്.

2 ആദിവാസി പ്രദേശമായ പാക്കത്ത് കൂടുതൽ ഡോക്ടർമാരെ നിയമിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കണം.

3. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന, ആദിവാസികൾക്കും, പൊതുജനത്തിനും സാഹചര്യങ്ങൾ

3. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന, ആദിവാസികൾക്കും, പൊതുജനത്തിനും സാഹചര്യങ്ങൾക്കനുസൃതമായി സൗജന്യമായി മരുന്ന് ലഭ്യമാക്കുക. പുറത്ത് നിന്ന് മരുന്നു വാങ്ങുന്നതിനുള്ള ഒരു സ്ഥിതി വിശേഷം കഴിയുന്നതും ഇവർക്ക് ഉണ്ടാവാതെ ശ്രദ്ധിക്കുക. അഥവാ അത്തരം സന്ദർഭങ്ങളിൽ അവർക്ക് സാമ്പത്തിക സഹായം നൽകുക.
4. പുതിയ ഒരു IPP സെൻറർ കൂടി ആരംഭിക്കുക. വേലിയമ്പം, കുറിച്ചിപറ്റ, 73, കാപ്പിസെറ്റ്, കൊളത്തൂർ എന്നീ താരതമ്യേന പിന്നോക്കപ്രദേശങ്ങളിൽ IPP സബ് സെൻററുകൾ ആരംഭിക്കുക. ഇവിടങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
5. ആശുപത്രിയോടനുബന്ധിച്ച് ഒരു ആംബുലൻസ് ലഭ്യമാക്കുക. അത്യാവശ്യകാര്യങ്ങൾക്ക് ആംബുലൻസ് ലഭ്യമല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്.
6. ഒരു മോർച്ചറി നിർബന്ധമായും ഉണ്ടായിരിക്കുക.
7. ആരോഗ്യപ്രവർത്തിക്ക് ആദിവാസി കോളനികളിലെ പ്രവർത്തനത്തിനു വേണ്ട നയം രൂപീകരിക്കുക. അവർ ആഴ്ചയിൽ രണ്ടു ദിവസം ആദിവാസി കോളനികൾ സന്ദർശിക്കുക. ആരോഗ്യം ശുചിത്വം മുതലായ കാര്യങ്ങളിൽ ബോധവത്കരണം നടത്തുക. ആദിവാസികളിൽ രോഗങ്ങൾ കണ്ടാൽ ഉടൻ റിപ്പോർട്ടു ചെയ്യുക. പരിഹാരമാർഗ്ഗങ്ങളും രോഗപ്രതിരോധ മാർഗങ്ങളും അവലംബിക്കാൻ നടപടിയെടുക്കുക.
8. ഒരു കാലത്ത് നാടിൻെറ ജീവനാഡിയായിരുന്ന പാരമ്പര്യവൈദ്യം പ്രോത്സാഹിപ്പിക്കുക. ഒറ്റമൂലി അറിയുന്ന വൈദ്യൻമാരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അവരുടെ സേവനങ്ങൾ സാമൂഹികാടിസ്ഥാനത്തിൽ ലഭ്യമാക്കുക.
9. സുലഭമല്ലാത്ത ഔഷധങ്ങളുടെ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുക.
10. ക്ഷയരോഗം ആദിവാസികളിൽ വ്യാപകമായി കണ്ടുവരുന്നതിനാൽ പുൽപ്പള്ളിയിൽ ഒരു ടി.ബി. സാനിട്ടോറിയം സ്ഥാപിക്കുക.
11. ഹോട്ടലുകളിലെ പഴയ ഭക്ഷണ സാധനങ്ങൾ, മാർക്കറ്റിലെ ചീഞ്ഞ മത്സ്യം, കടകളിൽ വിൽക്കുന്ന വസ്തുക്കളിൽ മായം ചേർക്കൽ എന്നിവ കണ്ടുപിടിച്ച് അതിനുത്തരവാദപ്പെട്ടവരെ ശിക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
12. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് പോഷക ആഹാരം ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
13. ചേകാടി ഒഴികെയുള്ള IPP സെൻറർ പുൽപ്പള്ളി PHC യുടെ കീഴിലാക്കുക. ഇത് ജനങ്ങൾക്കും ജീവനക്കാർക്കും വളരെ ഉപകാരപ്രദവും, സൗകര്യപ്രദവും ആയിരിക്കും.
14. ആടിക്കൊല്ലിയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറി 25 ബെഡുകളോട് കൂടിയ ആയുർവേദ ഡിസ്പെൻസറി ആയി ഉയർത്തുക.
15. ഒരു സർക്കാർ ഹോമിയോ ആശുപത്രി ആരംഭിച്ചാൽ ഹോമിയോ ചികിത്സാസമ്പ്രദായത്തെ ആശ്രയിക്കുന്നവർക്ക് ഉപകരിക്കും.
16. സ്ത്രീകൾക്കും, കുട്ടികൾക്ക് ബാല്യത്തിൽ എടുക്കുന്നതും ആയ കുത്തിവെയ്പുകൾ സമയബന്ധിതമായി കൃത്യമായി നടത്തേണ്ടതാണ്.
17. ആദിവാസി കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സമയബന്ധിതമായി നടത്തേണ്ടത് ആണ്.
18. പിന്നോക്ക പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കാൻ, നിയമനം ലഭിക്കുന്ന ഡോക്ടർമാർ കാണിക്കുന്ന അലംഭാവം, ആരോഗ്യരംഗത്ത് ഇവിടെയുണ്ടാവുന്ന പുരോഗതിക്ക് തടസമായി നിൽക്കാതെ നോക്കേണ്ടതാണ്. ഡോക്ടർ പ്രതീക്ഷിക്കുന്ന സൗകര്യങ്ങൾ ഇവിടെ അവർക്ക് ലഭ്യമാക്കി അവരുടെ സേവനം ഇവിടെ ലഭ്യമാക്കി അവരുടെ സേവനം ഇവിടെ ലഭ്യമാക്കാൻ ഗവൺമെൻറ് മുൻകൈ എടുക്കേണ്ടതാണ്.

## ഗവ. ആയുർവേദ ഡിസ്പൻസറി
## പുൽപ്പള്ളി
## സ്ഥിതി വിവരക്കണക്കുകൾ

• ഗവ. ആയുർവേദ ഡിസ്പൻസറി 30-3-94 ൽ പ്രവർത്തനം ആരംഭിച്ചു.

30-9-96 വരെ ചികിത്സക്ക് വിധേയരായ രോഗികളുടെ വിവരം

| വർഷം | പുതിയത് | പഴയത് | ആകെ | പുരുഷൻ | സ്ത്രീ | കുട്ടികൾ |
|---|---|---|---|---|---|---|
| 94-95 | 4018 | 19255 | 23273 | 6710 | 13209 | 3354 |
| 95-96 | 1832 | 21554 | 23391 | 9047 | 11059 | 3285 |
| 96-97 up to 30-9-96 | 1245 | 10406 | 11651 | 4156 | 4875 | 2620 |

### രോഗവിവരം

| | |
|---|---|
| വാതരോഗങ്ങൾ | 70% |
| ത്വക് രോഗങ്ങൾ | 14% |
| ബാലരോഗങ്ങൾ | 7% |
| ഇതരരോഗങ്ങൾ | 9% |

## പുൽപ്പള്ളി പബ്ളിക്ക് ഹെൽത്ത് സെൻറർ
## സ്ഥിതിവിവരക്കണക്കുകൾ

പട്ടിക I

| | | |
|---|---|---|
| 1. | പുൽപ്പള്ളി പി.എച്ച്.സി. ആരംഭിച്ച വർഷം | 1982 |
| 2. | നിലവിലുള്ള സബ്സെൻററുകളുടെ എണ്ണം - | 4 |
| | അവ ആരംഭിച്ച വർഷം - | 31-12-85 |
| 3 | മൊത്തം ജീവനക്കാരുടെ എണ്ണം - | 43 |
| | ലഭ്യമായ മറ്റു സ്ഥിതി വിവരക്കണക്കുകൾ | |
| 4. | ആശുപത്രിയിലെ മൊത്തം കിടക്കകൾ - | 26 - 19 - 15 |
| | മറ്റേർണിറ്റി വാർഡ് - | 10 |
| | ജനറൽ വാർഡ | 8 + 8 = 16 |
| 5. | നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം - | 6 |
| | 1 സിവിൽ സർജൻ + 5 അസി. സർജൻ | |
| 6 | ജനറൽ വാർഡിലുള്ള കക്കൂസുകൾ - 3 | |
| | നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ എണ്ണം - | |
| | 43 ജീവനക്കാർക്ക് ഉള്ള ക്വാട്ടേഴ്സുകൾ - 6 എണ്ണം | |
| | 6 ഡോക്ടർ മാർക്ക് ഉള്ള ക്വാർട്ടേഴ്സുകൾ 3 എണ്ണം | |
| 8. | ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണം - 110 / പ്രതിദിനം | |
| 9. | പഞ്ചായത്തിൽ കൂടുതലായി കണ്ടുവരുന്ന രോഗം - URTI | |
| 10. | ജനനമരണ നിരക്ക് | |

11. പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ

സാധാരണയായി പുൽപ്പള്ളി പഞ്ചായത്തിൽ കാണുന്ന പകർച്ചവ്യാധികൾ വയറിളക്ക രോഗങ്ങളും ചൊറിയുമാണ്. വയറിളക്ക രോഗത്തിനെതിരെ ORS വിതരണം,, കുടുംബക്ഷേമ കേന്ദ്രങ്ങളിൽ വെച്ചും അംഗനവാടികളിൽ കൂടെയും, മറ്റ് ORS ഡിപ്പോ മുതലായ കേന്ദ്രങ്ങളിലൂടെയും നടത്തുന്നുണ്ട്. ആരോഗ്യപ്രവർത്തകരിലൂടെ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നു. ബ്ലീച്ചിംഗ പൗഡറിൻെറ ലഭ്യത അനുസരിച്ച കിണറുകൾ ക്ലോറിനേഷൻ നടത്താറുണ്ട്.

12. പ്രതിരോധ ചികിത്സ സംബന്ധിച്ച വിവരങ്ങൾ

ദേശീയ പ്രതിരോധ ചികിത്സാ ക്രമം അനുസരിച്ചുള്ള എല്ലാ പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നു. എല്ലാ ബുധനാഴ്ചയും പുൽപ്പള്ളി ആശുപത്രിയിൽ വച്ചും മറ്റ് ക്രമീകരിക്കപ്പെട്ട ദിവസങ്ങളിൽ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ വെച്ചും പ്രതിരോധ ചികിത്സ കുട്ടികൾക്ക നൽകുന്നു. എല്ലാ ആദിവാസി കോളനികളും കേന്ദ്രീകരിച്ച മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. MSS ൻെറയും മറ്റ് സംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകളും മറ്റ് പ്രവർത്തനങ്ങളും നടത്താറുണ്ട്.

## കുടിവെള്ളം

പുൽപ്പള്ളി പഞ്ചായത്തിൽ, കുടിവെള്ള പ്രശ്നം, കാലാവസ്ഥയിൽ വന്ന മാറ്റം മൂലം ഇക്കാലഘട്ടത്തിൽ വർദ്ധിച്ചുവരികയുമാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സർക്കാർ വക കുഴൽ കിണർ, കേന്നി, കിണർ എന്നിവ കുഴിച്ചിട്ടുണ്ട്. കമ്പനി ശുദ്ധജലപദ്ധതി ആരംഭിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പുൽപ്പള്ളി പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഇലട്രിക് കവലയിലുള്ള ശുദ്ധജല വിതരണ പദ്ധതി വളരെ ഫലപ്രദമായ പ്രവർത്തിക്കുന്നുണ്ട. വേലിയമ്പത്ത് ടാപ്പ ഉപയോഗിച്ച് പഞ്ചായത്തുടമയിൽ വിതരണം നടത്തുന്നുണ്ട. ഇതുകൂടാതെ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ധാരാളം കുളങ്ങളും, കിണറുകളും, കേണികളും, സ്വകാര്യ ഉടമയിലുണ്ട്. പാക്കത്തും ശുദ്ധജല വിതരണ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ ധാരാളമുണ്ട്.

### കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

| | |
|---|---|
| വാർഡ I | പൊളന്ന, ചേകാടി, വെളുകൊല്ലി, വിലങ്ങാടി, കട്ടക്കണ്ടി, പന്നിയ്ക്കൽ,. വിരാടി, കള്ളൂർ, മൂലവയൽ, തോണിക്കടവ്, താഴശ്ശേരി, ചെറിയമല, പാക്കം മാതളപ്പാക, വെള്ളക്കെട്ട്, മൈലാടി കാരേരി നായ്ക്കക്കോളനി, തിരുമുഖം ഊരാളിക്കോളനി, വട്ടവയൽ നായ്ക്ക കോളനി |
| വാർഡ് II | കുറിച്ചിപറ്റ, ആലൂർ കുന്ന്, മാനിക്കാട് |
| വാർഡ് III | മാളപ്പുര, കുമിച്ചിക്കുന്നു്, ആനപ്പാറ വീട്ടിമൂല, പാളക്കൊല്ലി. |
| വാർഡ് IV | അത്തിക്കുനി, കൂനംതേക്ക്, നെല്ലിക്കുനി |
| വാർഡ V | കാളമൂഴി, ചുണ്ടക്കൊല്ലി, പച്ചിക്കര ജംഗ്ഷൻ ചെറ്റപ്പാലം |
| വാർഡ് VI | പാലവൂല, എരിയപ്പള്ളി, കളനാടിക്കൊല്ലി, ഷെഡ്, അമ്മാവൻ മുക്ക് താന്നിത്തെരുവ്, പുൽപ്പള്ളി ടൗൺ |
| വാർഡ് VII | മുണ്ടക്കാമറ്റം, 117, 122 സെൻറിനടുത്ത്, മിനം കൊല്ലം പരിസരം, മരകാവ് കുരിശ് പരിസരം |
| വാർഡ VIII | കാപ്പിക്കുന്ന്, മുണ്ടക്കുറ്റി ക്കുന്ന്, കൊട്ടമുരട്ട് കുരുവിളക്കുന്ന്, ഇറുമുക്കി പുതിയടം കുന്ന് ചെറുവള്ളി, താഴെ കാപ്പ്, മാരപ്പൻ മൂല, മുരിക്കൻ കവല, കോളറാട്ടുകുന്ന് വേലിയമ്പം സ്കൂൾ |

വാർഡ് IX - കോളനാട്ടുകുന്ന്, 117, എരിയപ്പള്ളി കളനാടിക്കൊല്ലി, കല്ലുവയൽ, ഇല്ലോച്ചോട്, കേളക്കവല (അംഗൻവാടി)

വാർഡ് X - അച്ചനല്ലി യോഗിമൂല, തൂപ്രദേവർ ഗദ്ദ മാടപ്പള്ളിക്കുന്ന് വെള്ളക്കെട്ട്

വാർഡ് XI വണ്ടിക്കടവ്, കാപ്പിസെറ്റ്, കന്നാരം പുഴക്കുന്ന്, നവോദയ, അമ്പത്താറ്

വാർഡ XII 56 കവല, 73, അമരക്കുനി ദേവർഗദ്ദ ചെറിയ കുരിശ്, കല്ലുവയൽ

### പരിഹാര മാർഗങ്ങൾ

i കമ്പനി ശുദ്ധജല പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ പൈപ്പ് പോകുന്ന സ്ഥലത്ത് നിന്ന് കല്ലുവയൽ കുന്ന് ഒഴികെ മറ്റ് എല്ലാ സ്ഥലത്തും വെള്ളം എത്തിക്കുക.

ii കല്ലുവയൽ മാത്രം കുളം കുഴിച്ച് വെള്ളം അടിച്ച് ജലം എത്തിക്കുക.

iii ആദിവാസി കോളനികളിൽ കേണികൾ, കിണർ എന്നിവ കുഴിക്കുക. കുഴൽ കിണർ കുഴിക്കൽ നിരിത്സാഹപ്പെടുത്തുക.

iv പ്രവർത്തിക്കാത്ത കുഴൽ കിണറുകൾ ഉടനടി നന്നാക്കുക.

v പ്രകൃത്യാലുള്ള ജലസ്രോതസ്സ് കണ്ടെത്തി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുക. ഉദാഹരണം : പള്ളിചിറയിലും, കല്ലുവയലിലും ഉള്ള ജലസ്രോതസ്സുകൾ

vi മുൻപറഞ്ഞ എല്ലാ വാർഡുകളിലെ സ്ഥലങ്ങളിലും കുടിവെള്ളം ലഭ്യമാക്കുക.

vii ആച്ചനള്ളി ദേവർഗദ്ദ വെള്ളക്കെട്ട് എന്നിവിടങ്ങളിലെ സ്വാഭാവിക നീരുറവകളിൽ നിന്നുള്ള ജലം ശേഖരിച്ച് ലിഫ്ട് ചെയ്ത് ഉയർന്ന പ്രദേശങ്ങളിലെത്തിച്ച് അവിടെ നിന്ന് പൈപ്പ് വഴി പബ്ലിക്ക് ടാപ്പ് വഴിയും ആ പ്രദേശത്തെ താമസക്കാർക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും.

viii പഴയ ശുദ്ധജല വിതരണപദ്ധതിയുടെ ടാങ്കും സംവിധാനങ്ങളും എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണ്.

## ശുചിത്വം

പൊതുവെ ശുചിത്വബഹോധം ഉയർന്നുനിലക്കുന്ന ഒരു പഞ്ചായത്ത ആണ പുൽപ്പള്ളി. പുൽപ്പള്ളി ടൗണിനോടു ചേർന്ന സ്ഥലത്ത് മാത്രമേ പഞ്ചായത്ത് സൗകര്യങ്ങൾ ചെയ്യുന്നുള്ളൂ. ടൗണിൽ ദിവസേന അടിച്ചുവാരൽ നടക്കുന്നുണ്ട്. എന്നാൽ മറ്റു ഭാഗങ്ങളിൽ പ്രത്യേകിച്ചും ആദിവാസി കോളനികളിൽ രോഗങ്ങൾ സർവ്വസാധാരണമാണ്. ആദിവാസികളളിൽ പരിസരശുചിത്വത്തിൻെറ അഭാവം മാത്രമല്ല, ശരീരശുചിത്വത്തിൻെറ അഭാവവും കാണപ്പെടുന്നു.

### പരിഹാരമാർഗ്ഗങ്ങൾ

1. തങ്ങളുടെ ശരീരവും പരിസരവും വൃത്തിയോടെ സൂക്ഷിക്കുന്നതിൻെറ ആവശ്യത്തെപ്പറ്റി ജനങ്ങളിൽ ബോധവത്കരണം നടത്തുക.

2 എല്ലാ കോളനികളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നിടത്ത് കക്കൂസ് സ്ലാബ് നിർമ്മിച്ച് കൊടുക്കുക.

3. ആവശ്യമായ സ്ഥലങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുക. കാലാകലങ്ങളിൽ അഴുക്ക് ചാൽ വൃത്തിയാക്കുക.

4. പുൽപ്പള്ളി ടൗണിലുള്ള മത്സ്യ-മാർക്കറ്റുകൾ മാറ്റി സ്ഥാപിക്കുക. ഒരു പബ്ലിക് മാർക്കറ്റ് ഉണ്ടാക്കുക.

5 പറ്റിയ സ്ഥലത്ത് കശാപ്പ് ശാല സ്ഥാപിക്കുക.

# 5-6 ഗതാഗതവും ഊർജ്ജവും

1950- കളിൽ കേരളത്തിൻെറ വിവിധ പ്രദേശങ്ങളിൽ നിന്നും പുൽപ്പള്ളിയിലേക്കാരംഭിച്ച കുടിയേറ്റം 1967 ആയതോടെ ഏതാണ്ട് പൂർണ്ണമായി. ആ കാലഘട്ടത്തിൽ പുൽപ്പള്ളിയുടെ സിംഹഭാഗവും നിബിഡ വനമായിരുന്നു. യാത്രാ സൗകര്യങ്ങൾ കാര്യമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പത്തിരുപതോളം മൈൽ ദൂരമുണ്ടായിരുന്ന പനമരം, മീനങ്ങാടി , മാനന്തവാടി, മുതലായ കേന്ദ്രങ്ങളുമായി കാൽ നടയായി സഞ്ചരിച്ചെത്തിയാണ് നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിരുന്നതും കാർഷികോൽപ്പന്നങ്ങൾ വിറ്റഴിച്ചിരുന്നതും. മൈസൂരിൽ നിന്നും തന്ത്ര, വണ്ടിക്കടവ്, വഴി കാലികളുടെ പുറത്ത് കയറ്റി നിത്യോപയോഗ സാധനങ്ങൾ എത്തിച്ചിരുന്നു. വാഴക്കുലയും മറ്റു കാർഷികോൽപ്പന്നങ്ങളും അതുപോലെ അങ്ങോട്ടും കൊണ്ടു പോയിരുന്നു.

1962 - ൽ പുൽപ്പള്ളി പഞ്ചായത്ത് നിലവിൽ വന്നെങ്കിലും റോഡുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനോ യാത്രാ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനോ് പഞ്ചായത്തിനും സർക്കാരിനും അന്ന ഒന്നും ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. അന്നത്തെ ഇവിടുത്തെ അധ്വാന ശീലരായ കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങളായ കപ്പയും, ചേനയും, ചുക്കും മറ്റും ലോറികളിൽ കൊണ്ടു പോകാനും പുറം ലോകവുമായി ബന്ധപ്പെടാൻ ഉതകും വിധവും കൈവശമുള്ള സ്ഥലം സ്വമേധയാ വിട്ടു കൊടുത്തും വൻ തോതിൽ കായിക ശേഷി സംഭാവന ചെയ്തും നിരവധി റോഡുകൾ വെട്ടിയുണ്ടാക്കി. അധികൃതരുടെ യാതൊരു പങ്കാളിത്തവും ഇല്ലാതെയാണ് ഇന്നു കാണുന്ന് എല്ലാ റോഡുകളും ആദ്യകാലഘട്ടത്തിൽ കർഷകർ സ്വയെ ഉയർന്നു വന്ന് ആവശ്യ ബോധത്താൽ വെട്ടിയുണ്ടാക്കിയത്. എന്നാൽ അത്തരത്തിലുള്ള സമീപനം ഇടക്കാലത്ത് നഷ്ടം വന്നു പോയിയെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. 1971 - ൽ ഈ നാട്ടുകാരനായ ശ്രീ. കെ. രാഘവൻ മാസ്റ്റർ എം. എൽ. എ. ആയശേഷം അന്നത്തെ ഇവിടുത്തെ സാമൂഹ്യ പ്രവർത്തകർ ഒറ്റക്കെട്ടായി ശ്രമിച്ചതിൻെറ ഫലമായി സുൽത്താൻ ബത്തേരി - പെരിക്കല്ലൂർ റോഡ് സർക്കാർ റോഡായി ഏറ്റെടുത്ത് ഈ മേഖലയിൽ ഒരു ശ്രദ്ധേയമായ സംഭവമായിരുന്നു. തുടർന്ന് പുൽപ്പള്ളി- നെയ്ക്കുപ്പ - പനമരം റോഡിന്ും, പുൽപ്പള്ളി - പാക്കം-ദാസനക്കര റോഡിനും വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തു.

പുൽപ്പള്ളി - ബത്തേരി റോഡ്, പുൽപ്പള്ളി- നെയ്ക്കുപ്പ- പനമരം റോഡ് , പുൽപ്പള്ളി- ദാസനക്കര- പനമരം റോഡ്, പുൽപ്പള്ളി-മണൽവയൽ-കേണിച്ചിറ റോഡ് എന്നിവയാണ് പുറം ലോകവുമായി പുൽപ്പള്ളിയെ ബന്ധിപ്പിക്കുന്ന റേഡുകൾ . ആദ്യം സൂചിപ്പിച്ച വിധം നാട്ടുകാരുണ്ടാക്കിയ വിവിധ റോഡുകൾ കൂടി ഉണ്ടായതോടെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ റോഡു സൗകര്യങ്ങൾ കൂടുതലുണ്ടായി.

പഞ്ചായത്തിലുള്ള റോഡുകൾ താഴെ പറയും വിധം തരംതിരിക്കാവുന്നതാ്ണ്.

1. ടാർ ചെയ്ത റോഡുകൾ
2. മെറ്റൽ ചെയ്ത റോഡുകൾ
3. സോളിംഗ് ചെയ്ത റോഡുകൾ
4. മൺ റോഡുകൾ.

പട്ടിക - 1

## പഞ്ചായത്തിൻെറ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം(കി.മി) | വീതി (മി) | ബസ് മറ്റു യാത്രാ സൗകര്യം (കി.മി) |
|---|---|---|---|---|---|
| 1 | ചീയമ്പം - വടാനക്കവല | PWD | 7.500 | 8 | ഉണ്ട് |
| 2. | ഷെഡ്കവല- പച്ചിക്കരമുക്ക് | ,, | 5.00 | 8 | ഉണ്ട് |
| 3 | വലിയകുരിശ് - വണ്ടിക്കടവ് | ,, | 9.00 | 8 | ഉണ്ട് |
| 4 | കാപ്പിസെറ്റ് -പുൽപ്പള്ളി - കുറിച്ചിപ്പറ്റ | പഞ്ചായത്ത് | 12.00 | 4 | " |
| 5 | ദാസനക്കര - വട്ടവയൽ | " | 2 | 3 | ഇല്ല |
| 6 | എരിയപ്പിള്ളി - മണൽ വയൽ | " | 2.500 | 4 | ഉണ്ട് |
| 7 | തഴെഅങ്ങാടി - വേലിയമ്പം | " | 4.00 | 4 | ഉണ്ട് |
| 8 | മാരപ്പൻമൂല - മൂഴിമല | " | 2.00 | 4 | ഉണ്ട് |
| 9 | ഊദാനം - ഇലട്രിക് കവല | " | 1.200 | 4 | " |
| 10 | ജോസ് ടാക്കീസ് - മീനംക്കൊല്ലി | " | 1.200 | 3 | ഇല്ല |
| 11 | പുൽപ്പള്ളി - പച്ചിക്കരമുക്ക് | " | 2.500 | 3 | " |
| 12 | കരിക്കുറ്റിക്കവല- 56 കവല | " | 2.500 | 4 | ഉണ്ട് |
| 13 | വേലിയമ്പം- പോസ്റ്റ്ഓഫീസ് | " | 1.00 | 3 | ഇല്ല |
| 14 | വടാനക്കവല - പാളക്കൊല്ലി | " | 3.00 | 3 | " |
| 15 | വടാനക്കവല -പച്ചുക്കരമുക്ക് | " | 1.00 | 4 | " |
| 16 | ആനപ്പാറ- മിറ്റത്താനിക്കവല | " | 1.500 | 3 | " |
| 17 | ഉദാനം ഷെഡ് - ആലൂർക്കുന്ന് | " | 1.50 | 4 | " |
| 18 | മരകാവ് - ആനപ്പാറ | " | 1.600 | 4 | " |
| 19 | എരിയപ്പള്ളി - കാര്യപാതിക്കുന്ന് | " | 2.00 | 3 | " |
| | ആകേ ദൂരം | | 63.00 | | |

പട്ടിക 2

## മെറ്റൽ റോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ദൂരം(കി.മി) | വീതി (മി) |
|---|---|---|---|
| 1. | കുറിച്ചിപ്പറ്റ - പാക്കം ദാസനക്കര | 5.00 | 4.മീ |
| 2. | ആലൂർക്കുന്ന് - കുറിച്ചിപ്പറ്റ | 2.00 | 3.മീ |
| 3. | ആനപ്പാറ - ഹെൽത്ത് സെൻറർ | 1.500 | 3.മീ |
| 4. | പഴശിരാജകോളേജ് - ചെറ്റപാലം | 2.00 | 4.മീ |
| 5 | ചുണ്ടകൊല്ലി - വട്ടർകവല | 2.00 | 3.മീ |
| 6 | കൂനൻതേക്ക്- കാമികൊല്ലി | 0.800 | 3.മീ |
| 7 | വിജയ തജ ചേപ്പില - താനിത്തെരുവ് | 2.600 | 4.മീ |
| 8 | 117 - കൊളറാട്ടു ക്കുന്ന് | 1.500 | 3.മീ |
| 9 | കേളക്കവല - കല്ലുവയൽ | 2.500 | 6.മീ |
| 10 | കല്ലു വയൽ - ഹെൽത്ത് സെൻറർ | 0.500 | 4.മീ |
| 11 | താഴങ്ങാടി - 117 മാങ്ങാകണ്ടി | 0.500 | 4.മീ |
| 12 | ആടിക്കൊല്ലി - തൂപ്ര- ബാങ്ക്കവല | 3.500 | 4.മീ |
| 13 | ആശ്രമകൊല്ലി - ചേപ്പില - ഷെഡ് | 2.00 | 6.മീ |
| 14 | 56 കവല - ചെറിയകുരിശ് | 1.500 | 4.മീ |
| 15 | ആടിക്കൊല്ലി - ചേപ്പില | 0.500 | 4.മീ |
| 16 | കാപ്പിസെറ്റ് - കന്നാരപ്പുഴ -അമരക്കുനി | 3.00 | 4.മീ |
| 17 | എരിയപ്പള്ളി - ചേപ്പില - കളനാടികൊല്ലി | 1.600 | 4.മീ |
| | ആകെ | 67 കി. മീ | |

പട്ടിക 3

## സോളിംഗ് റോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ദൂരം (കി.മി) |
|---|---|---|
| 1 | ഉദയക്കര - വിലങ്ങാടി | 6.00 |
| 2 | പാക്കം L.P സ്കൂൾ | 0.700 |
| 3 | വേലിയമ്പം - മാനിക്കാട്ട്കുന്ന് | 1.500 |
| 4 | വാളമ്ങ്ങമൂല - കുളത്തൂർ കോളനി | 1.00 |
| 5 | ആനപ്പാറ - കാലിപൗണ്ട് | 1.00 |
| 6 | സെൻറ് ജോർജ് സ്കൂൾ - ചൈന്ത | 1.00 |
| 7 | ടെലിഫോൺ എക്സ്ചേഞ്ച് - അത്തിക്കുനി | 0.500 |
| 8 | യാക്കൊബിറ്റ് ചർച്ച് - ഹെൽത്ത്സെൻറർ | 1.00 |
| 9 | മീനംകൊല്ലി - മാരപ്പൻ മൂല | 1.00 |
| 10 | അമ്മായിക്കവല - മരകാവ് | 1.00 |
| 11 | മൂഴിമല - കാപ്പിക്കുന്ന് | 2.00 |
| 12 | വേലിയമ്പം - ചെറുവള്ളി കോളനി | 1.00 |
| 13 | മാരപ്പൻ മൂല - കെളറാട്ടുകുന്ന് | 2.00 |
| 14 | മരകാവ്- മൂഴിമല | 1.500 |
| 15 | മൂഴിമല - കുരുവിളക്കുന്ന് | 1.00 |
| 16 | എരിയപ്പള്ളി - കതവാക്കുന്ന് | 2.00 |
| 17 | ദേവർഗദ്ധ - ഊട്ടികവല | 2.00 |
| 18 | വണ്ടിക്കടവ് - ഫോറസ്റ്റ് ഓഫീസ് | 2.00 |
| 19 | കാപ്പിസെറ്റ് - വണ്ടിക്കടവ് | 2.00 |
| | ആകെ | 24.3 കി. മീ |

പട്ടിക .4

## മണ്ണുറോഡുകൾ

| വാർഡ് | നമ്പർ | റോഡിൻെറ പേര് | ദൂരം കി.മി |
|---|---|---|---|
| 1 | 1 | വിലങ്ങാടി - പന്നിക്കല്ല് | 4.00 |
| " | 2 | പന്നിക്കല്ല് - പാക്കം | 6.00 |
| " | 3 | ചേകാടി - തോണിക്കടവ് | 0.750 |
| " | 4 | ചേകാടി - കട്ടകണ്ടി - കുറിച്ചിപറ്റക്കുന്ന് | 4.00 |
| " | 5 | ചേകാടി- മൂലവയൽ കോളനി | 0.700 |
| " | 6 | ചേകാടി - മച്ചിമൂല | 0.700 |
| " | 7 | പാക്കം എൽ. പി. എസ് - കാരേരി - ദാസനക്കര | 3.00 |
| " | 8 | പാക്കം - കുറുവാദ്വീപ് | 1.500 |
| " | 9 | തിരുമുഖം - പാലംചോല | 1.00 |
| " | 10 | ദാസനക്കര - മച്ചിമൂല - പ്ട്ട വയൽ | .1.500 |
| " | 11 | പാക്കം - ക്ട്ടക്കണ്ടി കോളനി | 1.00 |
| 2 | 12 | മാനിക്കാട്ട് കുന്ന് - കുറിച്ചിപ്പറ്റ | 1.00 |
| " | 13 | കുറിച്ചിപ്പറ്റ - കുതിരമൂല | 1.00 |
| " | 14 | വേലിയമ്പം-ചുള്ളിക്കാട്ട് ശ്മാശാനം | 3.00 |
| " | 15 | കുറിച്ചിപറ്റ - ചങ്ങലഗേറ്റ് | 2.00 |
| " | 16 | ഷെഡ് - വേലിയമ്പം | 0.700 |
| " | 17 | വേലിയമ്പം - പെരുമുണ്ട - കൊല്ലിവര | 1.500 |
| 3 | 18 | മേലേവാളമാങ്ങ കോളനി | 1.00 |
| " | 19 | ചൈന്ത - കുളത്തൂർ | 2.00 |
| " | 20 | മേമാട്ടുകവല - ആളകെല്ലി - കുണ്ടൂർ | 1.500 |
| " | 21 | പാളക്കൊല്ലി - താഴക്കുളത്തൂർ പണിയകോളനി | 0.500 |
| " | 22 | ആനപ്പാറ - ചാത്തമംഗലം - പണിയകോളനി | 2.500 |
| " | 23 | ആനപ്പാറ - വീട്ടിമൂലപണിയകോളനി | 1.00 |
| " | 24 | ഭൂദാനം - കുമിച്ചി വയൽ | 3.00 |
| " | 25 | ഭൂദാനം - കുമിച്ചി | 0.500 |

| | | | |
|---|---|---|---|
| " | 26 | പുല്ലന്താനികവല - മരകാവ് | 1.00 |
| " | 27 | ആനപ്പാറ - പൊന്തൻ മ്ാക്കൽ കുന്ന് | 1.00 |
| " | 28 | ആനപ്പാറ - കുളത്തൂർ വയൽ | |
| 4 | 29 | ടെലഫോൺ എക്സ്ചേഞ്ച് - അത്തിക്കുനി | 1.500 |
| " | 30 | ടെലഫോൺ എക്സ്ചേഞ്ച് - ശ്രീകൃഷ്ണക്ഷേത്രം | 0.700 |
| " | 31 | ദേവസ്വം ഓഫീസ് - ആദിവാസികോളനി | 0.700 |
| 5 | 32 | താന്നിതെരുവ് - കാളമൂഴി | 0.700 |
| " | 33 | കൂനം തേക്ക് - കാമികൊല്ലി | 0.500 |
| " | 34 | ചെറ്റപാലം - കുറിച്ച്യൻ മൂല | 0.600 |
| " | 35 | ചുണ്ടകൊല്ലി - കടിപ്പികവല | 0.500 |
| 6 | 36 | ചേപ്പില - പണിയേകോളനി | 2.00 |
| " | 37 | ചേപ്പില - നായിക്കകോളനി | 1.00 |
| " | 38 | എരിയപ്പള്ളി - ചേപ്പില - കളനാടികൊല്ലി | 0.800 |
| 7 | 39 | ഹെൽത്ത് സെൻറർ - ചർച്ച് റോഡ് | 1.500 |
| " | 40 | മുണ്ടക്കാമറ്റം കോളനി | 1 .00 |
| " | 41 | മാരപ്പൻ മൂല - മീനം കൊല്ലി | 1.500 |
| 8 | 42 | കൊളറാട്ടുകുന്ന് - താഴേകാപ്പ് - കാപ്പിക്കുന്ന് | 2.00 |
| " | 43 | പൈക്കമൂല - പുതിയടം | 1.00 |
| " | 44 | കൊളറാട്ടുകുന്ന് -മുണ്ടകുറ്റിക്കുന്ന് | 1.500 |
| " | 45 | കാപ്പിക്കുന്ന് - പുതിയടം | 1.00 |
| " | 46 | കൊളറാട്ടുകുന്ന് - താഴേകാപ്പ് കോളനി | 2.00 |
| 9 | 47 | താഴങ്ങാടി - 117 - ഇല്ലിച്ചോട് | 2.00 |
| " | 48 | ജി.വി. എൻ. - മാനിവയൽ | 2.500 |
| " | 49 | പ്രിയദർശിനി കോളനി - പാലമറ്റം | 2.00 |
| " | 50 | കളനാടികൊല്ലി - പണിയകോളനി | 1.00 |
| " | 51 | എരിയപ്പള്ളി - വള്ളിയോട്ട്ക്കുന്ന് | 1.00 |
| " | 52 | കളനാടികൊല്ലി - നായിക്കകോളനി | 1.00 |
| " | 53 | എരിയപ്പള്ളി - കടവക്കുന്ന് | 1.00 |
| " | 54 | മടാപ്പറമ്പ് - കോളനി | 4.00 |

| | | | |
|---|---|---|---|
| " | 55 | കൊളറാട്ടുകുന്ന് - കാര്യം പാതി | 1.00 |
| 10 | 56 | തൂപ്ര - ചെറ്റപ്പാലംപള്ളി | 1.00 |
| " | 57 | ബാങ്ക് കവല - ദേവർഗദ്ധ | 1.00 |
| 11 | 58 | കാപ്പിസെറ്റ് - കന്നാരംപുഴ - അമരക്കുനി | 1.00 |
| " | 59 | താഴേകാപ്പിസെറ്റ് - വണ്ടിക്കടവ് - ആദിവാസികോളനി | 2.00 |
| " | 60 | കാപ്പിസെറ്റ് - ഹരിജൻകോളനി | 1.500 |
| " | 61 | അമരക്കുനി - മാട്ടുപ്പാറക്കവല - 73 | 1.00 |
| " | 62 | വണ്ടിക്കടവ് - ആദിവാസികോളനി | 1.00 |
| " | 63 | സ്തുതികാട്ട്കവല - കന്നാരംപുഴ | 0.750 |
| " | 64 | ദേവർഗദ്ധ ശിവക്ഷേത്രം - എസ്. എൻ. ഏ.എൽ.പി.എസ് | 0.750 |
| 12 | 65 | 56 കവല - 73 കവല | 1.500 |
| " | 66 | ചീയമ്പം - കേളകവല | 1.00 |
| " | 67 | കരിയാകുളം - പുറമടം | 0.500 |
| " | 68 | മമ്മതൻ മൂല - കല്ലോണിക്കുന്ന് | 0.250 |
| " | 69 | അമരക്കുനി - നെല്ലിച്ചോട്- 73 | 1.00 |
| " | 70 | ആശ്രമകൊല്ലി - മുനിക്കല്ല് - ആദിവാസികോളനി | 1.00 |
| | | ആകേ ദൂരം | 98.6 കി.മീ |

കേരളത്തിൽ എണ്ണം കൊണ്ടും ദൂരം കൊണ്ടും ഏറ്റവുമേറെ റോഡുകളുള്ള ഒരു പഞ്ചായത്താണ് പുൽപ്പള്ളി. ജനകീയാസൂത്രണ പദ്ധതിയിൽ തന്നെ മാതൃക, പഞ്ചായത്തായി ഏറ്റെടുത്തിരിക്കുന്ന കണ്ണൂർ ജില്ലയിലെ കല്യാശേരി പഞ്ചായത്ത് റോഡുകൾ 58 കി.മീറ്ററാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ 200 കി.മീറ്ററിലേറെയാണിത്. അവിടെ 8 കി.മീറ്റർ റോഡാണ് ടാർ ചെയ്ത്ത് എങ്കിൽ ഇവിടെ 40 ലേറെ കി.മീറ്റർ പഞ്ചായത്തി റോഡുകൾ ടാർ ചെയ്തിട്ടുണ്ട്. സുമാർ 95 കി.മീറ്ററോളം കല്ലിട്ട റോഡുകളും ഇവിടെയുണ്ട്. പഞ്ചായത്തിൻേറയും ... ഉടമസ്ഥതയിലായി ആകെ 62 കിയമീറ്റർ റോഡ് ടാറിട്ടിട്ടുള്ളതിൽ ബസ്സോടുന്നവ, പുൽപ്പള്ളി-ബത്തേരി, പുൽപ്പള്ളി-വേലിയമ്പം, പുൽപ്പള്ളി,-കാപ്പിസെറ്റ്, പുൽപ്പള്ളി- കാപ്പിസെറ്റ്- അമ്പത്തിയാറ്, പുൽപ്പള്ളി-ആടിക്കൊല്ലി-അമ്പത്തിയാറ് എന്നിവയാണ്.

## പ്രശ്നങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ റോഡുകൾ നിരവധി ഉണ്ടെങ്കിലും അതിൻെറ സംരക്ഷണം ഒരു വലിയ പ്രശ്നമായി അവശേഷിക്കുകയാണ്. ബസ്സോടുന്ന റോഡുകളെല്ലാം കാലാകാലങ്ങളിൽ അറ്റ കുറ്റ പണികൾ നടത്തി സംരക്ഷിക്കുവാൻ പഞ്ചായത്തിനും സർക്കാറിനും കഴിയാറില്ല. റോഡുകളുടെ അരികിലൂടെ വെള്ളമൊഴുകി പോകുന്നതിനുള്ള ഡ്രൈനേജ് ഇല്ലാത്തതിനാൽ റോഡുകൾ വേഗത്തിൽ

തകർന്നുപോകുന്നു. മൺറോഡുകൾ പലതും കല്ലിട്ടു കൊടുക്കാൻ കഴിയാത്തതുമൂലം മഴക്കാലത്ത് ഗതാഗതം ദുർഘടമാകുന്നു. 200-/ഓളം ട്രിപ്പുകൾ ബസ്സ് സർവ്വീസുകളും, 250-ഓളം ജിപ്പുകളും, 150-ഓളം ഓട്ടോറിക്ഷകളും ദിവസേന സർവ്വീസ് നടത്തുന്ന ഇവിടുത്തെ റോഡുകൾ വേണ്ട വിധം പരിരക്ഷിക്കുവാൻ കഴിയുന്നില്ല.

പട്ടിക 5

നിലവിലുള്ളതും അടിയന്തരമായി വീതികൂട്ടി ഓടതീർത്ത് റീടാർ ചെയ്യേണ്ട റോഡുകൾ

| | | |
|---|---|---|
| 1. | കാപ്പിസെറ്റ് - ചെറ്റപ്പാലം - താനിത്തെരുവ് - കുറിച്ചിപ്പറ്റ | 11. 00 കി.മീ |
| 2. | താഴേഅങ്ങാടി - മാരപ്പൻമൂല - വേലിയമ്പം | 4.00 കി.മീ |
| 3 | എരിയപ്പള്ളി - മണൽവയൽ | 2.500 കി.മീ |
| 4. | പുൽപ്പള്ളി - പച്ചിക്കരമുക്ക് | 2.500 കി. മീ |
| | ആകെ | 20 കി. മി |

മൺറോഡുകളെല്ലാം കല്ലിടുവാനും, കല്ലിട്ടാൽ ഉടൻ ടാറിടുവാനും നാം മുറവിളി ഉയർത്തുന്നു. ഇപ്പോൾ തന്നെ പഞ്ചായത്തിൻെറ വരുമാനത്തിൽ 40% റോഡുകൾക്കും പാലങ്ങൾക്കുമായാണ് ചിലവഴിക്കുന്നത്.

## പരിഹാരങ്ങൾ

പഞ്ചായത്തിലെ എണ്ണത്തിൽ നിരവധിയായ റോഡുകളെല്ലാം വേണ്ടവിധം സംരക്ഷിക്കുവാൻ ഇപ്പോൾ പഞ്ചായത്തിന് കഴിയുകയില്ലായെന്ന സത്യം നാം മനസ്സിലാക്കണം. പഞ്ചായത്തിൻെറ അധീനതയിതുള്ള റോഡുകൾ ടാർ ചെയ്തു സംരക്ഷിക്കണമെങ്കിൽ ഒരു കോടി രൂപാ പോലും മതിയാകില്ല. അതിനു പുറമേയാണ് റോഡരുകുകളിൽ വെള്ളമൊഴുകി പോകാൻ ഡ്രൈനേജ് ഉണ്ടാക്കുക എന്ന പ്രശ്നം. ഈ സാഹചര്യത്തിൽ കുടിയേറ്റ കാലത്ത് നമ്മുടെ പൂർവ്വികർ വൻ തോതിൽ മനുഷ്യ വിഭവം സംഭാവന നൽകിയത് നാം വീണ്ടും ഓർമ്മിക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടിവരുന്നു.

റോഡുകൾ സംരക്ഷിക്കൽ മാത്രമല്ലല്ലോ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റ് വികസന മേഖലകളിൽ നമുക്ക് കടന്ന് ചെല്ലുവാൻ കഴിയണ്ടേ? അങ്ങനെ ചിന്തിക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ നമുക്ക് പരിഗണിക്കേണ്ടി വരും.

1. പഞ്ചായത്തിൽ ബസ്സോടുന്ന റോഡുകൾ ടാർ ചെയ്തും അറ്റകുറ്റ പണികൾ ചെയ്തും സംരക്ഷിക്കുന്നതിന് മുൻഗണന നൽകുക.

2. ഉൾപ്രദേശങ്ങളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കുവാൻ കല്ലിട്ട് സംരക്ഷിക്കുക.

3. കല്ലിട്ട റോഡുകളിൽ വർഷത്തിലൊരിക്കൽ കല്ലിളകി പോകാതെ നാട്ടുകാരുടെ സന്നദ്ധ പ്രവർത്തനം വഴി മണ്ണിട്ട് സംരക്ഷിക്കുക.

4. റോഡരികിൽ വെള്ളം ഒഴുകി പോകുന്നതിനുള്ള ചാലുകൾ ഉണ്ടാക്കാനും, റോഡു വക്കിൽ വളരുന്ന കാടുകൾ വെട്ടിനീക്കാനും നാട്ടുകാർ ശ്രമദാനം നടത്തി സഹകരിക്കുക.

(ആദ്യകാലത്ത് ഈ നാട്ടിലെ കർഷകർ കാണിച്ച വിശാല മനോഭാവം വച്ചു നോക്കിയാൽ ഇതൊരു വലിയ പ്രശ്നമല്ല.) പുൽപ്പള്ളി പഞ്ചായത്തിലെ പല റോഡുകളിലും കലുങ്കുകളും, പാർശ്വ ഭിത്തികളും നിർമ്മിക്കേണ്ടതുണ്ട്. ചില റോഡുകളിൽ കോൺക്രീറ്റ് പാലങ്ങളും നിർമ്മിക്കേണ്ടതുണ്ട്. അവയെ

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതായ റോഡുകൾ

പുൽപ്പള്ളിയിലെ ഏറ്റവും പ്രധാനപ്പെട്ട ..... റോഡായ ബത്തേരി - പുൽപ്പള്ളി - പെരിക്കല്ലൂർ റോഡുമായും പ്രധാനപ്പെട്ട ജില്ലാ കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്ന മറ്റു റോഡുകളുമായി ബന്ധപ്പെടുന്ന

പട്ടിക 6

പാലം, കലുങ്ക്, എന്നിവ പണിയേണ്ട റോഡുകൾ

| വാർഡ് | നംമ്പർ | റോഡ് | പാലം | കലുങ്ക് |
|---|---|---|---|---|
| 1 | 1 | ചേകാടി - വിലങ്ങാടി - പന്നിക്കല്ല് | 1 | - |
| | 2 | പാക്കം എൽ. പി. എസ് - ഫോറസ്റ്റ് വയൽ കോളനി | - | 4 |
| | 3 | പാക്കം - കുറുവദ്വീപ് | 2 | 1 |
| 2 | 4 | മാനിക്കാട് - കുറിച്ചിപറ്റ | 1 | - |
| 3 | 5 | ആനപ്പാറ - വള്ളിക്കവല | - | 1 |
| | 6 | സെൻറ് ജോർജ് - ചൈന്ത - കുളത്തൂർ | - | 1 |
| | 7 | ടെലേഫാൺഎക്സ്ചേഞ്ചിനു സമീപം | - | 1 |
| | 8 | ചുണ്ടക്കൊല്ലി - പച്ചിക്കരമുക്ക് | - | 1 |
| 5 | 9 | പുൽപ്പള്ളി - ചെറ്റപ്പാലം വാട്ടർ ടാങ്കിന് സമീപം | - | 1 |
| | 10 | തേൻകുന്നേൽവീടിനുസമീപം | - | 1 |
| | 11 | ചെറ്റപ്പാലം - വെള്ളകെട്ട് - പഴശിരാജാകോളേജ് | - | 1 |
| 7 | 12 | ചർച്ച് - ഹെൽത്ത് സെൻറർ | 1 | - |
| 8 | 13 | മൂഴിമലജംഗ്ഷൻ | - | 1 |
| | 14 | കൊട്ടമുരട്ട് വിൻസൻറ് കോളനിക്ക് സമീപം | - | 1 |
| 9 | 15 | കളനാടികൊല്ലി - എരഞ്ഞോട്കുന്ന് | 1 | - |
| | 16 | കല്ലുവയൽ - കാര്യം പാതിക്കുന്ന് | 1 | 1 |
| | 17 | കല്ലുവയൽ - മീൻകൊമ്പ് വി. എച്ച്. എസ് | 1 | 1 |
| | 18 | കല്ലുവയൽ കോളനി ക്ഷേത്രം | 1 | 1 |
| | 19 | താഴേഅങ്ങാടി - മാങ്ങാകണ്ടി | - | 1 |
| | 20 | ജി.വി. എൻ - മാനിവയൽ റോഡ് | - | 1 |
| 10 | 21 | തൂപ്ര - ചെറ്റപ്പാലം | 1 | - |

| | | | | |
|---|---|---|---|---|
| | 22 | മമ്മതൻ മൂല - മാങ്ങാകണ്ടിതോട് | 1 | - |
| 11 | 23 | നവോദയാ നഗർ - അമരക്കുനിതാഴേ | - | 1 |
| | 24 | വണ്ടിക്കടവ്- ഫോറസ്റ്റ് ഓഫീസ് | - | 1 |
| | 25 | കാപ്പിസെറ്റ് - വണ്ടിക്കടവ - ഹരിജൻകോളനി | - | 1 |
| | 26 | വണ്ടിക്കടവ്- കർണാടക അതിർത്തി | 1 | - |
| 12 | 27 | ആശ്രമകൊല്ലി - മുനിക്കല്ല് ആദിവാസികോളനി | - | 1 |
| ആകെ | 13 | 23 | | |

പട്ടിക 7

ഗതാഗതവുമായി ബന്ധപ്പെട്ട് അടിയന്തിരമായി ചെയ്യേണ്ട മറ്റ് പ്രവർത്തികൾ

1 ചുണ്ടക്കൊല്ലി - പച്ചിക്കരമുക്ക്റോഡിൽ വയൽ ഭാഗത്ത് 400 മീ. കല്ലുകെട്ടിസംരക്ഷിക്കണം

2. പുൽപ്പള്ളി - ചെറ്റപ്പാലംറോഡിൽ ഇരുവശവും ഓടതീർക്കണം

3. കോളറാട്ടകുന്ന് - അരിക്കോട് - താഴേക്കാപ്പ് - കാപ്പിക്കുന്ന് റോഡ് വയലിൽ റോഡിൻെറ ഇരുവശവും കല്ലുകെട്ടണം

4. ആശ്രമെക്കാല്ലി - മുനിക്കല്ല് ആദിവാസികോളനി റോഡ് വയൽഭാഗത്ത്ഇരുവശവും കല്ലുകെട്ടണം.

താഴെപ്പറയുന്നറോഡുകൾ അടിയന്തിരമായി ..... ഏറ്റെടുക്കേണ്ടതാണ്.

## യാത്ര പ്രശ്നം

കേരശത്തിൻെറ തെക്കൻ ജില്ലകളിൽ നിന്നും കുടിയേറിയവരാണ് പുൽപ്പള്ളിക്കാരിൽ ഏറെയും. അവരുടെ നാടുമായി ബന്ധപ്പെടുന്നതിനും ഭരണപരമായ ആവശ്യങ്ങൾ നടത്തുന്നതിനുമായി കേരളത്തിൻെറ മറ്റ് പ്രദേശങ്ങളിലേക്ക് നിരന്തരമായ യാത്ര ഇവിടുത്തുകാർക്ക് ആവശ്യമായി വരുന്നു. ഏതാനും വർഷങ്ങൾക്കുമുൻപ് വരെ കേരളത്തിലെ നിരവധി കേന്ദ്രങ്ങളിലേക്ക് പുൽപ്പള്ളിയിൽ നിന്ന് നേരിട്ട് ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു. ഈ രംഗത്ത് ഏറെ സഹായകമായിരുന്ന കെ.എസ്.ആർ.ടി.സി ഇപ്പോൾ രംഗത്തുനിന്ന് പിൻമാറിയത് ഏറെ വിഷമതകൾ ഉണ്ടാക്കിയിട്ടുണ്ട. താഴെ പറയുന്ന സ്ഥലങ്ങളിലേക്ക് ദീർഘദൂര ബസ്സുകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി. സ്വീകരിക്കണം

പുൽപ്പള്ളി -- കോഴിക്കോട്

പുൽപ്പള്ളി - കണ്ണൂർ

പുൽപ്പള്ളി - തിരുവന്തപുരം

പുൽപ്പള്ളി - കോട്ടയം

പുൽപ്പള്ളി - ബാംഗ്ലൂർ

പുൽപ്പള്ളി - വീരാജ് പേട്ട

പുൽപ്പള്ളി - ഊട്ടി

പുൽപ്പള്ളി - നിലമ്പൂർ

പുൽപ്പള്ളി - കോതമംഗലം

പുൽപ്പള്ളി - എറണാകുളം

പുൽപ്പള്ളി -മംഗലാപുരം

പുൽപ്പള്ളി - തൊടുപുഴ

ബൈരക്കുപ്പ പാലം

പുൽപ്പള്ളി, മുള്ളൻ കൊല്ലി പഞ്ചായത്തുകളേയും വയനാട് ജില്ലയെ പൊതുവായും കർണ്ണാടകയുമായി ബന്ധിപ്പിക്കുന്ന കബനീ പുഴയുടെ കുറുകെ ബൈരക്കുപ്പയിൽ ഒരു പാലം പണിയുകയെന്ന് നിർദ്ദേശം വളരെ കാലമായി ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ 1994-95 കാലത്ത് പാലത്തിനായി ഒരു തറക്കല്ല് പെരിക്കല്ലൂരിൽ ഇട്ടതല്ലാതെ മറ്റ് നടപടികൾ ഉണ്ടായിട്ടില്ല. വിശദമായി എസ്റ്റിമേറ്റ്, അതിന് ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയ നിരവധി കടമ്പകൾ കടന്നാൽ മാത്രമെ ഇത് സാധ്യമാകു. ഇതിന് കർണ്ണാടക കേരള സർക്കാറുകളുടെ ഗൗരവ തരത്തിലുള്ള ശ്രദ്ധ പതിയേണ്ടതുണ്ട്. അങ്ങനെ അവിടെ ഒരു പാലം ഉണ്ടായാൽ ഈ പ്രദേശത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് ബന്ധപ്പെട്ട് സർക്കാരുകൾ സത്വര ശ്രദ്ധ പതിപ്പിക്കണം.

റെയിൽ ഗതാഗതം

വയനാട് ജില്ലയിൽ നിലവിൽ റെയിൽ ഗതാഗതം ഇല്ല. ബ്രിട്ടീഷുകാരുടെ കാലത്ത് നഞ്ചൽ കോട്ടു നിന്നും വയനാട് ജില്ലയിലൂടെ റെയിൽവേ ലൈനിനായി ഒരു സർവ്വേ നടന്നതായി അറിയുന്നു. ഇപ്പോൾ വീണ്ടും പുതിയൊരു ലൈനിനായി സർവ്വേ നടത്തുവാൻ കേന്ദ്ര സർക്കാർ നീക്കം ആരംഭിച്ചിട്ടുണ്ടെന്ന് അറിയുന്നു. അത് നഞ്ചൽ കോട്ടു നിന്നും നന്ത്ര - വണ്ടിക്കടവ്- പുൽപ്പള്ളി -പൂതാടി-മീനങ്ങാടി- കൽപ്പറ്റ-പടിഞ്ഞാറത്തറവഴി വടകരയുമായി ബന്ധിപ്പിച്ചാൽ അത് പുൽപ്പള്ളിയുടെ വികസനത്തിന് വൻ കുതിപ്പ് ഉളവാക്കുന്നതാകും.

ബസ് വെയ്റ്റിംഗ് ഷെഡുകൾ

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കാൻ നടപടികൾ ഉണ്ടാകണം. അത് യാത്രക്കാർക്ക് ഏറെ ആശ്വാസകരമായിരിക്കും.

പൊതുവിൽ വിശകലനം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നമുക്ക് ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. അക്കാര്യത്തിൽ ജനങ്ങളുടെ ഭാഗത്ത് നിന്നുമുള്ള വലിയ പങ്കാളിത്തം അനിവാര്യമാണ്. അത് കാര്യമായി പ്രതീക്ഷിക്കുന്നു.

ഊർജ്ജം

ആധുനിക ലോകത്തിന്റെ സൃഷ്ടിക്കും ജനതയുടെ പുരോഗതിക്കും നിദാനമായി വർത്തിച്ചത് ഊർജ്ജോൽപാദന രംഗത്തുണ്ടായ വിപ്ലവമാണ്. ഊർജ്ജോൽപ്പാദന സങ്കേതങ്ങൾ വികസിപ്പിച്ചെടുത്തതോടെ ഈ മേഖലയിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. സൗരോർജ്ജത്തിന് ഉപയോഗം വളരെ മാറ്റമുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. നമ്മുടെ നാടിന്റെ വ്യവസായിക- കാർഷിക വളർച്ചക്ക് വാർത്തി വിനിമയ രംഗത്തേയും വളർത്തിയത് വൈദ്യുതിയുടെ സാർവ്വത്രികമായ ഉപഭോഗവും

ലഭ്യതയുമാണ്. ജലവൈദ്യുത നിലയം, താപ വൈദ്യുത നിലയം, അണു വൈദ്യുത നിലയം എന്നിവയിൽ നിന്നാണ് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. അതിനു പുറമെ സൗരോർജ്ജം, കാറ്റാടി യന്ത്രം വിവിധ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ എന്നിവയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. എങ്കിലും കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കുടിയേറ്റ മേഖലയായ പുൽപ്പള്ളിയിൽ ഊർജ്ജോൽപ്പാദന സ്രോതസ്സുകൾ ഒന്നും തന്നെയില്ല. കുടിയേറ്റ കാലഘട്ടത്തിന് വിറകാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ആദിവാസി വിഭാഗങ്ങളിൽ പെട്ടവർ മരോട്ടി എണ്ണയും കടപരുത്തി അല്ലെങ്കിൽ കമ്മട്ടി എന്ന ചെടിയുടെ കുരുവാണ് വെളിച്ചത്തിന് വേണ്ടി ഉപയോഗിക്കുന്നത്.

ഇപ്പോൾ പഞ്ചായത്തിലെ ജനങ്ങളിൽ അധികം പേരും മണ്ണെണ്ണയും, ഡീസലുമാണ് ഉപയോഗിച്ച് വരുന്നത്. സാമ്പത്തികമായും മുന്നോക്കം നിൽക്കുന്നവരുടെ ഇടയിൽ ജനറേറ്റർ, ഗോബർ ഗ്യാസ് പ്ലാൻറുകളും ബയോഗ്യാസ് പ്ലാൻറുകളും, ഗ്യാസും ഉപയോഗിച്ചു വരുന്നു. ഈ പ്രദേശത്ത് പൊതുവിതരണ കേന്ദ്രം വഴിയാണ് മണ്ണെണ്ണയുടെ വിതരണം നടത്തുന്നത്. അടുത്ത കാലത്തായി പൊതു മാർക്കറ്റിൽ നിന്നും മണ്ണെണ്ണ ലഭിക്കാൻ തുടങ്ങിയിട്ടുണ്ട്. ഡീസലും, പെട്രോളും ഈ മേഖലയിലെ ഏക ബങ്കിൽ നിന്നുമാണ് ലഭിക്കുന്നത്. 1979ലാണ് പുൽപ്പള്ളി പ്രദേശത്ത് വൈദ്യുതി എത്തിയത്. കേണിച്ചിറയിൽ നിന്നും വനങ്ങളിലൂടെയാണ് ഈ ലൈൻ വലിച്ചിരിക്കുന്നത്. ചുരുങ്ങിയ ആളുകൾക്ക് മാത്രമെ അന്ന് ഇതിൻെറ പ്രയോജനം ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഇന്ന് പുൽപ്പള്ളിയിൽ 30% വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

പട്ടിക

| | |
|---|---|
| ആകെ വീടുകളുടെ എണ്ണം | 9437 |
| വൈദ്യുതീകരിച്ചവ | 3300 |
| ട്രാൻസ്ഫോർമറുകൾ | 19 |

1991 ൽ ദാസനക്കരയിൽ നിന്നും ഒരു 11 കെ.വി. ഫീഡർ 12 കെ.എം. നീളത്തിൽ വലിച്ചി പുൽപ്പള്ളിയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പുൽപ്പള്ളി -മുള്ളൻകൊല്ലി-പൂതാടി എന്നീ മൂന്നു പഞ്ചായത്തുകളിലായി 95 കെ.എം. ദൈർഘ്യം വരുന്ന 11 കെ.വി. ലൈനുണ്ട്. 48 ട്രാൻസ്ഫോർമറുകളും 30000 കെ.എം. എൽ.ടി. ലൈനും 5800 കണക്ഷനും ഉണ്ട്. (പുൽപ്പള്ളിയിലെ മാത്രം കണക്കുകൾ മേൽ പട്ടികയിൽ വിവരിച്ചിട്ടുണ്ട് ) ഇത്രയും ലൈൻ സംരക്ഷിക്കുന്നതിന് ഒരു സബ് എഞ്ചിനീയറും ഒരു ഓവർസീയറും രണ്ടു ലൈൻമാന്മാരും രണ്ട് വർക്കർക്കമാരും ആണ് ഉള്ളത്. ഇത്രയും ചുരുങ്ങിയ

ജീവനക്കാരെ കൊണ്ട് ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ലായെന്നുള്ളതുകൊണ്ട് ധാരാളം പ്രശ്നങ്ങൾ ഈ രംഗത്തുണ്ട്.

**പ്രശ്നങ്ങൾ**

ലൈൻ വനങ്ങളിലൂടെ കടന്നു വരുന്നത് കൊണ്ട് മഴക്കാലത്ത് ശക്തമായ കാറ്റടിക്കുന്നത് കൊണ്ടും പുൽപ്പള്ളിയിൽ വൈദ്യുതി ഉണ്ടാവാറില്ല. വൈദ്യുതി ഉള്ളപ്പോൾ തന്നെ വോൾട്ടേജ് ക്ഷാമം കാര്യമായി അനുഭവപ്പെടുന്നുണ്ട്. തികച്ചും കാർഷിക മേഖലയായ പുൽപ്പള്ളി കൃഷി ആവശ്യത്തിന് ജലം ലഭ്യമാക്കുന്ന്തിന് ചില പദ്ധതികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. എങ്കിലും പണി പൂർത്തിയായ പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. കൂടാതെ സ്വകാര്യമേഖലയിൽ ധാരാളം പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുവാനുള്ള സാധ്യത ഉണ്ട് എങ്കിലും വൈദ്യുതി ഇല്ലാത്തത് കൊണ്ടും വോൾട്ടേജ് ക്ഷാമം കൊണ്ടും അവ പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വരുന്നു. ഡീസൽ എഞ്ചിനെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായ ഈ പ്രദേശത്ത് ധാരാളം കുഴൽ കിണറുകൾ സ്വകാര്യ ഉടമയിൽ ഉണ്ടെങ്കിലും വൈദ്യുതി ഇല്ലാത്തതു കൊണ്ട് അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ട്രാൻസ്ഫോർമറുകളുടെ കുറവു മൂലവും ട്രാൻസ്ഫോമറുകളിൽ നിന്നുള്ള ലൈനിന്റെ ദൈർഘ്യ കൂടുതലും കാരണം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ആവശ്യത്തിന് വൈദ്യുതി ലഭിച്ചാൻ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിലൂടെ കടന്ന പോകുന്ന കബനീ നദിയിൽ നിന്നും കന്നാരം പുഴയിൽ നിന്നും പഞ്ചായത്തിനുള്ളിൽ ഒഴുകുന്ന മറ്റ് തോടുകളിൽ നിന്നും പമ്പ് സെറ്റ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കാർഷിക മേഖലയിൽ വളരെയേറെ അഭിവൃദ്ധി ഉണ്ടാക്കാൻ കഴിയുന്നു. പഞ്ചായത്തിലെ ജനങ്ങളിൽ 2% .ആളുകൾ മാത്രമെ പാചകവാതചകം ഉപയോഗിക്കുന്നുള്ളു. ലഭ്യത കുറവാണ് ഇതിന് കാരണം. പഞ്ചായത്തിൽ ധാരാളം സാധ്യതയുണ്ടെങ്കിലും സർക്കാറിന്റെ സാമ്പത്തിക സഹായങ്ങളുയെ കുറവ് മൂലവും ജനങ്ങളെ ബോധ വത്ക്കരിക്കാത്തതികൊണ്ടും 64 കുടുംബങ്ങളിൽ മാത്രമെ ഗോബർ ഗ്യാസ് ഉപയോഗിക്കുന്നുള്ളു. കഴിഞ്ഞ കാലങ്ങളിൽ പ്രദേശത്ത് ധാരാളം വിറക് ലഭ്യമായിരുന്നു എങ്കിലും ഇന്ധത്തിും മറ്റ് ആവശ്യങ്ങൾക്കും മരം കൂടുതലായി ഉപയോഗിച്ചുകൊണ്ടും ഇന്ന് മരം ലഭ്യമല്ല. ധാരാളം ആദിവാസി കോളനിയുള്ള ഈ പഞ്ചായത്തിൽ അനർട്ടിന്റെ സഹാത്തോടെ 20 കോളനികളിൽ സോളാർ ലൈറ്റുകൾ ഉപയോഗിക്കുന്നു. സന്നദ്ധ സംഘടനയുടെ സഹായത്തോടെ കുറഞ്ഞ വീടുകൾ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. എങ്കിലും വേണ്ടത്ര ശ്രദ്ധ അതിൽ ഉണ്ടായിട്ടില്ല. ഊർജ്ജ രംഗത്ത് പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന തുലാവ്, തേക്ക്, എന്നിവ ഇപ്പോൾ തീരെ ഉപയോഗിച്ച് വരുന്നില്ല. ഊർജ്ജ പ്രതിസന്ധി മൂലം വ്യവസായ ശാലകളോ, ചെറുകിട വ്യവസായങ്ങളോ ഈ മേഖലയിൽ പ്രവർത്തിക്കന്നില്ല. ആവശ്യത്തിന് വൈദ്യുതി കിട്ടുകയാണെങ്കിൽ കാർഷിക മേഖലയിലും വളരെയേറെ സാധ്യതയുള്ള പ്രദേശമാണ പുൽപ്പള്ളി പഞ്ചായത്ത്.

### സാധ്യതകൾ

പുൽപ്പള്ളി പഞ്ചായത്തിലേക്ക് വൈദ്യുതി കടന്നുവരുന്നത് കേണിച്ചിറയിൽ നിന്നും, പാക്കത്തുനിന്നും ആണ്. ഈ രണ്ട് ലൈനുകളും വനത്തിലൂടെ ആയത് കൊണ്ട് ലൈൻ കടന്നുപോകുന്ന ഭാഗങ്ങളിൽ കാറ്റടിച്ചാലും ലൈനുകളിൽ തട്ടാത്തവണ്ണം വൃക്ഷങ്ങളും, വൃക്ഷകൊമ്പുകളും വേനൽക്കാലത്ത് തന്നെ വെട്ടിമാറ്റേണ്ടതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുനനതി പുൽപ്പള്ളിയിൽ 66 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുകയും ലൈറ്റുകളുടെ അറ്റകുററപണികളും മേൽനോട്ടവും വഹിക്കുന്നതിനും ഒരി മേജർ സെക്ഷൻ ഓഫീസ് അടിയന്തിരമായി ആരംഭിക്കുകയും വേണം. കൂടാതെ വേലിയമ്പം മീനം, കൊല്ലി, കാപ്പിക്കുനന് എന്നീ പ്രദേശങ്ങളിൽ ട്രാൻസ്റേഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. സർക്കാർ ഉടമയിൽ തുടങ്ങിവെച്ചിട്ടുള്ളതും, പൂർത്തീകരിച്ചിട്ടു ള്ളതുമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് അടിയന്തിരമായി കണക്ഷൻ കൊടുത്ത് ആ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. വൈദ്യുതി എത്താത്തതും വനത്തിനുള്ളിലൂടെ ലൈൻ വലിക്കേണ്ടതുമായ എല്ലാ കോളനികളളും വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളെ വന്യമൃഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും മറ്റുമായി വനത്തിലൂടെ കടന്നുപോകുന്ന ഭാഗങ്ങളിൽ മണ്ണിനടിൽ കേബിൽ കുഴിച്ചിട്ട് ലൈൻ എത്തിക്കാവുന്നതാണ്. കൃഷിയാവശ്യത്തിന് വൈദ്യുതിക്കപേക്ഷിച്ചിട്ടുള്ള മുഴുവനാളുകൾക്കും അപേക്ഷയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി കണക്ഷൻ നൽകണം. വൈദ്യുതി എത്തിയ്ക്കാത്ത പഞ്ചായത്തിൻെറ അതിത്തി പ്രദേശങ്ങളിൽ വൈദ്യുതി എത്തിച്ച് വന്യമൃഗശല്യത്തിൽ നിന്ന് ഒരളവോളം പരിഹാരം കാണാവുന്നതാണ്. ലൈൻ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിരമായി കൂടുതൽ ജീവനക്കാരെ നിയമിക്കണം. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വിളക്കുകൾ കാലാകാലങ്ങളിൽ അറ്റകുററപണികൾ നടത്തുകയും കൂടുതൽ കോളനികളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്താൽ ഒരു പരിധിവരെ വെളിച്ചത്തിൻെറ കാര്യത്തിൽ പ്രശ്നപരിഹാരമാണ്. പുൽപ്പള്ളി മുള്ളൻകൊല്ലി മേഖലയിൽ ഒരു പെട്രോൾ - ഡീസൽ ക്ഷാമം പരിഹരിക്കുന്നതിന് ഒരു പമ്പ് കൂടി അനുവദിച്ചുതരേണ്ടതാണ്. പാചകവാതകം ധാരാളമായി ജനങ്ങളുടെ ഇടയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട് എങ്കിലും ആവശ്യത്തിന് ലഭ്യമല്ല എന്നുളളതുകൊണ്ട് കൂടുതൽ കുടുംബങ്ങൾക്ക് ഇത് കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. ഗ്രാമസഭകളിൽ ജനങ്ങൾ ആവശ്യപ്പെട്ട പ്രകാരം വേലിയമ്പം കുറിച്ചവറ്റ, ദർദാനം ഷേസ്, പഴശ്ശിരാജാ കോളേജിന് മുൻവശം, താന്നിത്തെരുവ് ചുണ്ടക്കൊല്ലി ഏരിയപ്പള്ളി, കല്ലുവയൽ, മീനംകൊല്ലി, ആനപ്പാറ കാപ്പിനെറ്റ്, മാരപ്പൻ മൂല എന്നീ പ്രദേശങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുകയും പുൽപ്പള്ളി ടൗണിലും, ടൗണിനോട് ബന്ധപ്പെട്ട പ്രദേശങ്ങളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും വേണം. പാചകവാതകഗ്യാസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ഗോബർഗ്യാസ്, ബയോഗ്യാസ് പ്ലാൻറുകളും സ്ഥാപിക്കുന്നതിന് തയ്യാറാവുന്ന ആളുകൾക്ക് ആ കാര്യത്തിൽ വേണ്ടത്ര ഉപദേശവും, സഹായവും നൽകിയാൽ ഊർജിതരംഗത്തെ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഊർജ്ജസ്രോതസ്സുകൾ ഒന്നുമില്ലാത്ത പുൽപ്പള്ളിയിൽ ഊർജ്ജത്തിൻെറ പ്രാധാന്യത്തെ കുറിച്ചും ഉപയോഗഭ്രമത്തെ കുറിച്ചും ബോധവത്കരണത്തെക്കുറിച്ചും ബോധവത്കരണ ക്യാമ്പ് സംഘടിപ്പിക്കുന്നത് ഈ രംഗത്തെ പ്രതിസന്ധി ഒഴിവാക്കുന്നതിന് ഒരു പരിധിവരെ സഹായിക്കും കൂടാതെ കൃഷിയിടങ്ങളിൽ ധാരാളം മരങ്ങൾ നട്ടുപിടിപ്പി ക്കുന്നതും വിറകിൻെറ ഉപയോഗം കുറക്കുന്ന തരത്തിലുള്ള അടുപ്പുകളുടെ ആവശ്യത്തെക്കുറിച്ചും സന്നദ്ധ സംഘടനകൾ ജനങ്ങളെ ബോധവത്ക്കരിക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്താൽ ഊർജ്ജക്ഷാമം ഒരളവോളം പരിഹരിക്കുന്നതിന് സഹായകമായി തീരും. മേൽപറഞ്ഞ സാധ്യതകൾ നടപ്പാക്കിയാൽ പഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുകയും വ്യവസായിക - കാർഷിക ഭാഗത്ത് വളരെയേറെ മാറ്റമുണ്ടാവുകയും ചെയ്യും.

# 5–7പാർപ്പിടവും സാമൂഹ്യക്ഷേമവും

**ഭവനനിർമ്മാണം**

പുൽപ്പള്ളി പഞ്ചായത്തിൽ ഏതാണ്ട് അൻപത് വർഷങ്ങൾക്കുമുമ്പ് നടന്ന കുടിയേറ്റത്തിനു മുൻപും അതിനുശേഷം ഏതാണ്ട് 1965 വരെയും കോൺക്രീറ്റ് വീടുകളും ഓടിട്ട വീടുകളും ഉണ്ടായിരുന്നില്ല. ആ കാലഘട്ടത്തിലെ വീടു നിർമ്മാണത്തിന് കൂടുതലായും മുളയും, മണ്ണും, ചാണകവും വൈക്കോലുമായിരുന്നു ഉപയോഗിച്ചിരുന്നത്. മുളവാരികൊണ്ട് കുത്തിമറിച്ച് മണ്ണും ചാണകവും തേച്ചുപിടിപ്പിച്ച ഭിത്തിയും മുളയുടെ കഴുക്കോലും വാരിയും ഉപയോഗിച്ച് മേൽക്കൂരയും നിർമ്മിച്ചിരുന്നു. പുല്ലുമേഞ്ഞ മേൽക്കൂരയും തൈതൽ മടഞ്ഞ് അതിൽ മണ്ണിട്ട് പിടിപ്പിച്ച തട്ടും അന്നത്തെ വീടുകളുടെ പ്രത്യേകതയായിരുന്നു. ആദിവാസി വിഭാഗത്തിൽ പെട്ടിരുന്നവർ ചെറിയ പൊക്കം കുറഞ്ഞ ഇടുങ്ങിയ വീടുകളിലാണ് താമസിച്ചിരുന്നത്. അവർ ഇങ്ങനെയുള്ള വീടുകൾ ഉപയോഗിച്ചിരുന്നത് തണുപ്പുകാലത്ത് വീടിനുള്ളിൽതന്നെ തീ കൂട്ടി തണുപ്പകറ്റുന്നതിനു വേണ്ടിയാണ്.

പണിയ - നായ്ക്ക - ഊരാളി വിഭാഗങ്ങളിൽ പെട്ടിരുന്നവർ രണ്ടോ മൂന്നോ വർഷത്തിൽ കൂടുതൽ ഒരേ സ്ഥലത്ത് താമസിച്ചിരുന്നില്ല. ഇടയ്ക്കിടയ്ക്ക് അവർ താമസസ്ഥലം മാറിയിരുന്നു. വനവിഭവങ്ങൾ ശേഖരിക്കുന്നതിനും തൊഴിലുടമയുടെ സ്ഥലത്തോട് ചേർന്ന് താമസിക്കുന്നതിനു വേണ്ടിയുമായിരുന്നു ഇവർ ഇടയ്ക്കിടയ്ക്ക് താമസം മാറ്റിയിരുന്നത്. മറ്റു സമുദായങ്ങളിൽ ഉള്ളവർക്ക് ആ കാലഘട്ടത്തിൽ നല്ല വീടുകൾ പണിയുന്നതിന് സാങ്കേതിക വൈദഗ്ധ്യം ഉള്ള ആളുകളെ ലഭ്യമായിരുന്നില്ല. 1965-നു ശേഷമാണ് ഓടിട്ടതും വാർത്തതുമായിട്ടുള്ള എടുപ്പുകൾ പുൽപ്പള്ളി മേഖലയിൽ ഉണ്ടാവാൻ തുടങ്ങിയത്.

**കെട്ടിടങ്ങളുടെ സ്ഥിതിവിവരക്കണക്ക്**

| കെട്ടിടങ്ങളുടെ സ്വഭാവം | എണ്ണം |
|---|---|
| കുടിൽ | 3039 |
| ഷീറ്റ്, ഓല | 1900 |
| ഓടിട്ടത | 2895 |
| വാർക്ക | 1598 |
| ആകെ | 9432 |

പട്ടികയിൽ കാണിച്ചിരിക്കുന്ന ഓടിട്ട വീടുകളിൽ 468 എണ്ണം സർക്കാറിൻെറയും, പഞ്ചായത്തിൻെറയും സഹായത്തോടെ ആദിവാസികൾക്കുവേണ്ടി പണിതിട്ടുള്ളതും - 300 വീടുകൾ JRY, IAY എന്നീ പദ്ധതികളിൽ പണി തീർത്തിട്ടുള്ളതുമാണ്. 1980 മുതൽ ആണ് കൂടുതൽ പണച്ചെലവ് ഉള്ള കോൺക്രീറ്റ് വീടുകൾ ഈ മേഖലയിൽ ഉണ്ടായിട്ടുള്ളത്. 93 മുതൽ കുടിലുകൾക്ക് പഞ്ചായത്ത് വീടുനികുതി ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. റെൻറ് കൺട്രോൾ ആക്ട് ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിവിധ പദ്ധതികളിലായി വീടുകൾ ലഭിച്ചിട്ടുള്ളവരുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 1

| വാർഡ | സർവ്വെ പ്രകാരം വീട് വേണ്ടപ്പെട്ടവരുടെ എണ്ണം | അനുവദിച്ച ഭവനനിർമ്മാണപദ്ധതി | അനുവദിച്ച വീടുകാരുടെ എണ്ണം | പൂർത്തികരിക്കാത്ത വയുടെ എണ്ണം | പൂർത്തികരിക്കാത്ത വയുടെ എണ്ണം | അനുവദിച്ച വർഷം |
|---|---|---|---|---|---|---|
| 1 | 230 | RLEGP | - | - | - | - |
| | | NREP | - | - | - | - |
| | | JRY | 15 | 15 | - | 1990-91,91-92 |
| | | MWS | 32 | 31 | 1 | 1992-93 |
| | | IAY | 3 | - | 3 | - |
| 2 | 95 | RLEGP | - | - | - | - |
| | | NREP | - | - | - | - |
| | | JRY | 10 | 5 | 5 | |
| | | MWS | 15 | 13 | 2 | |
| | | IAY | - | - | - | |
| 3 | 170 | RLEGP | - | - | - | |
| | | NREP | - | - | - | |
| | | JRY | 45 | 45 | - | |
| | | MWS | 9 | 5 | 4 | |
| | | IAY | 11 | 4 | 7 | |
| 4 | 99 | RLEGP | - | - | - | |
| | | NREP | - | - | - | |
| | | JRY | - | - | - | |
| | | MWS | 1 | - | 1 | |
| | | IAY | 2 | 1 | 1 | |
| 5 | 147 | RLEGP | - | - | - | |
| | | NREP | - | - | - | |
| | | JRY | 4 | 4 | - | |
| | | MWS | 2 | 2 | - | |
| | | IAY | 2 | | 2 | |

| | | | | | | |
|---|---|---|---|---|---|---|
| 6 | 141 | RLEGP | - | - | - | |
| | | NREP | | | | |
| | | JRY | 1 | 1 | - | |
| | | MWS | 3 | 3 | - | |
| | | IAY | 5 | 3 | 2 | |
| 7 | 81 | RLEGP | - | - | - | |
| | | NREP | - | - | - | |
| | | JRY | 1 | 1 | - | |
| | | MWS | 1 | - | 1 | |
| | | IAY | 3 | 2 | 1 | |
| 8 | 147 | RLEGP | 35 | 35 | - | 1986-87, 87-88 |
| | | NREP | 10 | 10 | - | 1988-89 |
| | | JRY | 2 | 2 | - | |
| | | MWS | 13 | - | 13 | |
| | | IAY | 9 | 2 | 7 | |
| 9 | 73 | RLEGP | 10 | 8 | 2 | 1986-87 |
| | | NREP | | | | |
| | | JRY | | | | |
| | | MWS | 2 | 2 | - | - |
| | | IAY | 9 | 5 | 4 | |
| 10 | 128 | RLEGP | | | | |
| | | NREP | | | | |
| | | JRY | 2 | - | 2 | |
| | | MWS | 31 | 29 | 2 | |
| | | IAY | 10 | - | 10 | |
| 11 | 78 | RLEGP | | | | |
| | | NREP | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | JRY | 8 | 8 | | |
| | | MWS | 4 | - | 4 | |
| | | IAY | 8 | 5 | 3 | |
| 12 | 16 | RLEGP | | | | |
| | | NREP | | | | |
| | | JRY | | | | |
| | | MWS | 7 | 2 | 5 | |
| | | IAY | | | | |
| | | . | | | | |

**പ്രശ്നങ്ങൾ**

1. നിർമ്മാണ തൊഴിലാളികളുടെ അഭാവവും വർദ്ധിച്ച വേതനനിരക്കും
2. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യതയും വില കൂടുതലും
3. ഭവനനിർമ്മാണത്തിനുള്ള വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്
4. ഗതാഗതസൗകര്യക്കുറവ്

മുതലായവയാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഈ പഞ്ചായത്തിൽ താമസിക്കുന്ന 2015 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. ഇതിൽ 800 എണ്ണം ആദിവാസി കുടുംബങ്ങളാണ്.

**സാധ്യതകൾ**

കെട്ടിടനിർമ്മാണ രംഗത്ത് കൂടുതൽ ആളുകൾക്ക് വിധഗ്ധ പരിശീലനം നല്കി നിർമാണ തൊഴിലാളികളുടെ കുറവ് പരിഹരിക്കാവുന്നതാണ്. ഇതു മൂലം വേതനനിരക്കിലും മാറ്റമുണ്ടാക്കാൻ കഴിയും. കെട്ടിട നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളിൽ സിമന്റ്, കമ്പി, എന്നിവയൊഴികെയുള്ളതെല്ലാം പ്രാദേശികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞാൽ നിർമ്മാണ ചെലവിൽ കുറവു വരുത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ കിട്ടുന്നതിനും കൂടുതൽ ആളുകൾക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിനും സാധിക്കും. പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുകയും വ്യവസ്ഥകൾ ലളിതമാക്കിക്കൊണ്ട് കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുകയും ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ ഭവനനിർമ്മാണത്തിനുള്ള ദീർഘകാല വായ്പകൾ നല്കുകയും ചെയ്താൽ ഈ രംഗത്തെ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കാം.

വീടില്ലാത്ത ഭൂരഹിതരായ ആളുകൾക്ക് സർക്കാർ സഹായത്തോടെ വീടുകവെയ്ക്കുന്നതിനുള്ള ഭൂമി സൗജന്യമായി നല്കുകയും ഭവനനിർമ്മാണത്തിനുള്ള സഹായങ്ങൾ നല്കുകയും ചെയ്യേണ്ടതാണ്. ചെലവു കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം ഈ രംഗത്ത് അത്യാവശ്യമാണ്. ഭവനനിർമ്മാണ രംഗത്തെ ദുർവ്യയം ഒഴിവാക്കുന്നതിന് രണ്ടു നിലയിൽ കൂടുതലുള്ള വീടുകൾക്ക് പ്രത്യേക നികുതി ചുമത്തേണ്ടതാണ്. ആധുനിക രീതിയിൽ പണിയുന്ന ചെലവുകൂടിയ കോൺക്രീറ്റു സാധനങ്ങൾക്ക് പകരമായി കാലാവസ്ഥയോടും പ്രകൃതിയോടും ഇണങ്ങിച്ചേരുന്ന പരമ്പരാഗത വാസ്തുശില്പ മാതൃകകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വീടിനോടു ചേർന്നുള്ള ചുറ്റു മതിലുകൾ കരിങ്കല്ലുകൾ ഇഷ്ടികയിലും നിർമ്മിക്കുന്നതിനു പകരം ജൈവവേലികൾ നിർമ്മിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആദിവാസി കോളനികൾ അല്ലാതെയുള്ള നാലു കോളനികൾ കൂടി ഗവൺമെന്റ് സഹായത്തോടെ സൗകര്യപ്രദമായ വീടുകൾ നിർമ്മിക്കേണ്ടതാണ്. ഇന്ദിരാ നഗർ കോളനി, രാജീവ് നഗർ കോളനി, ഗാന്ധിനഗർ കോളനി, വീതംകൊള്ളി കോളനി എന്നീ കോളനികളിൽ 350 പുതിയ വീടുകൾ നിർമ്മിക്കേണ്ടതുണ്ട്. കടത്തിണ്ണകളിൽ ഉറങ്ങുന്ന കുടുംബങ്ങൾ പഞ്ചായത്തിലില്ല. തമിഴ് നാട്ടിൽ നിന്നും വന്നിട്ടുള്ളവർ മേൽ

പറഞ്ഞ കോളനികളിലാണ് താമസം. ഇത്രയും കാര്യങ്ങൾ ചെയ്താൽ പഞ്ചായത്തിലുള്ള ഭവനനിർമ്മാണ പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കാം.

**സാമൂഹ്യക്ഷേമം**

പുൽപ്പള്ളി പഞ്ചായത്തിൽ 12 വാർഡുകളിലായി ഒരു വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെ മേൽനോട്ടത്തിലാണ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. പഞ്ചായത്തിൽ ഈ വകുപ്പിൻെറ കീഴിൽ 11 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1992-ലെ കണക്കു പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2460 കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 222 SC/ST 1738 ജനറൽ വിഭാഗത്തിൽ പെട്ടവരുമുണ്ട്. ഈ കുടുംബങ്ങളിൽ SC/STയിൽ പെടട 99 കുടുംബങ്ങൾക്കും ജനറൽ വിഭാഗത്തിൽ പെട്ട 103 കുടുംബങ്ങൾ അടക്കം 202 കുടുംബങ്ങൾക്ക് സഹായധനം നല്കിയിട്ടുണ്ട്. 1992 നു മുമ്പ് SC/ST യിൽപെട്ട 218 കുടുംബങ്ങൾക്കും ജനറൽ വിഭാഗത്തിൽ പെട്ട 261 കുടുംബങ്ങളും അടക്കം 479 കുടുംബങ്ങൾക്ക് സഹായം നല്കിയിരുന്നു. ട്രൈസം പദ്ധതി പ്രകാരം 12 പേർ ജോലി ചെയ്തുവരുന്നുണ്ട്. DWCRAപദ്ധതി പ്രകാരം തൊഴിൽ സംരഭകരായിട്ടുള്ള 61 പേർ തൊഴിൽ ചെയ്തുവരുന്നുണ്ട്. കഴിഞ്ഞ 92 മുതൽ 39 പേർക്ക് കക്കൂസ് അനുവദിച്ചുകൊടുത്തതിൽ 8 പേർ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രാമീണ കൈത്തഴിലുകാരായിട്ടുള്ള 4 പേർക്ക് ആധുനിക ഉപകരണങ്ങൾ നല്കിയിട്ടുണ്ട്.

**പ്രശ്നങ്ങൾ**

സാമൂഹ്യക്ഷേമരംഗത്തെ സർക്കാരിൻെറ സഹായം ലഭിക്കേണ്ട ആളുകൾ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിനുദാഹരണമായി 202 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെങ്കിലും 48 കുടുംബങ്ങൾ മാത്രമേ ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയിട്ടുള്ളു. തൊഴിൽ പരിശീലനം നേടിയ 57 പേർ ഉണ്ടെങ്കിലും 12 പേർ മാത്രമേ തൊഴിൽ ചെയ്യുന്നുള്ളു. ബാക്കി 45 പേർ തൊഴിലിനോട് താല്പര്യം കാണിക്കുന്നില്ല. 849 പേർ കക്കൂസിനു വേണ്ടി അപേക്ഷിച്ചിട്ടുണ്ടെങ്കിലും 39 പേർക്ക് കക്കൂസ് അനുവദിച്ചതിൽ 8 പേർ മാത്രമേ പണി പൂർത്തിയാക്കിയിട്ടുള്ളു. ഇതുകൊണ്ടുള്ള ധാരാളം സഹകരണക്കുറവുകൾ സഹായം ലഭിക്കേണ്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്.

വിവിധ പദ്ധതി പ്രകാരം 1996 വരെയുള്ള കാലങ്ങളിൽ പുല്പള്ളി വിഭവ സർക്കിളിലുള്ള സ്ഥിതിവിവരക്കണക്കുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

Annexure 11.2

Trysem - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ നമ്പ്ര് | പരിശീലനം നേടിയവർഷം | പരിശീലനം നേടിയവരുടെ എണ്ണം | പരിശീലനം കഴിഞ്ഞ് ജോലി ചെയ്യുന്നവർ | പരിശീലനം കഴിഞ്ഞ ജോലി ചെയ്യാത്തവരുടെ എണ്ണം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| 1 | 1984-85 | 7 | - | 7 | - |
| | 93-94 | 1 | - | 1 | |
| | 96-97 | 1 | - | 1 | |
| 2 | 1984-85 | 3 | - | 3 | |
| 3 | 1984-85 | 19 | - | 19 | |
| 4 | NIL | NIL | - | - | |
| 5 | 1980-81 | 1 | - | 1 | |
| 6 | NIL | NIL | - | - | |
| 7 | NIL | NIL | - | - | |
| 8 | 1984-85 | 16 | 7 | 9 | |
| 9 | 1984-85 | 1 | - | 1 | |

| | | | | |
|---|---|---|---|---|
| | 1993-94 | 1 | - | 1 |
| | 1994-95 | 1 | - | 1 |
| | 1995-96 | 1 | - | 1 |
| 10 | 1994-95 | 1 | 1 | - |
| 11 | 1992-93 | 1 | 1 | - |
| | 1993-94 | 1 | 1 | - |
| 12 | 1983-84 | 1 | 1 | - |
| | 1993-94 | 1 | 1 | - |

Annexure - 1.1 IRDP കുടുംബസർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരങ്ങൾ

| വാർഡ | 92-കുടുംബ സർവ്വേയിൽ കിട്ടിയ ആകെ കുടുംബങ്ങൾ | SC/ST | ജനറൽ | സഹായധനം നൽകിയ കുടുംബങ്ങൾ | SC/ST | ജനറൽ | സഹായധനം സഹായധനം കിട്ടിയിട്ട് ദാരിദ്ര രേഖ-തരണം ചെയ്തവർ | സഹായധനം കിട്ടിയവർ ഉൾപ്പെടെ ദാരിദ്ര രേഘക്ക് താഴെ ഉള്ളവർ |
|---|---|---|---|---|---|---|---|---|
| 1 | 286 | 196 | 90 | 26 | 17 | 9 | - | 286 |
| 2 | 162 | 88 | 74 | 23 | 17 | 6 | - | 162 |
| 3 | 276 | 111 | 156 | 23 | 15 | 8 | - | 267 |
| 4 | 150 | 39 | 111 | 4 | - | 4 | - | 150 |
| 5 | 184 | 26 | 158 | 6 | - | 6 | - | 184 |
| 6 | 266 | 44 | 172 | 9 | 3 | 6 | - | 266 |
| 7 | 136 | 20 | 116 | 9 | 6 | 3 | - | 136 |
| 8 | 328 | 66 | 262 | 16 | 7 | 9 | - | 328 |
| 9 | 149 | 28 | 121 | 23 | 10 | 13 | - | 149 |
| 10 | 290 | 36 | 254 | 22 | 8 | 14 | - | 290 |
| 11 | 186 | 18 | 168 | 37 | 16 | 21 | - | 186 |
| 12 | 56 | - | 56 | 4 | - | 4 | - | 56 |
| ആകെ | 2460 | 722 | 1738 | 202 | 99 | 103 | - | |

2460

1992ന് മുൻപേ നടത്തിയ കുടുംബസർവേകളിൽ ദാരിദ്ര്യരേഖക്ക് താഴെ സഹായധനം കിട്ടിയ കുടുംബങ്ങളുടെ എണ്ണം

| വാർഡ നമ്പർ | സഹാധനം നൽകിയ കുടുംബങ്ങൾ | SC /ST | ജനറൽ | സഹായധനം കിട്ടിയിട്ട് ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | 54 | 44 | 10 | 2 |
| | 25 | 16 | 9 | 1 |
| 3 | 62 | 36 | 26 | 4 |
| 4 | 22 | 8 | 14 | 1 |
| 5 | 25 | 9 | 16 | 2 |
| 6 | 23 | 11 | 12 | 1 |
| 7 | 13 | 8 | 5 | 1 |
| 8 | 87 | 39 | 48 | 7 |
| 9 | 63 | 24 | 39 | 13 |

| | | | | |
|---|---|---|---|---|
| 10 | 38 | 7 | 31 | 5 |
| 11 | 34 | 8 | 26 | 10 |
| 12 | 33 | 8 | 25 | 1 |
| ആകെ | 479 | 218 | 261 | 48 |

Annexure 11.4 DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ പേര് | തൊഴിൽ ചെയ്യുന്നവരുടെ എണ്ണം | തുടങ്ങിയ വർഷം | കുറിപ്പ് |
|---|---|---|---|---|
| 1 | NIL | NIL | NIL | |
| 2 | NIL | NIL | NIL | |
| 3 | കറവപശുവളർത്തൽ | | 1986-87 | 14 അംഗങ്ങൾ |
| 4 | NIL | NIL | NIL | |
| 5 | NIL | NIL | NIL | |
| 6 | NIL | NIL | NIL | |
| 7 | NIL | NIL | NIL | |
| 8 | കറവപശു വളർത്തൽ | | 1986-87 | 18 അംഗങ്ങൾ |
| 9 | കറവപശു വളർത്തൽ | | 1995-96 | 12 അംഗങ്ങൾ |
| 10 | NIL | NIL | NIL | |
| 11 | കറവപശു വളർത്തൽ | | 1996-97 | 11 അംഗങ്ങൾ |
| 12 | NIL | NIL | NIL | |

Annexure 11.6 Details of latrines in various schemes

| വാർഡ് നമ്പർ | RDP സർവ്വേ പ്രകാരം കക്കൂസ് വേണ്ടവർ | കക്കൂസ് അനുവദിച്ച പദ്ധതി | അനുവദിച്ച എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ബാലൻസ് | അനുവദിച്ച വർഷം |
|---|---|---|---|---|---|---|
| 1 | 242 | CRSP | 1 | 2 | NIL | 1993-94 |
| | | „ | NIL | NIL | NIL | 1994-95 |

സാധ്യതകൾ

വിവിധ വാർഡുകളിൽ പ്രവർത്തിച്ചുവരുന്ന അംഗനവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്ത 5 അംഗനവാടികൾക്ക് സ്വനതമായി കെട്ടിടമില്ലാത്ത അഞ്ച് അംഗനവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതാണ്. വിവിധ പഞ്ചായത്തിൻെറ വിവിധ പ്രദേശമായ ചേകാടി, ആവൂർകുന്ന്, അത്തിക്കുനി, താന്നിത്തെരുവ്, പാല മൂല, കഴിമല, കല്ലുവയൽ, മറാപറമ്പ്, അമ്മാവൻമുക്ക്, നൂറ്റിപതിനേഴ്, ദേവർഗദ്ദ, ചെറ്റപ്പാലം, കാപ്പിസെറ്റ്, വണ്ടിക്കടവ്, ആടിക്കൊല്ലി, ചെറിയകുരിശ് എന്നിവിടങ്ങളിൽ അംഗനവാടികൾ ആരംഭിക്കേണ്ടതാണ്. ദുർബല വിഭാഗങ്ങളെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന വാർദ്ധക്യ, വിധവ, അഗതി, വികലാംഗ, കർഷകത്തൊഴിലാളി തുടങ്ങിയ പെൻഷനുകൾ അർഹരായവർക്ക് മാത്രമാണ് കിട്ടുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്, അതോടൊപ്പം നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും വേണം.

പാരമ്പര്യവൈദ്യൻമാർക്കും, നിലത്തെഴുത്താശാൻമാർക്കും നിലവിൽ കൊടുക്കുന്ന നാമമാത്രമായ പെൻഷൻ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. വിവിധ തരത്തിലുള്ള ക്ഷേമനിധികൾ പഞ്ചായത്ത് മുഖേന അർഹരായവർക്ക് കൊടുക്കേണ്ടതാണ്.

നിശ്ചിത വരുമാനത്തിൽ താഴെ ഉള്ളവർക്കും ആദിവാസി, ഹരിജൻ വിഭാഗത്തിൽ പെട്ടവർക്കും, അവരുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിന് സാമ്പത്തികമായി സഹായിക്കുകയും അതോടൊപ്പം വളരെ കാര്യക്ഷമമായി ബോധവത്കരണപരിപാടി നടത്തുകയും വേണം.

ഗ്രാമസ്വരാജിൻെറ പരിപൂർണ്ണതക്കുവേണ്ടി പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ്, ഒരു സഹകരണ ബാങ്ക്, ഒരു പോലീസ്സ്റ്റേഷൻ എന്ന ക്രമത്തിൽ അതിർത്തി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

ഉദാ:

പുൽപ്പള്ളി പഞ്ചായത്തിലെ ചില പ്രദേശങ്ങൾ നടവയൽ ബാങ്കിൻേറയും, നടവയൽ വില്ലേജിൻെറയും കേണിച്ചിറ പോലീസ് സ്റ്റേഷൻെറ പരിധിയിലും മറ്റ് ചില പ്രദേശം പാടിച്ചിറ വില്ലേജിലും ആയതുകൊണ്ട് ഭരണപരമായ അസൗകര്യങ്ങൾ ഉണ്ടാകാറുണ്ട്. പഞ്ചായത്തിലെ ആലംബഹീനരും, അനാഥരുമായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്ന സംവിധാനം ഉണ്ടാക്കണം. ആദിവാസിമേഖലകളിൽ ബോധവല്ക്കരണം നടത്തുന്നതിന് അവരുടെ ഇടയിൽ തന്നെ ഉള്ള വിദ്യാസമ്പന്നരായ, അർപ്പണ ബോധമുള്ള ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി ആ മേഖലകളിൽ പ്രവർത്തിക്കുക എന്നുള്ളതാണ് അവരുടെ ഉന്നമനത്തിന് കരണീയമായിട്ടുള്ളത്. പരമ്പരാഗതമായി ശീലിച്ചുപോന്നിട്ടുള്ള ദുരാചാരങ്ങളിൽ നിന്നും മറ്റും അവരെ ബോധവാന്മാരാക്കുന്നതിനും, ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അവരെ പരിശീലിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ അവരുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുകയുള്ളൂ.

ഉദ:

സ്ലാബ് കക്കൂസുകൾ ഉണ്ടായിട്ടും ഉപയോഗിക്കാത്ത ആളുകൾ ഈ പഞ്ചായത്തിലുണ്ട്.

മഹിളാസമാജങ്ങളുടേയും, ബാലവാടികളുടേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും. മുലയൂട്ടുന്ന അമ്മമാർക്കും കൂടുതൽ പരിചരണം കിട്ടുന്നതിനും, ആരോഗ്യപരമായ പരിരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ IPP സബ്സെൻററുകൾ തുടങ്ങേണ്ടതാണ് ഈ പഞ്ചായത്തിൽ വിവിധ തരം പെൻഷനുകൾക്ക് അർമായ ധാരാളം ആളുകൾ ഇനിയും ഉണ്ടെങ്കിലും ചോപ്പു നാടയുടെ കുരുക്കുകൊണ്ടും, അറിവില്ലായ്മകൊണ്ടും പെൻഷൻ വാങ്ങാതിരിക്കുന്ന ഇത്തരം ആളുകളെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനയുടെ പ്രവർത്തകരെ ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ പഞ്ചായത്തിൽ ആദിവാസികൾ കൂടുതൽ ഉള്ളതുകൊണ്ട് V.E.O യുടെ ഒരു തസ്തിക കൂടി അനുവദിക്കേണ്ടതാണ്. വികലാംഗരും, ബുദ്ധിമാന്ദ്യം സംഭവിച്ചവരും ആയിട്ടുള്ള കുട്ടികളുടെ പഠനത്തിനും പുനരധിവാസത്തിനും ഈ പഞ്ചായത്തിൻ ഒരു സെൻറർ തുടങ്ങേണ്ടതാണ്. അവർക്ക് പരിശീലനം നൽകുന്നതിന് പ്രത്യേക ട്രെയിനിംഗ് കിട്ടിയിട്ടുള്ള പരിശീലകരേയും, പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങളും നിർബന്ധമായി ഈ പഞ്ചായത്തിൽ ആവശ്യമാണ്. സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും മറ്റ് ആളുകൾക്കും ട്രയിനിംഗ് നൽകുകയും, കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകുകയും ചെയ്താൽ ഈ രംഗത്ത് പ്രശ്നങ്ങൾ പരിഹാരം കണ്ടെത്താൻ സാധിക്കുന്നതാണ്.

# 5-8 സംസ്കാരം

ഐതിഹ്യവും ചരിത്രവും കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു പ്രദേശമാണ് പുൽപ്പള്ളി. ബ്രിട്ടീഷുകാർക്കെതിരെ പതിനെട്ടാം നൂറ്റാണ്ടിൻെറ അന്ത്യഘട്ടത്തിൽ ഐതിഹാസിക സമരം നയിച്ച പഴശ്ശിരാജയുടെ ചരിത്രത്തിനു മുൻപുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയില്ലെങ്കിലും, സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന ഒരു പ്രദേശമാണിതെന്ന്, ഇവിടെനിന്നും ശേഖരിക്കപ്പെട്ട പുരാവസ്തുക്കൾ സൂചിപ്പിക്കുന്നു. കുറുമർ, പണിയർ, നായ്ക്കർ, കാട്ടുനായ്ക്കർ, ഊരാളികൾ, അടിയാനമാർ എന്നീ ആദിവാസി വിഭാഗങ്ങൾ നൂറ്റാണ്ടുകളായി ജീവിച്ചുപോന്ന ഈ പ്രദേശത്ത് തനതായ ഒരു സംസ്കാരം നിലനിന്നിരുന്നു. ആദിവാസികളെ കൂടാതെ മറ്റൊരു മുഖ്യമായ ജനവിഭാഗമാണ് ചെട്ടിമാർ. സംഗീതവും നൃത്തവും ആദിവാസി സംസ്കാരത്തിൻെറ മുഖമുദ്രകളാണ്. വട്ടംകളി, കോൽക്കളി എന്നിവയും, വൈവിധ്യമേറിയ ആചാരാനുഷ്ഠാനുങ്ങളും ആദിവാസികൾക്കിടയിൽ നിലനിൽക്കുന്നു. വിവിഹം, മരണം എന്നിവയുമായി ബന്ധപ്പെട്ട അവരുടെ ചടങ്ങുകൾ മറ്റ് ജനവിഭാഗങ്ങളുടേതിനേക്കാൾ വ്യത്യസ്തതയും സവിശേഷതയും പുലർത്തുന്നു.

പുൽപ്പള്ളി പഞ്ചായത്തിലെ പാക്കം എന്ന സ്ഥലത്ത് 'പാക്കംകോട്ട' എന്നറിയപ്പെടുന്ന പുരാതന ക്ഷേത്രാവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. അടിയരുടെ പഴംപാട്ടുകളിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. കുംഭമാസത്തിൽ കുറുമർ ആചരിച്ചുവരുന്ന 'ഉച്ചാൽ', തുലാമാസത്തിൽ നടത്തപ്പെടുന്ന 'പുത്തരിയുത്സവം' എന്നിവയും, സവിശേഷതയുള്ളവയാണ്. തുലാമാസം പത്താം തീയതി കുറുമർ കൂട്ടമായി മൃഗങ്ങളെ വേട്ടയാടുന്ന ചടങ്ങ് സമീപകാലം വരെ സജീവമായിരുന്നുവെങ്കിലും ഉപ്പോൾ നാമമാത്രമായിരിക്കുന്നു.

1950 മുതൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നം പുൽപ്പള്ളിയിലേക്ക് കുടിയേറ്റ കർഷകരുടെ പ്രവാഹം തന്നെയുണ്ടായി. വ്യത്യസ്തമായ മതവിഭാഗങ്ങളിലുൾപ്പെടുന്നവർ ഏകോദരസഹോദരങ്ങളെപ്പോലെ പ്രകൃതിയോട് മല്ലടിച്ച് ഇവിടെ ജീവിതമാരംഭിച്ചു. കുടിയേറ്റത്തിനും വളരെ മുൻപുതന്നെ പുൽപ്പള്ളിയിലുണ്ടായിരുന്ന ആരാധനാകേന്ദ്രമാണ് സീതാ - ലവ - കുശ - ക്ഷേത്രം. ഈ ക്ഷേത്രത്തിൻെറ കൈവശമുണ്ടായിരുന്നു വളക്കൂറുള്ള മണ്ണിലാണ് കുടിയേറ്റക്കാർ അദ്ധ്വാനത്തിലൂടെ പുതിയൊരു ജീവിതം കരുപ്പിടിപ്പിച്ചത്. അതുകൊണ്ടു തന്നെ ജനവരി മാസത്തിൽ നടത്തപ്പെടുന്ന ക്ഷേത്രോത്സവം മതസൗഹാർദത്തിൻെറ ഉത്തമോദാഹരണമാണ്. എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും ഉത്സവനാളുകളിൽ ക്ഷേത്രദർശനം നടത്തുകയും ഉത്സവപരിപാടികളിൽ സഹകരിക്കുകയും ചെയ്യുന്നു.

വ്യാപകമായ കുടിയേറ്റത്തിനുശേഷം ഓരോ മതസ്ഥരും, അവരവരുടേതായ ആരാധനാകേന്ദ്രങ്ങൾ സ്ഥാപിച്ചു. മരകാവ് സെൻറ് തോമസ് പള്ളി, ആടിക്കൊല്ലി സെൻറ് സെബാസ്റ്റ്യൻസ് പള്ളി, സെൻറ് ജോർജ് (മലങ്കര) പള്ളി എന്നിവയും, യാക്കോബായ പള്ളികളായ ചീയമ്പം, ആനപ്പാറ (2 എണ്ണം), ചെറ്പാലം, മാനിക്കാട്ട്കുന്ന്, കാപ്പിസെറ്റ്, മാരപ്പൻ മൂല, പുൽപ്പള്ളി ടൗൺ പളളി എന്നിവ പ്രധാനപ്പെട്ട കൃസ്ത്യൻ ആരാധനാകേന്ദ്രങ്ങളാണ്. യഹോവസാക്ഷികളുടെ ആരാധനാലായങ്ങൾ ചെറ്റപാലം, മീനംകൊല്ലി, താന്നിത്തെരുവ്, കുറിച്ചിപ്പറ്റ, അമ്മാവൻ മുക്ക് എന്നീ സ്ഥലങ്ങളിലുണ്ട്.

പുൽപ്പള്ളി ടൗണിൽ സ്ഥിതിചെയ്യുന്ന റഹ്മാനിയ ജുമാ മസ്ജിദ് ആണ് പ്രധാനപ്പെട്ട മുസ്ലിം ആരാധനാലയം. 1972-ൽ പന്ത്രണ്ട് മുസ്ലിം കുടുംബങ്ങളുടെ ശ്രമഫലമായി ആരംഭിച്ച ഈ പള്ളിയുടെ കീഴിൽ ഇപ്പോൾ 160 കുടുംബങ്ങളുണ്ട്.

കാപ്പിക്കുന്ന് ശിവക്ഷേത്രം, ചോമാടിക്ഷേത്രം, ദേവർഗദ്ദ ശിവക്ഷേത്രം, ആശ്രമക്കൊല്ലിയിലെ ഭജനമഠം, ശ്രീനാരായണ ഗുരുമന്ദിരം എന്നിവയും പ്രധാനപ്പെട്ട ആരാധനാകേന്ദ്രങ്ങളാണ്.

ആദിവാസികൾ ഇപ്പോഴും സംസാരിക്കുന്നത് അവരുടെതായ ലിപിയില്ലാത്ത ഗോത്രഭാഷകളാണ്. കന്നട ഭാഷയോട് സാദൃശ്യം പുലർത്തുന്നവയാണ് മിക്കവയും. മലയാളം, തമിഴ്, തുളു എന്നീ ഭാഷകൾ സംസാരിക്കുന്ന ചെട്ടി സമുദായങ്ങളും ഇവിടെയുണ്ട്. കുടിയേറ്റത്തിനു ശേഷമാണ് ഈ പ്രദേശം വിദ്യാഭ്യാസപരമായി മുന്നേറാൻ തുടങ്ങിയത്. ഇപ്പോൾ ഒരു കോളേജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രദേശത്തിൻെറ സാംസ്കാരിക വളർച്ചയിൽ ഗണ്യമായ പങ്കു വഹിച്ചുവരുന്നു.

ജനങ്ങൾക്കിടയിൽ വായനാശീലം വളർത്തുന്നതിന് സഹായകമായ വിധത്തിൽ പ്രവർത്തിക്കുന്ന പതിനഞ്ച് അംഗീകൃത ഗ്രന്ഥശാലകൾ ഇവിടെയുണ്ട്. കൂടാതെ മൂന്ന് ജനശിക്ഷണ നിലയങ്ങളും, 23 കലാസമിതികളും, അഞ്ച് മഹിളാസമാജങ്ങളും പ്രവർത്തിച്ചുവരുന്നു. ആദിവാസികോളനികൾ ഉൾപ്പെടെ പന്ത്രണ്ട് കേന്ദ്രങ്ങളിൽ സർക്കാർ സഹായത്തോടെ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. ആറ് ശതമാനം വീടുകളിൽ ടി.വി. ഉണ്ട്.

ഒരു ദൃശ്യമാദ്ധ്യമമെന്ന നിലയിൽ ടി.വി. ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു. മൂന്ന് സിനിമാശാലകൾ സ്ഥിതിചെയ്യുന്ന പുൽപ്പള്ളിയിലെ സാധാരണ ജനങ്ങളുടെ പ്രധാന വിനോദം സിനിമ തന്നെ. യുവജനങ്ങൾക്കിടയിൽ സിനിമയുടെ സ്വാധീനം വളരെ കൂടുതലാണ്.

ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നടത്തപ്പെടാറുള്ള കേരളോത്സവം യുവജനങ്ങളുടെ കലാകായിക വാസനയെ പരിപോഷിപ്പിക്കുവാൻ സഹായകമായിട്ടുണ്ട്.

1980 ന് ശേഷം പുൽപ്പള്ളിയിൽ ആരംഭിച്ച 'ഫിനിക്സ് ഫിലിം സൊസൈറ്റി' പുതിയൊരു ദൃശ്യസംസ്കാരം വളർത്തുവാൻ സഹായിച്ചു. മലയാളത്തിലേയും മറ്റു ഭാഷകളിലേയും കലാമൂല്യമുള്ള സിനിമകൾ കാണുവാനുള്ള അവസരമുണ്ടായി. ഏകദേശം അഞ്ചു വർഷത്തെ പ്രവർത്തനത്തിനുശേഷം തൽപരരായ പ്രവർത്തകരുടെ അഭാവം നിമിത്തം ഈ പ്രസ്ഥാനം നാശോന്മുഖമായി.

'ആതിര ഫൈൻ ആർട്സ് സൊസൈറ്റി' എന്ന പേരിൽ ഒരു സംരംഭവും പുൽപ്പള്ളിയിൽ ആരംഭിച്ചു. നാടകങ്ങളും, സംഗീതപരിപാടികളും ചുരുങ്ങിയ ചിലവിൽ ആളുകൾക്ക് ആസ്വദിക്കുവാനുള്ള അവസരമൊരുക്കുകയെന്നതായിരുന്നു ഇതിൻെറ ലക്ഷ്യം. പക്ഷേ നാലഞ്ചു വർഷത്തെ പ്രവർത്തനത്തിനുശേഷം ഈ പ്രസ്ഥാനവും തകർച്ചയിലാണ്.

സംഗീതപരിശീലനത്തിന് 'സാരംഗ സ്കൂൾ ഓഫ് മ്യൂസിക്' എന്ന പേരിൽ ഒരു സ്വകാര്യ സ്ഥാപനവും പുൽപ്പള്ളിയിൽ പ്രവർത്തിച്ചുവരുന്നു. നിരവധി വിദ്യാർത്ഥികളും യുവജനങ്ങളും, ഉപകരണ സംഗീതവും, ശാസ്ത്രീയസംഗീതവും ഇവിടെ പരിശീലിക്കുന്നു.

സ്കൂൾ വിദ്യാർത്ഥിനിയായിരിക്കെ അകാലചരമം പ്രാപിച്ച രാഗിൻ മരിയ ജോൺ സംഗീതലോകത്ത് പുൽപ്പള്ളിയുടെ അഭിമാനമായിരുന്നു. നിരവധി ജില്ലാ സംസ്ഥാന മത്സരങ്ങളിൽ സമ്മാനാർഹയായ ആ വാനമ്പാടിയുടെ ദുഃഖസ്മരണ ഇന്നും പുൽപ്പള്ളി സ്വദേശികളെ വേട്ടയാടുന്നു.

മദ്യത്തിൻെറ സ്വാധീനം ഈ പ്രദേശത്ത് കുറവല്ല. മദ്യത്തിനടിമകളായ ആദിവാസികൾ ആരോഗ്യപരമായും സാംസ്കാരികമായും തകർന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. അവരുടെ തനത് സംസ്കാരം ബാഹ്യസമ്മർദ്ദങ്ങൾക്കും സ്വാധീനങ്ങൾക്കും വിധേയമായി നശിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി സമൂഹങ്ങലിൽ ഗോത്രത്തലവന്മാരുടെ സ്വാധീനം നാമമാത്രമായിരിക്കുന്നു : വ്യാജമദ്യത്തിൻെറ ലഭ്യതയും, അതിർത്തി പ്രദേശമായ കർണ്ണാടകയിലെ ബൈരൽ കുപ്പയിൽ നിന്നും സുലഭമായിക്കിട്ടു ചാരായവും വളരെയധികം ജനങ്ങളുടെ മാനസികാരോഗ്യം തകർക്കുവാൻ സഹായിക്കുന്നു.

കുടിയേറ്റ കാലഘട്ടം മുതൽ പുൽപ്പള്ളിയിൽ കായിക സംസ്കാരം വളർന്നുവന്നിട്ടുണ്ട്. വിദ്യാലയങ്ങൾ പള്ളികൾ എന്നിവയുടെ സമീപത്തുള്ള കളിക്കളങ്ങൾ യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുവാൻ വളരെ സഹായിച്ചിട്ടുണ്ട്. വോളിബോൾ, മിക്ക പ്രദേശങ്ങളിലേയും ജനകീയ വിനോദമായിരുന്നു അടുത്തകാലം വരെ. ഒരു പൊതു കളിസ്ഥലത്തിൻെറ അഭാവം ഏറെ പ്രകടമാണെങ്കിലും, വിജയാ ഹൈസ്കൂളിൻെറ കളിക്ക

ളമാണ് മിക്കപ്പോഴും പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത്.

ക്രിക്കറ്റ് ഒരു ജ്വരമായി കുട്ടികൾക്കിടയിൽപോലും ഇന്ന് പടർന്നിരിക്കുന്നു. വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കായിക വിനോദങ്ങളുടെ പ്രചാരം കുറഞ്ഞുകൊണ്ടിരിക്കുന്നു.

അഞ്ച് കരാട്ടേ പരിശീലനകേന്ദ്രങ്ങളും മൂന്ന് ജിംനേഷ്യങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

**പ്രശ്നങ്ങൾ**

സാംസ്കാരിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1 ഭൂരിഭാഗം വായനശാലകൾക്കും സ്വന്തമായി കെട്ടിമോ സ്ഥലമോ ഇല്ല.

2 ആദിവാസി കേന്ദ്രങ്ങളിൽ സാക്ഷരതാപരിപാടികളോ ബോധവൽക്കരണ പരിപാടികളോ നടക്കുന്നില്ല.

3. കലാപരിപാടികൾ പൊതുജനങ്ങൾക്ക് കാണുവാൻ സഹായകമായ വിധത്തിൽ ഒരു 'ടൗൺഹാൾ' ഇല്ലാത്തതിനാൽ പൊതുപരിപാടികൾ സംഘടിപ്പിക്കുവാൻ കഴിയുന്നില്ല.

4. സിനിമാശാലകളിൽ പതിവായി പ്രദർശിപ്പിക്കാറുള്ള 'ഉച്ചപ്പടങ്ങൾ' വികലമായ ലൈംഗികതയും അക്രമാസക്തിയും യുവമനസുകളിൽ വളർത്തുന്നു.

5. പൊതുകളിക്കളങ്ങൾ ഇല്ലാത്തതിനാൽ കായിക മത്സരങ്ങളും, പരിശീലനവും നടത്തുവാൻ കഴിയുന്നില്ല.

6. കായികസമിതികൾക്ക് ആവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നില്ല.

**പരിഹാരങ്ങളും നിർദേശങ്ങളും**

1. കലാസമിതികൾക്കും, ഗ്രന്ഥശാലകൾക്കും സർക്കാരിൻെറ സാമ്പത്തികസഹായ വർദ്ധിപ്പിക്കുക.

2. സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണം.

3. 'ടൗൺഹാൾ' കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

4. സിനിമാശാലകളിലെ 'ഉച്ചപ്പടക്കങ്ങൾ' നിരോധിക്കുക.

5. പൊതുകളിക്കളങ്ങൾ നിർമ്മിക്കുക.

6. കലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കുവാൻ സഹായകമായ വിധത്തിൽ പഞ്ചായത്ത് തലത്തിൽ ഫിലിം പ്രൊജക്ടർ ലഭ്യമാക്കുകയും ഫിലിം സൊസൈറ്റിപ്രസ്ഥാനം വളരുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

7. പഞ്ചായത്ത് ലൈബ്രറി ഒരു 'റഫറൻസ് ലൈബ്രറി' ആക്കി ഉയർത്തുക.

Annexure 11.9 ഗ്രാമീണ കൈ തൊഴിലുകാർക്ക് ആധുനിക ഉകരണങ്ങൾ നൽകുന്ന പരിപാടി (Rural artisan programme)

| വാർഡ് | IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം. | സഹായം കിട്ടിയ കൈതൊഴിലുകാരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 4 | – | 4 | |
| 2 | 1 | – | 1 | |
| 3 | 5 | – | 5 | |
| 4 | 3 | – | 3 | |
| 5 | 6 | – | 6 | |
| 6 | 4 | – | 3 | |
| 7 | 4 | – | 4 | |
| 8 | – | – | – | |
| 9 | 2 | 1 | 1 | |
| 10 | 1 | 1 | – | |
| 11 | – | – | – | |
| 12 | 5 | 1 | 4 | |

# 5 – 9 വനിതാക്ഷേമം

സമൂഹത്തിൻെറ പകുതിയോളം വരുന്ന സ്ത്രീകൾ അവർ അർഹിക്കാത്ത അനീതികൾക്കും അവശതകൾക്കും വിധേയരാണ്. സമൂഹത്തിൻെറ സുസ്ഥിരതക്കും വികാസത്തിനും സ്ത്രീ സമൂഹത്തിൻെറ പങ്കാളിത്തം അനിഷേധ്യമാണ്. ജീവിതത്തിൻെറ എല്ലാ മേഖലകളിലും ഇന്ന് സ്ത്രീകളുടെ സാന്നിദ്ധ്യം സജീവമായിട്ടുണ്ട്.

പുൽപ്പള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വീട്ടമ്മമാർ, കർഷകതൊഴിലാളികൾ അധ്യാപികമാർ വിദ്യാർത്ഥികൾ എന്നിങ്ങനെയാണ് സ്ത്രീ സമൂഹം വിഭജിക്കപ്പെട്ടിട്ടുള്ളതം. ഉദ്യോഗസ്ഥകൾ വ്യവസായ വാണിജ്യരംഗത്ത് പ്രവർത്തിക്കുന്നവർ കൈതൊഴിൽ ചെയ്യുന്നവർ തുടങ്ങിയവർ ഒരു ചെറിയ വിഭാഗവും പഞ്ചായത്തിൽ ഉണ്ട്. സാമൂഹ്യരാഷ്ട്രീയ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്. കർഷകതൊഴിലാളികൾ എന്ന നിലക്കാണ സ്ത്രീകൾ കൂടുതലായി ഉള്ളത. പൊതുവേ സംസ്ഥാനത്ത വിദ്യാഭ്യാസനിലവാരം വർദ്ധിച്ചിട്ടുണ്ടെങ്കിലും ജില്ലയിലും, ഈ പഞ്ചായത്തിലും അതിൻെറ ഗുണഫലങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 30035 ആണ്. ഇതിൽ 14123 പേർ സ്ത്രീകളാണ്. 6025 പട്ടികജാതി പട്ടികവർഗക്കാരിൽ 3232 സ്ത്രീകൾ ആണ്. ആദിവാസി സ്ത്രീകൾ അധികവും കാർഷിക് മേഖലയിൽ ജോലി ചെയ്യുന്നവരാണ. സാമൂഹ്യമായും സാമ്പത്തിക വിദ്യാഭ്യാസപരമായുള്ള ഇവരുടെ പിന്നോക്കാവസ്ഥ വ്യാപകമായി ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ഇതൊരു സാമൂഹ്യ പ്രശ്നം തന്നെയായി തീർന്നിട്ടുണ്ട്. സേവന മേഖലയിൽ ആകെയുള്ള 623 പേരിൽ 194 പേർ മാത്രമേ വനിതകളായിട്ടുള്ളു. വാണിജ്യ-വ്യവസായരംഗത്ത് ആകെയുള്ള 435 പേരിൽ 35 പേർ മാത്രമാണ് വനിതകൾ.

പരമ്പരാഗത തൊഴിൽ മേഖലയായ മൺപാത്രനിർമ്മാണം പപ്പട നിർമ്മാണം എന്നിവയിൽ പ്രവർത്തിക്കുന്ന കുറച്ചു കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

**പ്രശ്നങ്ങൾ**

കർഷകതൊഴിലാളി മേഖലയിൽ, കാലികമായി മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. അഭ്യസ്ഥവിദ്യരായ സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. പരമ്പരാഗത തൊഴിൽ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വൻകിട ഉല്പാദനമേഖലകളുമായി മത്സരിക്കേണ്ടിവരുന്നതിനാൽ ലാഭകരമാകുന്നില്ല.

വിദ്യാഭ്യാസത്തിൻെറ ഗുണഫലങ്ങൾ പുർണ്ണമായി സ്ത്രീകൾക്ക ലഭിക്കുന്നു എന്നു കരുതുക വയ്യ. കുടുംബത്തിലെ ആരോഗ്യപ്രശനങ്ങൾ ആദ്യം ബാധിക്കുന്നത സ്ത്രീകളെയാണ. ദാരിദ്ര്യത്തിൻെറ കാര്യത്തിൽപോലും കൂടുതൽ പീഡിപ്പിക്കുന്നത് സ്ത്രീകളാണ്. വിവിധ തലങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വനിതാക്ഷേമ പരിപാടികൾ ഇങ്ങനെ സമാഹരിക്കാം.

1. വനിതകളുടെ പുരോഗതിക്ക് വേണ്ടി ബോധവത്കരണം സംവിധാനം ഉണ്ടാവുക.
2. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷത്തിൽ വാർഡുതലങ്ങളിൽ ഹെൽത്തുക്ലബ്ബുകൾ ആരംഭിക്കുക.
3. ആവശ്യമുള്ള സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിൻെറ കീഴിൽ ഹെൽത്തു സെൻററുകൾ ആരംഭിക്കുക.
4. സ്ത്രീകളുടെയും കുട്ടികളുടെയും വിനോദത്തിനുള്ള സൗകര്യം ഉണ്ടാക്കുക.
5. തൊഴിലില്ലാത്തവർക്കു തൊഴിൽ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
6. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം
7. സ്ത്രീപീഡനകേസുകൾ കൈകാര്യം ചെയ്യുന്നതിനു പ്രത്യേക കോടതികൾ ഏർപ്പെടുത്തുക.
8. സ്ത്രീകൾക്കു വേണ്ടി തൊഴിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

9 ആദിവാസി ഹരിജൻ മേഖലകളിൽ സ്ത്രീകൾക്ക് പ്രത്യേകമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തൊഴിൽ ദാന പദ്ധതികൾ വാർഡ് തലത്തിൽ രൂപികരിക്കുക.

10. വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പഞ്ചായത്തു തലത്തിൽ വനിതാമെമ്പർമാരെ ഉൾപ്പെടുത്തി ഒരു സമിതിയുണ്ടാക്കുക.

11. കർഷകതൊഴിലാളികൾക്ക് തൊഴിൽ ലഭ്യമല്ലാത്ത അവസരങ്ങളിൽ ഉപയുക്തമാകും വിധം ലഘുപദ്ധതിക ളിലൂടെ തൊഴിൽ കണ്ടെത്തുവാൻ പദ്ധതികൾ സൃഷ്ടിക്കുക.

12. വനിതാസഹകരണസംഘങ്ങൾ രൂപികരിച്ചുകൊണ്ട് വ്യവസായ മേഖലകളിൽ പരിശീലനവും സാമ്പത്തിക സഹായവും വിപണന സൗകര്യങ്ങളും സൃഷ്ടിക്കുക.

13. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ ഉന്നമനത്തിനായി സഹകരണാടിസ്ഥാനത്തിൽ ചെറുകിടവ്യവസായ യൂണിറ്റുകൾ രൂപീകരിക്കുക.

14. പരമ്പരാഗത തൊഴിൽ മേഖലയിലെ അസംസ്കൃതവസ്തുക്കൾ ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീക രിക്കുകയും പഞ്ചായത്തു തലത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു സൗകര്യമേർപ്പെടുത്തുകയും വേണം.

15. അദ്ധ്വാനഭാരം കുറവുള്ള കൂൺ കൃഷി, പച്ചക്കറിത്തോട്ടം, കുടനിർമ്മാണം, പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, തേനീച്ച വളർത്തൽ, ഹോർട്ടികൾച്ചർ, കരകൗശലവസ്തുക്കളുടെ നിർമ്മാണം, എംബ്രോയി ഡറി, ബാത്തിക് ഡിസൈനിംഗ്, പശു, ആട് കോഴി എന്നിവയുടെ പരിപാലനം, റെഡിമെയ്ഡ് വസ്തുക്ക ളുടെ നിർമ്മാണം, അച്ചാർ നിർമ്മാണം, കുടനിർമ്മാണം, സോപ്പുനിർമ്മാണം, ചന്ദനത്തിരെ, മെഴുകുതിരി എന്നിവയുടെ നിർമ്മാണം, ടൈലറിംഗ് തുടങ്ങിയ തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

## വിദ്യാഭ്യാസം

വനിതകളുടെ പുരോഗതിയും, വിദ്യാഭ്യാസ വളർച്ചയും പരസ്പര പൂരകമായ രണ്ട ഘടകങ്ങളാണ്. പ്രത്യേകിച്ചും ആദിവാസി വനിതകളുടെ കാര്യത്തിൽ ഇത് വളരെ പ്രസക്തമാണ്. സ്കൂളുകളിൽ നിന്ന് വിദ്യാഭ്യാസം നിർത്തി പോവുന്നവരുടെ ഇടയിൽ സ്ത്രീകളാണധികവും. വനിതാ തുടർവിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യുക, കൊഴിഞ്ഞുപോക്ക് കഴിയുന്നതും കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ ഈ രംഗത്ത് അത്യാവശ്യമാണ്. വ്യാപകമായ ബോധവൽക്കരണപരിപാടികളും, ചർച്ചാക്ലാസുകളും സംഘടിപ്പിക്കേണ്ടതാണം.

## വനിതാക്ഷേമപ്രവർത്തനങ്ങൾ

1. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക.
2. വാർഡുതലത്തിൽ വനിതാസാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഇവിടെ കായിക കലാമത്സരങ്ങൾ സംഘടിപ്പിക്കുക.
3. നിർദ്ദനരായ പെൺകുട്ടികൾക്ക് വിവാഹത്തിൽ സഹായധനം നൽകുക.
4. വിധവകളുടെ ഭവനനിർമ്മാണത്തിനും ജീവിതസ്ഥിരതയ്ക്കും വേണ്ടിയുള്ള സഹായധനങ്ങൾ ലഭ്യമാക്കു.
5 തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുക.
6 പഞ്ചാത്തു തലത്തിൽ ക്രഷ് ആരംഭിക്കുക.
7. വനിതകൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.
8. വനിതാഹോസ്റ്റൽ സ്ഥാപിക്കുക.
9. നിരാലംബരും വൃദ്ധകളുമായ സ്ത്രീകളെ അധിവസിപ്പിക്കുന്നതിനായി സംവിധാനമുണ്ടാക്കുക.
10. ആദിവാസികളായ അവിവാഹിത അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുക
11. സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ പഞ്ചായത്തുതല കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുക.
12. വനിതകളുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനു വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തുതല പ്രശ് നപരിഹാരം ഫോറം രൂപീകരിക്കുക. ഇത്രയും കാര്യങ്ങൾ ചെയതാൽ പഞ്ചായത്തു തലത്തിൽ വനിതാക്ഷേമം ഉറപ്പുവരുത്താൻ കഴിയും.

# 5–10 സഹകരണം

കേരളജനതയുടെ സാമ്പത്തികവളർച്ചയിലും ജീവിതപുരോഗതിയിലും സഹകരണമേഖല വഹിച്ച പങ്ക നിർണ്ണായകമാണ്. സഹകണപ്രസ്ഥാനം കടന്നുചെല്ലാത്ത ഒരു മേഖലയും ഇന്ന കേരളത്തിലില്ലല്ലോ. ജനപങ്കാളിത്തത്തിൻെറയും കൂട്ടായ്മയുടേയും മഹത്വം വിളിച്ചോതിയ സഹകരണപ്രസ്ഥാനങ്ങൾ നമ്മുടെ സംസ്കാരത്തിൻെറ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു. പുൽപ്പള്ളിയിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലും ഗണ്യമായ പങ്കുവഹിച്ചത് സഹകരണമേഖലയിലെ പ്രവർത്തനങ്ങളാണ്.

പുൽപ്പള്ളിയിൽ സഹകരണരംഗത്ത് ആദ്യമായി ഉടലെടുത്ത സ്ഥാപനം 'ഐക്യനാണയസംഘം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന കാർഷിക സഹകരണസംഘമാണ്. 1922-ലാണ് അത് സ്ഥാപിതമായത്. 18 മെമ്പർമാരടങ്ങിയ ഒരു ചെറിയ സംഘമായി പ്രവർത്തനമാരംഭിച്ച പ്രസ്തുത സ്ഥാനപത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് ശ്രീ കുപ്പത്തോട് നാരായണൻ നായരും സെക്രട്ടറി ശ്രീ. ടി. ദാസൻചെട്ടിയും ആയിരുന്നു. 1923 ഏപ്രിൽ 12 ന് ചേർന്ന സംഘത്തിൻെറ ആദ്യയോഗത്തിൽ കർഷകർക്ക് ഏരു വാങ്ങുന്നതിനും മറ്റ് കാർഷിക ജോലികൾക്കുമായി 25 രൂപ വീതം ലോൺ അനുവദിക്കാൻ തീരുമാനിച്ചു. 1932-ൽ ലോൺ കുടിശ്ശിക വരുത്തിയ പത്തുപേരുടെ പലിശ എഴുതിത്തള്ളാനും തീരുമാനിക്കുകയുണ്ടായി.

1954 ആയപ്പോഴേക്കും സംഘത്തിലെ അംഗസംഖ്യ 126 ആയും 1964-ൽ അത് 266 ആയും വർദ്ധിച്ചു. 15-12-1964-ൽ പ്രസുതതസംഘം 'പുൽപ്പള്ളി സർവ്വീസ് സഹകരണബേങ്ക്' എന്ന പേരിൽ രജിസ്റ്റർ ചെയ്തത് പ്രവർത്തനമാരംഭിച്ചു. പ്രസിഡൻറായി ശ്രീ. കുപ്പത്തോട് മാധവൻ നായരെ തെരഞ്ഞെടുത്തു. 1973-ൽ തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരടങ്ങിയ ഭരണസമിതി നിലവിൽ വന്നു.

പുൽപ്പള്ളിയിലെ കാർഷികമേഖലയുടെ വളർച്ചയിൽ പ്രസ്തുത സർവ്വീസ് സഹകരണബേങ്കിന് അദ്വിതീയമായ ഒരു സ്ഥാനമുണ്ട്. അടുത്തതായി പുൽപ്പള്ളി മേഖലയിലുണ്ടായ സഹകരണസ്ഥാപനം 25-10-1971-ൽ പ്രവർത്തനമാരംഭിച്ച ക്ഷീരവ്യവസായ സഹകരണസംഘമാണ്. തുടർന്ന് 1972-ൽ ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി പുൽപ്പള്ളി ഗിരിജൻ സർവ്വീസ് സൊസൈറ്റി എന്ന പേരിൽ ഒരു സംഘം കൂടി ഈ മേഖലിയിൽ പ്രവർത്തനമാരംഭിച്ചു. ഒരു ദശകത്തിനു മുമ്പുവരെ മറ്റു സഹകരണസ്ഥാപനങ്ങളൊന്നും ഇവിടെ പ്രവർത്തിച്ചിരുന്നില്ല. ഇന്ന് അനേകം സഹകരണസ്ഥാപനങ്ങൾ പുൽപ്പള്ളിയിൽ പ്രവർത്തിക്കുന്നുണ്ട്.

## പുൽപ്പള്ളിയിലെ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ

### 1. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

15-12-1964-ൽ പുൽപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്ന നിലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. അംഗങ്ങൾ : 266. ഇന്ന് 10,989 മെമ്പർമാരുണ്ട്. ഓഹരി മൂലധനം : 30,7,5,064 രൂപ. വാർഷിക ടേൺ ഓവർ 8 കോടി രൂപയാണ്. 22 ജീവനക്കാർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്നു. 1,75,000 രൂപ ലാഭത്തിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. ബാങ്കിന് എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു മൂന്നു നില കെട്ടിടം സ്വന്തമായിട്ടുണ്ട്. അനുബന്ധമായി ഓരോ റബ്ബർ കുരുമുളക് സംഭരണകേന്ദ്രവും ടെക്സ്റ്റൈൽ ഷോറൂമും പ്രവർത്തിച്ചുവരുന്നു. ശ്രീ. കെ.യു മത്തായി പ്രസിഡൻറും ശ്രീ. പി. ശ്രീധരൻ സെക്രട്ടറിയും ആയിട്ടുള്ള ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

**2. ക്ഷീരവ്യവസായ സഹകരണസംഘം**

പുൽപ്പള്ളിയിലെ ക്ഷീരകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി 25-10-1971-ൽ രജിസ്റ്റർ ചെയ്ത പ്രവർത്തനമാരംഭിച്ച പ്രസ്തുത സംഘത്തിൽ ഇന്ന് 1815 മെമ്പർമാരുണ്ട്. 28,800 രൂപയാണ് അതിൻെറ മൂലധനം. 6 സ്ഥിരം ജീവനക്കാരും 6 ദിവസ ജോലിക്കാരും 6 കമ്മീഷൻ ജോലിക്കാരും ഉൾപ്പെടെ 18 പേർ ജോലി നോക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടവും പുതുതായി ആരംഭിച്ച ഒരു ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റും ഉണ്ട്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. എം. രാമകൃഷ്ണനനും സെക്രട്ടറി ശ്രീമതി വി.പി. സൂസമ്മയും ആണ്.

**3. പുൽപ്പള്ളി ഗിരിജൻ സർവ്വീസ് സൊസൈറ്റി**

പുൽപ്പള്ളിയിലെ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘമാണിത്. 22-3-1972-ൽ രജിസ്റ്റർ ചെയ്ത് 26-3-1972-ൽ പ്രവർത്തനമാരംഭിച്ചു. 417 അംഗങ്ങളുള്ള ഈ സൊസൈറ്റിക്ക് 2,03,960 രൂപ ഓഹരി മൂലധവും 7,00000 രൂപ വാർഷി ടേൺ ഓവറും ഉണ്ട്. വനവിഭവങ്ങളായ നെല്ലിക്ക, തേൻ മുതലായവയുടെ സംഭരണവും വിപണനവും നടത്തുന്ന ഈ സംഘത്തിൽ 4 ജീവനക്കാരാണ് ഉള്ളത്. 45,657.40 രൂപയുടെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ ആദിവാസി വനിതകൾക്കായി ഒരു തയ്യൽ പരിശീലനകേന്ദ്രവും ആരംഭിച്ചിട്ടുണ്ട്.

ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. എ.വി. കേശവനും സെക്രട്ടറി ശ്രീ. എം. എൻ. തങ്കപ്പനും ആണ്.

**4. പുൽപ്പള്ളി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

1972-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 78 മെമ്പർമാരുണ്ട്. ശ്രീ. പി.എ. പരമേശ്വരൻ പ്രസിഡൻറും ശ്രീ. തോമസ് സെക്രട്ടറിയുമായിട്ടുള്ള ഈ സംഘം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ പ്രവർത്തനരഹിതമാണ്.

**5. വയനാട് ഡിസ്ട്രിക്റ്റ് അനിമൽ വെൽഫയർ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.**

31-7-1993ന് രജിസ്റ്റർ ചെയ്ത് 13-8-93ന് പ്രവർത്തനമാരംഭിച്ച പ്രസ്തുതസംഘത്തിൽ 250 മെമ്പർമാരും 25,000 രൂപ ഓഹരി മൂലധനവും ഉണ്ട്. വാർഷിക ടേൺ ഓവർ 12,00,000 രൂപയാണ്. 1,31,509 രൂപ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നാല് ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. പി.എൻ ശിവനും സെക്രട്ടറി പി.ആർ. സനൽകുമാറും ആണ്.

**6. അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി - താന്നിത്തെരുവ്**

കുരുമുളക്, റബ്ബർ തുടങ്ങിയ കാർഷിക വിഭവങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനുവേണ്ടി 1995-ൽ പ്രവർത്തനമാരംഭിച്ച ഒരു സംഘമാണിത്. നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിൽ ഇപ്പോൾ 139 പേർ അംഗങ്ങളായുണ്ട്. ശ്രീ. കെ. ജെ. പോൾ പ്രസിഡൻറും ശ്രീ. സുരേന്ദ്രൻ സെക്രട്ടറിയുമാണ്.

**7. ഇന്ദിരാഗാന്ധി മെമ്മോറിയൽ സഹകണ ആശുപത്രി**

പുൽപ്പള്ളി മേഖലയിലെ ആതുരശുശ്രൂഷാരംഗത്ത് മികച്ച സേവനം നടത്തുന്ന ഒരു സ്ഥാപനമാണിത്. 8,00,000 രൂപ മുതൽ മുടക്കോടെ ആരംഭിച്ച ഈ ആശുപത്രി 1995ലാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. 25 കിടക്കകളുള്ള ഈ സ്ഥാപനത്തിൽ 2 ഡോക്ടർമാരും 8 ജീവനക്കാരും ഉൾപ്പെടെ 10 പേർ സേവനമനുഷ്ഠിക്കുന്നു. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 200 അംഗങ്ങളുള്ള പ്രസ്തുത ആശുപത്രിയുടെ പ്രസിഡൻറ് ശ്രീ. സി.പി. ഏലിയാസും സെക്രട്ടറി ജിമ്മി ജോർജ്ജും ആണ്. ഇപ്പോൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

**8. പഴം - പച്ചക്കറി മാർക്കറ്റിംഗ് സഹകരണസംഘം**

18-4-95 രജിസ്റ്റർ ചെയ്ത് 13-8-96ന് പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 180 മെമ്പർമാരുണ്ട്. 30,000 രൂപ ഓഹരി മൂലധനമുള്ള ഈ സ്ഥാപനത്തിൻെറ വാർഷിക ടേൺ ഓവർ 75,000 രൂപയാണ്. 4 ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന ഈ സംഘം ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സംഘത്തിൻെറ ഇപ്പോഴത്തെ

പ്രസിഡൻറ് ശ്രീ. പി. ആർ. മോഹനനും ഹോണററി സെക്രട്ടറി ശ്രീ. ടി.പി. പ്രേമരാജനും ആണ്.

**9. പുൽപ്പള്ളി കോ-ഓപ്പറേറ്റീവ് കോളേജ്**

1985 രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച പ്രസ്തുത കോളേജ് ഈ മേഖലയിലെ വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചുവരുന്നു. 250 മെമ്പർമാരും 3300 രൂപ ഓഹരി മൂലധനവും ഉണ്ട്. ഈ കോളേജിൻെറ വാർഷിക ടേൺ ഓവർ 1,50,000 രൂപയാണ്. 9 ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന ഈ സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. ജോഴ്സൺ തോമസും സെക്രട്ടറി സി.പി. ത്രേസ്യയും ആണ്.

പുൽപ്പള്ളി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ മിക്കതും സേവനരംഗത്താണ് ചുവടുറപ്പിച്ചിട്ടുള്ളത്. ചില സഹകരണസംഘങ്ങളിൽ നിന്ന് കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നില്ല എന്നൊരു പോരായ്മയുണ്ട്. സാമുഹ്യക്ഷേമപ്രവർത്തനങ്ങളിൽ സഹകരണസംഘങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. സഹകരണസംഘങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. സഹകരണസ്ഥാപനങ്ങൾ പലതും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിരുന്നെങ്കിലും പരാജയപ്പെടുകയോ നിർജ്ജീവമാക്കുകയോ ചെയ്തതായി കാണപ്പെടുന്നു.

**നിർദ്ദേശങ്ങൾ**

ഇവിടെ കാർഷിക വ്യാവസായിക മേഖലയുടെ വളർച്ചയ്ക്കുതകുന്ന സഹകരണസ്ഥാപനങ്ങൾ പലതും ഇനിയും ഉയർന്നുവരേണ്ടതുണ്ട്. സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ ഉല്പാദനവിപണനരംഗത്തെ വളർച്ചയ്ക്ക് അനിവാര്യമാണ്.

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളും കൈത്തൊഴിലുകാരും ഉല്പാദിപ്പിക്കുന്ന കുട്ട, വട്ടി, പരമ്പ്, പായ മുതലായ സാധനങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും അവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും ഒരു കുടിൽ വ്യവസായ സഹകരണസംഘം ആരംഭിക്കേണ്ടതാണ്.

ഗാർമെൻറ്സ്, മെഴുകുതിരി, ചന്ദനത്തിരി, സോപ്പ്, കുട, തീപ്പെട്ടി തുടങ്ങിയവ നിർമ്മിച്ച് വിപണനം നടത്തുന്നതിന് വനിതകൾക്കായി ഒരു ഉല്പാദകസഹകരണസംഘം ആരംഭിക്കാവുന്നതാണ്.

പുൽപ്പള്ളി ടൗൺ കേന്ദ്രീകരിച്ചുകൊണ്ട് ഇഞ്ചി സംസ്കരണ ഫാക്ടറി, കാലിത്തീറ്റ - കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി, സിമൻറ് കമ്മോഡിറ്റീസ് നിർമ്മാണശാല എന്നിവ സഹകരണമേഖലയിൽ തുടങ്ങാവുന്നതാണ്. നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്നതിനും കാർഷിക, ക്ഷീര ഭവനനിർമ്മാണ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനും ഇവ സഹായകകരമായിരിക്കും.

ഔഷധകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഔഷധസസ്യസംഭരണ-വിതരണ സംഘം രൂപികരിക്കാവുന്നതാണ്.

സഹകരണമേഖലയിൽ കേരസമിതിയുടെ സഹകരണത്തോടെ ഇളനീർ പാർലർ, കൊപ്രഡ്രെയർ എന്നിവ ആരംഭിക്കുന്നത് തെങ്ങുകൃഷിയുടെ വളർച്ചയെ സഹായിക്കു.

നിലവിലുള്ള പുൽപ്പള്ളി സർവ്വീസ് സഹകരണബാങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൻെറ കിഴക്കുഭാഗം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത് നന്നായിരിക്കും.

പാക്കം കേന്ദ്രമായി ഒരു ക്ഷീരസഹകരണസംഘമോ ശാഖയോ ആരംഭിക്കാവുന്നതാണ്.

റബ്ബർ അസംസ്കൃതവസ്തുവായി ഉപയോഗിച്ചുകൊണ്ടുള്ള ഒരു ചെറുകിട ഫാക്ടറി സഹകരണമേഖലിയൽ ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തിൻെറ ആസ്ഥാനം കേന്ദ്രമാക്കി ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുകയും ഈ കേന്ദ്രത്തിൽ നിന്ന് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഒരു മൊബൈൽ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

# 5–11 പട്ടികജാതി പട്ടികവർഗ ക്ഷേമം

നമ്മുടെ നാടിൻെറ സമഗ്രവികസനവും പുരോഗതിയും സാധ്യമാകണമെങ്കിൽ എല്ലാവിഭാഗത്തിലും പെട്ട ജനങ്ങൾ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും ആയ മണ്ഡലങ്ങിൽ വളർച്ച പ്രാപിക്കണം. ഏതെങ്കിലും ഒരു ജനവിഭാഗത്തിൻെറ മാത്രം വളർചടചയോ ഒരു പ്രദേശത്തിൻെറ മാത്രം വികസനമോ നാടിൻെറ സമഗ്രമായ പുരോഗതി സാധ്യമാക്കുകയില്ല. അതുകൊണ്ടുതന്നെ സാമൂഹ്യവും സാംസ്കാരിക വുമായി പിന്നിൽ നിൽക്കുന്നവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ആസൂത്രണ പദ്ധതികൾക്ക് ഒമ്പതാം പദ്ധതിയിൽ നാം ഊന്നൽ നൽകേണ്ടിയിരിക്കുന്നു. നമ്മുടെ പ്രദേശത്തെ സാമൂഹിക സാമ്പത്തിക രംഗങ്ങിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗത്തിൽ പ്പെട്ട ജനവിഭാ ഗങ്ങളുടെ സമഗ്രവികസനം സാധ്യമാകുന്ന തരത്തിലുള്ള പദ്ധതികളും കർമ്മ പരിപാടിയും ആവിഷ്ക്കരി ക്കേണ്ടതുണ്ട്.

പുൽപ്പള്ളി പഞ്ചായത്തിൽ 79 കോളനികളിലായി 5794 പട്ടികവർഗക്കാരും 467 പട്ടിക ജാതിക്കാരും ഉള്ളതായി കണക്കാക്കപ്പെടുന്നു.

പട്ടിക 1

## പട്ടികജാതി പട്ടികവർഗ ക്ഷേമം

പട്ടിക 1 അംഗസംഖ്യ

| സീ. ന | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| 1. | മാതളംപറ്റ | 18 | 38 | 32 | 70 |
| 2 | നരിവയൽ | 18 | 43 | 32 | 75 |
| 3 | പാലച്ചോല | 13 | 26 | 19 | 45 |
| 4 | വെള്ളക്കെട്ട് | 9 | 19 | 19 | 38 |
| 5 | പുതിയകാരേരി | 21 | 32 | 36 | 68 |
| 6 | തിരുമുഖത്ത് (താഴെ) | 68 | 135 | 139 | 274 |
| 7 | ഇല്ല്യംമ്പത്ത് | 30 | 63 | 59 | 122 |
| 8 | കട്ടക്കണ്ടി | 20 | 29 | 27 | 56 |
| 9 | ദാസനക്കര | 21 | 42 | 42 | 84 |
| 10 | ഫോറസ്റ്റ് വയൽ | 14 | 28 | 26 | 54 |

| | | | | | |
|---|---|---|---|---|---|
| 11 | ചെറിയമല | 41 | 69 | 76 | 145 |
| 12 | മുടവൻ കര | 5 | 9 | 12 | 21 |
| 13 | മണൽവയൽ | 6 | 13 | 15 | 28 |
| 14 | താഴശ്ശേരി | 35 | 81 | 76 | 157 |
| 15 | പന്നിക്കൽ | 27 | 57 | 63 | 120 |
| 16 | മച്ചിമൂല | 55 | 100 | 123 | 223 |
| 17 | തോണിക്കടവ | 17 | 35 | 40 | 75 |
| 18 | വീരാടി | 83 | 158 | 183 | 241 |
| 19 | കുണ്ടുവാടി | 12 | 22 | 16 | 38 |
| 20 | കൊല്ലിയിൽ | 4 | 6 | 9 | 15 |
| 21 | തിരുമുഖത്ത് (കുന്ന്) | 2 | 3 | 5 | 8 |
| 22 | കുറിച്ചിപ്പറ്റ | 55 | 98 | 109 | 207 |
| 23 | പള്ളിച്ചിറ | 28 | 50 | 54 | 104 |
| 24 | ചാത്തമംഗലം | 15 | 25 | 40 | 65 |
| 25 | വീട്ടിമൂല | 20 | 56 | 77 | 133 |
| 26 | കണ്ടാമല | 35 | 85 | 79 | 164 |
| 27 | കൊല്ലിവര | 13 | 23 | 26 | 49 |
| 28 | എടക്കണ്ടി | 45 | 73 | 79 | 152 |
| 29 | ചുള്ളിക്കാട് | 8 | 12 | 12 | 24 |
| 30 | പാളക്കൊല്ലി | 17 | 31 | 41 | 72 |
| 31 | കൊളത്തൂർ (താഴെ) | 10 | 16 | 13 | 29 |
| 32 | മാനിക്കൊല്ലി | 6 | 14 | 16 | 30 |
| 33 | വാളമാങ്ങമൂല | 27 | 49 | 57 | 106 |
| 34 | കൊളത്തൂർ | 35 | 71 | 70 | 141 |

| | | | | | |
|---|---|---|---|---|---|
| 35 | കുമിച്ചി | 38 | 38 | 30 | 68 |
| 36 | ആനപ്പാറ | 47 | 86 | 89 | 175 |
| 37 | കരിമം | 34 | 65 | 78 | 143 |
| 38 | ചുണ്ടക്കൊല്ലി | 17 | 26 | 33 | 59 |
| 39 | പാലമൂല | 7 | 14 | 13 | 27 |
| 40 | ചേപ്പില | 48 | 108 | 87 | 195 |
| 41 | മീനംകൊല്ലി | 5 | 10 | 12 | 22 |
| 42 | ഇറുമുക്കി | 14 | 20 | 22 | 42 |
| 43 | കൊട്ടമുരട്ട് | 26 | 35 | 43 | 78 |
| 44 | ചെറുവള്ളി | 34 | 50 | 69 | 119 |
| 45 | താഴെപ്പാടി | 10 | 15 | 15 | 32 |
| 46 | പുതിയിടം (പണിയ) | 10 | 16 | 16 | 32 |
| 47 | മാങ്കുറ്റി | 3 | 6 | 4 | 10 |
| 48 | താഴെകാപ്പ് | 23 | 30 | 45 | 75 |
| 49 | പൈക്കമൂല | 28 | 40 | 43 | 83 |
| 50 | മേലേക്കാപ്പ് | 7 | 7 | 9 | 16 |
| 51 | മുണ്ടക്കുറ്റി | 9 | 12 | 14 | 26 |
| 52 | മേലേക്കാപ്പ് (പ) (ചെറിയ) | 42 | 60 | 58 | 118 |
| 53 | വേളംകോട് | 14 | 25 | 28 | 53 |
| 54 | മാനിവയൽ | 12 | 20 | 23 | 43 |
| 55 | പള്ളിയോട് | 4 | 6 | 6 | 12 |
| 56 | കാര്യംപാതി | 13 | 20 | 29 | 49 |
| 57 | ചോമാടി | 10 | 16 | 16 | 32 |
| 58 | പാലമൂല | 12 | 20 | 28 | 48 |

| | | | | | |
|---|---|---|---|---|---|
| 59 | കളനാടിക്കൊല്ലി | 7 | 10 | 13 | 23 |
| 60 | കല്ലുവയൽ | 7 | 10 | 15 | 25 |
| 61 | ബസവൻകൊല്ലി | 29 | 50 | 49 | 99 |
| 62 | മടാപ്പറമ്പ് | 36 | 60 | 62 | 122 |
| 63 | മാങ്ങാക്കണ്ടി | 9 | 15 | 16 | 31 |
| 64 | യോഗിമൂല | 7 | 16 | 20 | 36 |
| 65 | ആച്ചനള്ളി | 26 | 47 | 63 | 110 |
| 66 | ദേവർഗദ്ദ | 7 | 7 | 12 | 19 |
| 67 | തൂപ്ര | 14 | 24 | 32 | 56 |
| 68 | വണ്ടിക്കടവ | 17 | 22 | 40 | 62 |
| 69 | ആശ്രമക്കൊല്ലി | 9 | 15 | 15 | 30 |
| 70 | അമ്പത്താറ് | 6 | 12 | 17 | 29 |
| 71 | താന്നിത്തെരുവ് | 8 | 13 | 20 | 33 |
| 72 | പൊളന്ന (നായ്ക്ക) | 15 | 20 | 21 | 41 |
| 73 | പൊളന്ന (ഊരാളി) | 4 | 8 | 9 | 17 |
| 74 | വെട്ടത്തൂർ | 7 | 10 | 12 | 22 |
| 75 | ചന്ദ്രോത്ത് | 15 | 18 | 20 | 38 |
| 76 | മണൽ വയൽ | 5 | 6 | 7 | 13 |
| 77 | കൊരഞ്ഞുവയൽ | 30 | 38 | 40 | 78 |
| 78 | പുതിയിടം (നായ്ക്ക) | 3 | 4 | 5 | 9 |
| 79 | ഓണിവയൽ | 5 | 6 | 5 | 11 |
| | ആകെ | 1606 | 2767 | 3027 | 5794 |

പട്ടികവർഗക്കാർ ഇവിടെ നൂറ്റാണ്ടുകളായി താമസമാക്കിയവരാണ്. കുറുമർ, പണിയർ, ഊരാളി, നായ്ക്കർ, കാട്ടുനായ്കർ, അടിയാൻമാർ എന്നീ വർഗങ്ങളാണം ഈ മേഖലയിലെ ആദിവാസികളിൽ ഉൾപ്പെടുന്നത്. ഇവരിൽ കുറുമ വിഭാഗത്തിൽ പെട്ടവർ മറ്റു വിഭാഗങ്ങലെ അപേക്ഷിച്ച് സാമൂഹ്യമായും സാമ്പത്തികമായും മുന്നിലെത്തിയിട്ടുണ്ട്. പരമ്പരാഗത തൊഴിലായ കന്നുകാലി വളർത്തലും, കൃഷിയുമാണ് ഇവരുടെ ഉപജീവ നമാർഗം. കോളനികളിലായി ജിവിച്ചുവന്നിരുന്ന ഇവർ ഇന്നു വേറിട്ടു താമസിക്കുവാൻ തുടങ്ങിയിട്ടുണ്ട്. പരമ്പരാ ഗതമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും തുടർന്നു വരുന്നുണ്ടെങ്കിലും പലതും മാഞ്ഞുപോയി കൊണ്ടിരി ക്കുകയാണ്. ഈ വിഭാഗത്തിൻെറ പ്രധാനപ്പെട്ട ആഘോഷങ്ങളാണ് ഉച്ചാലും പുത്തരിയുത്സവവും. സാമൂ ഹ്യമായും വിദ്യാഭ്യാസപരമായും ഉയർന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൂർണ്ണമായും മാഞ്ഞുപോയിട്ടില്ല. ഈ മേഖലയിലെ കുറുമസമുദായത്തിൽ പെട്ട യുവതിയുവാക്കൾ സർക്കാർ സർവീസുകളിൽ ജോലിചെയ്യുന്നുണ്ട്. സാമൂഹ്യരംഗത്തും, രാഷ്ട്രീയരംഗത്തും, സാംസ്കാരിക രംഗത്തും പ്രവർത്തിക്കുന്നവരും ഈ വിഭാഗത്തിലുണ്ട്.

ആദിവാസി വിഭാഗങ്ങളിലെ പണിയർ, നായ്കർ, കാട്ടുനായ്ക്കർ, ഉരാളിമാർ, അടിയാൻമാർ എന്നിവർ വ്യത്യസ്ഥ ഭാഷ സംസാരിക്കുന്നവരും സാമൂഹ്യമായി വളരെ പിന്നോക്കം നിൽക്കുന്നവരും ആണ്. വനാന്തർഭാ ഗത്തോ വനാതിർത്തിയിലെ ആണ് ഇവരുടെ കോളനികൾ. വനവിഭാഗങ്ങളായ തേൻ, നെല്ലിക്ക, മുള, വിറക് ഇവ ശേഖരിച്ച് നാട്ടുകാർക്ക് കൊടുത്തും, കൂലിപ്പണി ചെയ്തുമാണ് ഉപജീവനം നടത്തുന്നത്. ഇവരിൽ നല്ലൊരു ശതമാനത്തിനും സ്വന്തമായി ഭൂമിയോ മറ്റ് സമ്പാദ്യങ്ങളോ ഇല്ല. വിദ്യാഭ്യാസരംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗങ്ങളിൽ സാംക്രമിക രോഗങ്ങളും ഏറെയുണ്ട്. ഇതിൽ അധികവും അജ്ഞത മൂലമാണ് പടരുന്നത്. പരമ്പരാഗതമായ ആചാരങ്ങളും അനുഷ്ടാനങ്ങളും പുലർത്തിപോരുന്ന ഇവരിലും അന്ധവിശ്വാ സങ്ങളും അനാചാരങ്ങളും നിലവിൽ ഉണ്ട് മറ്റുള്ളവരുടെ ചൂഷണത്തിന് വിധേയമായി കഴിയുന്ന ഈ വിഭാ ഗങ്ങളിൽ മദ്യത്തിൻെരയും മയക്കുമരുന്നിൻെറയും, മറ്റ് ലഹരി പദാർത്ഥങ്ങളുടേയും ഉപഭോഗം വ്യാപകമായി കാണപ്പെടുന്നുണ്ട്. ഇവരുടെ ക്ഷേമത്തിന് വേണ്ടി ഗവൺമെൻറ് പല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ടെങ്കിലും അതിൻെറയൊന്നും പൂർണ്ണമായ പ്രയോജനം ആദിവാസി സമൂഹത്തിന് ലഭിക്കുന്നില്ല. അവർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും ഇടത്തട്ടുകാരുടെയും മറ്റും കൈകളിലാണ് എത്തുന്നത്. ആദിവാസികളെ ബോധ വൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും അവയൊന്നും നിലനിൽക്കുന്നില്ല. ദാസനക്കര ഗിരിജ്യോതി പ്രോജക്ട് ഹിൽഡ തുടങ്ങിയ സംഘടനകൾ ആദിവാസികളെ ബോധവൽക്കരിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട് മറ്റ് കാര്യമായ സംഘടനകളൊന്നും ആ രംഗത്തില്ല. ഭൂരിപക്ഷവും നിരക്ഷ രരായ ഈ വിഭാഗങ്ങളുടെ ഇടയിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നടന്നുവെങ്കിലും പൂർണ്ണമായി വിജയിച്ചില്ല. ഇവരിൽ മിക്കവാറും കുടുംബങ്ങൾക്ക് പുൽപ്പള്ളി പഞ്ചായത്ത് അനുവദിച്ചുകൊടുത്ത വീടുകൾ ലഭ്യമാ യിട്ടുണ്ട്. ശ്രദ്ധക്കുറവും ആവശ്യ ബോധമില്ലായ്മയും മറ്റ് സാഹചര്യങ്ങളും, ഭവന നിർമ്മാണം പദ്ധതികളേയും ബാധിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. മിക്കവാറും കോളനികൾക്ക് കക്കൂസുകളോ വൈദ്യുതിയോ ഗതാഗതസൗകര്യങ്ങളോ ലഭ്യമല്ല. പുൽപ്പള്ളി പഞ്ചായത്തിലെ 7 പട്ടികവർഗ കോളനികളിളം 2 പട്ടികജാതി കോളനികളിലും ടെലിവിഷൻ സെറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. അതിൽ തന്നെ ചില കോളനികളിൽ സോളാർ വിളക്കുകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഈ മേഖലിയിലെ പട്ടികജാതി കുടുംബങ്ങൾ മിക്കവാറും മറ്റ് പ്രദേശങ്ങളിൽ നിന്നും കുടിയേറി താമസിച്ച വരാണ. പുൽപ്പള്ളിയുടെ വിവിധ ഭാഗങ്ങളിൽ മറ്റ് വിഭാഗങ്ങളുമായി ഇടകലർന്നാണ് SCകുടുംബങ്ങൾ മിക്കവാറും കാണുന്നത്. 143 കുടുംബങ്ങളിലായി 233 പുരുഷന്മാരും 224 സ്ത്രീകളും ഉൾപ്പെടെ 468 അംഗങ്ങൾ താമസി ക്കുന്നു.

പട്ടിക 2

## പട്ടികജാതി കുടുംബങ്ങൾ

| സീ നമ്പ്ര് | കോളനിയുടെ പേര് | വീടുകൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| 1 | ഭൂദാൻ കോളനി | 26 | 40 | 42 | 82 |
| 2 | കാപ്പിസെറ്റ് | 12 | 28 | 24 | 52 |
| 3 | മുണ്ടക്കുറ്റിക്കുന്ന് | 11 | 21 | 19 | 40 |
| 4 | രാജീവ്നഗർ | 11 | 23 | 22 | 45 |
| 5 | കോളനിയില്ലാത്ത മറ്റു | | | | |
| | ഭാഗങ്ങളിൽ താമസിക്കുന്നവർ | 57 | 94 | 98 | 192 |
| 6 | വേലിയംമ്പം | 1 | 1 | 1 | 2 |
| 7 | പാളക്കൊല്ലി | 2 | 2 | 2 | 4 |
| 8 | ആനപ്പാറ | 2 | 3 | 3 | 6 |
| 9 | മീനംകൊല്ലി | 15 | 16 | 18 | 34 |
| 10 | ഇന്ദിരാനഗർ | 1 | 1 | 1 | 2 |
| 11 | എരിയപ്പള്ളി | 3 | 4 | 5 | 9 |
| | ആകെ | 143 | 233 | 224 | 468 |

പുൽപ്പള്ളി മേഖലയിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽ 90% ദാരിദ്ര്യരേഖയ്ക്കു താഴെയാണ് ഉള്ളത്. ദാരിദ്ര്യനിർമ്മാർജന പരിപാടികളിലൂടെ എല്ലാവർക്കും സഹായധനം ലഭ്യമായിട്ടില്ല. 1992-ലെ IRDP സർവ്വെയിൽ 722 പട്ടികജാതി പട്ടികവർഗ കുടുംബങ്ങളിൽപെട്ട 99 കുടുംബങ്ങൾക്ക് മാത്രമാണ് സഹായധനം ലഭ്യമായത്.

പട്ടിക 3

**IRDP സഹായധനം ലഭിച്ച കുടുംബങ്ങൾ**
**C1992 കുടുംബസർവ്വേയിൽ ലഭിച്ചത്**

| വാർഡ് നമ്പ്ര് | 1992 കുടുംബ് സർവ്വേയിൽ കിട്ടി യ കുടുംബങ്ങൾ | SC/ST കുടുംബങ്ങൾ | ജനറൽ കുടുംബങ്ങൾ | സഹായധനം ലഭിച്ചവർ | | |
|---|---|---|---|---|---|---|
| | | | | SC/ST കുടുംബങ്ങൾ | ജനറൽ കുടുംബങ്ങൾ | ആകെ |
| 1 | 286 | 196 | 90 | 17 | 9 | 26 |
| 2 | 162 | 88 | 74 | 17 | 6 | 23 |
| 3 | 267 | 111 | 156 | 15 | 8 | 23 |
| 4 | 150 | 39 | 111 | – | 4 | 4 |
| 5 | 184 | 26 | 158 | – | 6 | 6 |
| 6 | 266 | 94 | 192 | 3 | 6 | 9 |
| 7 | 136 | 20 | 116 | 6 | 3 | 9 |
| 8 | 328 | 66 | 262 | 7 | 9 | 16 |
| 9 | 149 | 28 | 121 | 10 | 13 | 23 |
| 10 | 290 | 36 | 254 | 8 | 14 | 22 |
| 11 | 186 | 18 | 168 | 16 | 21 | 37 |
| 12 | 56 | – | 56 | – | 4 | 4 |
| ആകെ | 2460 | 722 | 1738 | 99 | 103 | 202 |

ആദിവാസി കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിലായി ഉഴവുമാടുകൾ വാങ്ങുന്നതിനുള്ള ആടുവളർത്തലി നുമെല്ലാം സഹായധനം അനുവദിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. ആദിവാസി ക്ഷേമത്തിനു വേണ്ടി ഒരു ഹരിജൻ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുകയും ആദിവാസി വനിതകൾക്ക് തയ്യൽ പരിശീലനത്തിന് കേന്ദ്രം സ്ഥാപിച്ച് 15 വനിതകൾക്ക് പരി ശീലനം കൊടുക്കുകയും ചെയ്യുന്നുണ്ട്.

**ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ**

ആദിവാസികൾ ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ചുറ്റുപാടുനിന്നും തങ്ങളെ വിഴുങ്ങാൻ പാഞ്ഞടുത്തുകൊണ്ടിരിക്കുന്ന ഇവയെക്കുറിച്ച് ആദിവാസികൾ വേണ്ടത്ര ബോധവാൻമാരല്ല എന്നതാണ് ദുഃഖകരമായ ഒരു സത്യം. ഈ പ്രശ്നങ്ങളെ, പൊതുവായി സാമുഹിക

സാംസ്കാരിക പ്രശ്നങ്ങൾ, വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾ, തൊഴിൽ പരമായ പ്രശ്നങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ, ഗാർഹിക പ്രശ്നങ്ങൾ ക്ഷേമരംഗത്തിലെ പ്രശ്നങ്ങൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്.

ആദിവാസി വിഭാഗങ്ങൾ സമൂഹത്തിൻെറ മുഖ്യധാരയിലേക്കു കടന്നുവരാൻ മടിക്കുന്നതുമൂലം, അവർക്കുണ്ടാകുന്ന പ്രശ്നങ്ങളെ നേരിടുന്നതിന് അവർക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നു. ഇത് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ചൂഷണത്തിന് കാരണമായി തീരുന്നു. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളളിൽ അവർ പങ്കാളികളാവുന്നില്ല. അതുമൂലം അവർക്കു വേണ്ടി ആവിഷകരിക്കപ്പെടുന്ന പദ്ധതികളുടെ പൂർണ്ണപ്രയോജനം അവർക്കു ലഭിക്കുന്നില്ല.

ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന വനിതാസംഘടനകളോ സാമൂഹിക സാംസ്കാരിക സംഘടനകളോ ഇല്ല. ജീവിതത്തിൻെറ എല്ലാ മേഖലകളിലും ആദിവാസി സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു. ലൈംഗിക ചൂഷണത്തിന് വിധേയരാവുന്നതുമൂലം ഈ മേഖലയിലെ അവിവാഹിതകളായ അമ്മമാരുടെ എണ്ണം വർധിച്ചുവരുന്നു.

ആദിവാസി സമൂഹത്തിൻെറ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ടുതന്നെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നീക്കം ചെയ്യപ്പെടുന്നില്ല. എന്നാൽ സാംസ്കാരിക തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ആദിവാസി വിഭാഗങ്ങൾ വിദ്യാഭ്യാസരംഗത്ത് ഏറെ പിന്നിൽ നിൽക്കുന്ന അവസ്ഥയാണുള്ളത്. സാക്ഷരതാ പ്രവർത്തനങ്ങൾ അവരുടെയിടയിൽ നടക്കുന്നില്ല. കുട്ടികളെ വർഷാരംഭത്തിൽ സ്കൂളുകളിൽ ചേർക്കുന്നുണ്ടെങ്കിലും പഠനനിലവാരം ഉയരുകയോ അധ്യയന വർഷം പുർത്തിയാക്കുകയോ ചെയ്യുന്നില്ല. പഠനത്തിനും മറ്റുമായി സർക്കാർ കൊടുക്കുന്ന സഹായധനം ആ ലക്ഷ്യങ്ങൾക്കായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

വനങ്ങളിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കുട്ടികൾക്ക് വർഷകാലത്തും മറ്റും സ്കൂളുകളിലെത്തി ചേരുന്നതിന് പ്രയാസങ്ങൾ നേരിടുന്നു. ഗാർഹിക പരിതഃസ്ഥിതികളും വിദ്യ അഭ്യസിക്കുന്നതിന് അനുകൂലമല്ല. അതിനാൽ പഠനം കാര്യക്ഷമമായി നടക്കുന്നില്ല. നിത്യവൃത്തിക്കായി പകൽ കൂലിതൊഴിലിനു പോവുന്നതും വിദ്യാഭ്യാസത്തെ ബാധിക്കുന്നു.

ആദിവാസി വിഭാഗത്തിൽ പെട്ടവർക്ക് സ്ഥിരമായ തൊഴിലോ സ്ഥിരവരുമാനമോ ഇല്ല. കൃഷിഭൂമികൾ കൈവശം ഉള്ളവർ അത് പൂർണ്ണമായി പ്രയോജനപ്പെടുത്തുകയോ അത് ഒരു ആദായമാർഗമായോ കാണുന്നില്ല. കൃഷി ഭൂമിയുടെയും മറ്റു വിളകളുടെയും സംരക്ഷണത്തിൽ ഇവർ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ആദിവാസി മേഖലകളിൽ ഭൂമിയുടെ ക്രയവിക്രയം സാധ്യമാകാത്തതിനാൽ ആ മേഖലയിൽ സാമ്പത്തികമാന്ദ്യം അനുഭവപ്പെടുന്നു. വനമേഖലയിൽ സാമ്പത്തികമാന്ദ്യം അനുഭവപ്പെടുന്നു. വനമേഖലയിലും, വന അതിർത്തികളിലുമായി തുണ്ടു ഭൂമികളിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് വന്യമൃഗ ഭീഷണിയോ മറ്റ് പ്രശ്നങ്ങളോ നേരിടേണ്ടി വരുമ്പോൾ അവ വിറ്റ് മാറി താമസിക്കാൻ കഴിയാതെ വരുന്നത് ഈ ക്രയവിക്രയങ്ങളിലെ നിയന്ത്രണം മൂലം ഉണ്ടാകുന്ന ഒരു ദോഷമാണ്.

കാർഷികോപകരണങ്ങളും, ഉഴവുമാടുകളും മറ്റും വാങ്ങുന്നതിന് സഹായധനം ലഭിക്കുന്നുണ്ടെങ്കിലും അത് അവർക്ക് പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

ഈ രംഗത്തുള്ള ബോധവൽക്കണ പ്രവർത്തനങ്ങളുടെ അഭാവവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ആരോഗ്യരംഗം നേരിടുന്ന പ്രധാന വെല്ലുവിളികളാണം.

ആദിവാസി വിഭാഗങ്ങളിൽ ഭുരിഭാഗത്തിനും സ്വന്തം സ്ഥലമോ പാർപ്പിടമോ ഇല്ല. പുൽപ്പള്ളി പഞ്ചായത്ത് ജനപങ്കാളിത്തത്തോടെ ആദിവാസി വിഭാഗങ്ങൾക്കായി ചെലവു കുറഞ്ഞ പാർപ്പിട പദ്ധതിയിൽ കീഴിൽ 462 വീടുകളും ജെ.ആർ. വൈ, ഐ.എ.വൈ. പദ്ധതികളിൽ ഉൾപ്പെടുത്തി വർഷം ശരാശരി 50 വീടുകൾ വീതം

നിർമ്മിച്ചുനൽകുന്നുണ്ട്. എന്നാൽ ഈ ഭവനപദ്ധതികൾക്കനുവദിച്ചിരുന്ന തുക അപര്യാപമായതുകൊണ്ട് മെച്ചപ്പെട്ട ഭവനനിർമ്മാണം സാധ്യമാകുന്നില്ല. മിക്ക വീടുകളും പണി തീർക്കാൻ സാധിക്കുകയില്ല. നിർമ്മിച്ചുനല്കിയ ഭവനങ്ങൾ, ശ്രദ്ധക്കുറവും, ആവശ്യബോധമില്ലായ്മയും മൂലം തകർന്നുപോകാറുണ്ട്. അവയുടെ പുനർനിർമ്മാണവും സാധിക്കാതെ വരുന്നു.

ആദിവാസി ഭവനങ്ങളിൽ ഏറിയ പങ്കും വനാതിർത്തികളിലും, വനത്തിലും തന്നെയാണ് എന്നുള്ളതുകൊണ്ട് നിർമ്മാണരംഗത്ത് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. വീടുകൾക്ക് അനുബന്ധമായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാൻ സാധിക്കുന്നില്ല.

ആദിവാസി വിഭാഗത്തിലുള്ളവർക്ക് വേണ്ടി പല ക്ഷേമ പദ്ധതികളും ഉണ്ടെങ്കിലും അവയൊന്നും അവർക്ക് പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല. ആ രംഗത്തെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയോ പൊതുസമീപനം രൂപപ്പെടുത്തുകയോ ചെയ്യുന്നില്ല. ബോധവൽക്കരണ രംഗത്തേക്ക് സദുദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾ കടന്നുവരുന്നില്ല. ബോധവൽക്കരണത്തിൻെറ പേരിൽ പോലും അവർ ചൂഷണം ചെയ്യപ്പെടുന്നു.

ആദിവാസികളുടെയും കലാരൂപങ്ങളുടെയും, കായിക വിനോദങ്ങളുടെയും പ്രോത്സാഹനം നടക്കുന്നില്ല. കായിക കലാമേളകൾ നടത്തുന്നുണ്ടെങ്കിലും പൊതുജനങ്ങൾ പങ്കാളികളാകുന്നില്ല.

ആട് മാട് വളർത്തലിൽ, ഏർപ്പെട്ടുവരുന്നുണ്ടെങ്കിലും ആട് മാടുകൾക്ക്, രോഗപ്രതിരോധ കുത്തിവയ്പുകളോ മറ്റ് സൗകര്യങ്ങളോ ലഭ്യമാകുന്നില്ല. അതുകൊണ്ടുതന്നെ സാംക്രമിക രോഗങ്ങൾ മൂലവും അപകടങ്ങൾ മൂലവും നഷ്ടം സംഭവിക്കുന്നുണ്ട്.

വനിതകൾക്ക് തൊഴിൽ പരിശീലനത്തിനോ സ്വയം തൊഴിൽ കണ്ടെത്തുന്നതിനോ സംവിധാനങ്ങളില്ല. യുവാക്കൾക്ക് തൊഴിൽ പരിശീലനം ലഭിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെ അഭാവവും താൽപര്യമില്ലായ്മയും ഈ രംഗത്തെ പ്രശ്നങ്ങളാണ്. വിദ്യാഭ്യാസം ലഭിച്ച യുവതീയുവാക്കൾഖ്ക് തൊഴിൽപരമായ മാർഗ നിർദ്ദേശത്തിനുള്ള ഗൈഡൻസ് സെൻററുകൾ പ്രവർത്തിക്കുന്നില്ല. കാർഷിക മേഖലയിലും മറ്റും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭ്യമാകുന്നില്ല.

ആരോഗ്യരംഗത്താണ് ആദിവാസി വിഭാഗത്തിൽ പെട്ടവർ ഏറ്റവും കൂടുതൽ വെല്ലുവിളികൾ നേരിടുന്നതാണ്. പല കോളനികളിലും സാംക്രമിക രോഗങ്ങളും പോഷണക്കുറവ് മൂലമുള്ള രോഗങ്ങളും കണ്ടുവരുന്നു. ഗാർഹിക പരിസരങ്ങളിലെ ശുചിത്വമില്ലായമമയും, കക്കൂസുകളുടെയും ശുദ്ധജലത്തിൻേറയും അഭാവവും ഇവരിൽ രോഗങ്ങൾ പരത്തുന്നു.

എലിപ്പനി, മഞ്ഞപ്പിത്തം, പാരമ്പര്യ അസുഖമായ സിക്കിൾ സെൻ അനീമിയ തുടങ്ങിയ അസുഖങ്ങളും ഈ മേഖലയിൽ വർധിച്ച് വരുന്നു. ഇത്തരം അസുഖങ്ങൾ മൂലം ഇവരുടെ മരണസംഖ്യ വർധിച്ചുവരുന്നതാഇ കാണാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് ശക്തമായ സംവിധാനങ്ങളുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

**നിർദേശങ്ങൾ**

പട്ടികജാതി പട്ടികവർഗങ്ങളെ സമുഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്തിന്, പഞ്ചായത്ത് തലത്തിൽ പദ്ധതികളാവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഒരു ജനകീയ സമിതി രൂപവത്കരിക്കണം.

വിവിധ തലങ്ങളിൽ നടക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര പദ്ധതി രൂപപ്പെടുത്തണം. ക്ഷേപദ്ധതികൾ അനുവദിക്കുന്ന സഹായധനം കാലികമായി പരിഷ്കരിക്കുകയും പ്രസ്തുത പദ്ധതികൾക്ക് ഉപയുക്തമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. കാർഷിക രംഗത്ത് കൂടുതൽ സഹാ

യധനം ലഭ്യമാക്കുകയും ബോധവൽക്കരണവും പരിശീലനവും ലഭ്യമാക്കുകയും വേണം.

തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ന്യായമായ വേതനവും സുരക്ഷിതത്വവും ഉറപ്പാക്കണം. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, കുട, വടി നിർമ്മാണം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയും അസംസ്കൃത വിഭവങ്ങൾ ലഭ്യമാക്കുകയും വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് സഹകരണവിപണന സൊസൈറ്റികൾ രൂപീകരിക്കുകയും വേണം. കാലി വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിനും ന്യായവില ലഭിക്കുന്നതിനും സംവിധാനം ഉണ്ടാകേണ്ടതാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടിയുണ്ടാവണം. വിത്തും വളവും, സൗജന്യമായി വിതരണം ചെയ്യുകയും, ബോധ വൽകരണം നടത്തുകയും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

വന വിഭവങ്ങൾ സംഭരിക്കുന്നതിനും വിപണനത്തിനും ഉള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കണം.

വിദ്യാഭ്യാസം ലഭിച്ചവർക്ക് തൊഴിൽപരമായ മാർഗ നിർദേശത്തിന് പട്ടിക ജാതി, പട്ടികവർഗ ഗൈഡൻസ് സെൻററുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടതാണ്.

സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി എല്ലാ മേഖലകളിലും ബോധവൽക്കരണം നടപ്പാക്കണം.

വിദ്യാഭ്യാസ രംഗത്ത് ആദിവാസി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സെൻററുകൾ ആരംഭിക്കണം. ചേകാടി, കോളറാട്ടു കുന്ന് ആനപ്പാറ എന്നിവിടങ്ങളിൽ ആശ്രമസ്കൂളുകൾ ഏർപ്പെടുത്തണം. ആദിവാസി വിഭാഗങ്ങളിലെ ഗാർഹിക അന്തരീക്ഷം വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധി ക്കുന്നുണ്ട്. ആയതിനാൽ ഇവർക്ക് റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുകയും വിദ്യാലയങ്ങളോട് ചേർന്ന് ട്രൈബൽ ഹോസ്റ്റലുകൾ ഏർപ്പെടുത്തുകയോ വേണം. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർക്കാർ സഹായം പണമായി നൽകാതെ പഠനോപകരണങ്ങളായ നൽകുകയാണെങ്കിൽ പൂർണ്ണമായി അവ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടും.

ആരോഗ്യരംഗത്ത് ഇന്നുള്ള സംവിധാനം കാര്യക്ഷമമാക്കി മെച്ചപ്പെട്ട സേവനം പട്ടികജാതി പട്ടികവർഗക്കാ ർക്ക് ലഭ്യമാക്കണം. ഈ വിഭാഗങ്ങളിൽ സാംക്രമിക രോഗങ്ങൾ വ്യാപകമായി കാണുന്നതിനാൽ ആഴ്ച യിലൊരിക്കലെങ്കിലും കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. പ്രതിരോധ കുത്തിവെയപുകളും സിക്കിൾ സെൽ അനീമിയ പോലുള്ള രോഗങ്ങൾക്ക് മുൻ കരുതൽ നടപടികളും സ്വീകരിക്കണം.

ഭവനപദ്ധതികൾക്ക ഉപയുക്തമായ സഹായധനം അനുവദിക്കുകയും അവരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുകയും വേണം. വനഭൂമിയിലെ ആദിവാസികൾക്ക് വനം വകുപ്പ് തന്നെ ഭവനം നിർമ്മിച്ചുകൊടു ക്കേണ്ടതാണ്. ഭവനത്തോട് അനുബന്ധമായി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കൂടി ലഭ്യമാക്കണം.

കോളനികളിൽ പോഷകാഹാര വിതരണവും ശുചീകരണ പരിപാടികളും നടത്തണം. കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുകയും ശുദ്ധജല ലഭ്യതയും മറ്റ് സൗകര്യങ്ങളും ഉറപ്പ് വരുത്തേണ്ടതും ആണ്.

ആദിവാസി വനിതകളുടെ ക്ഷേമത്തിന് പ്രത്യേകം പദ്ധതികൾ തയ്യാറാക്കേണ്ടതായിരിക്കുന്നു. അവിവാഹി തകളായ അമ്മമാരെയും വിധവകളെയും പുനരധിവസിപ്പിക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കി, അവരുടെ ജീവിതസന്ധാരണത്തിന് ആവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊടുത്ത്, അവർക്ക് സ്ഥിരമായ ഒരു വരുമാനം ഉറപ്പാക്കുന്നതുവഴി, സാമൂഹ്യമായ അവരുടെ ഒറ്റപ്പെടൽ ഇല്ലാതാക്കാൻ സാധിക്കും. ലൈംഗിക ചൂഷണം കർശനമായി തടയാൻ പ്രത്യേക നിയമനിർമ്മാണം നടത്തണം. ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന മദ്യാസക്തിയും, ലഹരി സാധനങ്ങളുടെ ഉപയോഗവും ഇല്ലാതാക്കാൻ വ്യാപകമായ ബോധ വൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

മനുഷ്യൻെറ സ്വാഭാവികമായ കഴിവുകളെ മറച്ചുവെയ്ക്കാനുള്ള മദ്യത്തിൻെറയും മയക്കു മരുന്നിൻെറയും

# വിഭവസമാഹരണം

കാർഷിക മേഖലയായ പുൽപ്പള്ളി നേരിടുന്ന ഭീഷണി കൃഷിനാശമാണ്. പ്രധാന നാണ്യവിളയായ കുരുമുളകിൻെറ നാശം ഗ്രാമത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തിക തളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. വ്യാവസായികമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പുൽപ്പള്ളിയിൽ വൈദ്യുതി ക്ഷാമം തടസ്സമായി നിൽക്കുന്നു. വലിയ വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെ ഇവിടെ ഇല്ല. ചെറുകിട വ്യവസായങ്ങൾ നാമമാത്രമാണ്. കൃഷിയിടങ്ങളുടെ നാശവും, വിളകളുടെ ഉല്പാദനത്തിലുള്ള മാന്ദ്യവും വിഭവസമാഹരണത്തിന് തടസ്സമായി നിൽക്കുന്നു. സർക്കാറിൽ നിന്നുള്ള സാമ്പത്തിക സഹായവും നിയമബന്ധിതമായി പഞ്ചായത്തിലെത്തിയാൽ ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കാൻ കഴിയും. ഇവിടെ തന്നെ സേവനമേഖലയിൽ പ്രവർത്തിക്കുന്നവരും, വിദേശങ്ങളിലും അയൽസംസ്ഥാനങ്ങളിലും ജോലിചെയ്യുന്നവരുണ്ടെങ്കിലും സാമ്പത്തികരംഗം അത്രകണ്ട് മെച്ചപ്പെടുത്താൻ ആയിട്ടില്ല. കാർഷിക വൃദ്ധി കഴിഞ്ഞാൽ കൂലിപ്പണിയെടുക്കുന്ന ആളുകളാണ് ഭൂരിഭാഗവും.

പഞ്ചായത്തിന് നികുതി നൽകുന്നതിൻെറ പ്രാധാന്യത്തെ കുറിച്ച് സാമാന്യ ജനങ്ങൾ ബോധവാൻമാരല്ല. ബോധവൽക്കരണത്തിലൂടെ ഇതു നികത്തിയെടുക്കാം. കച്ചവട സ്ഥാപനങ്ങളാണ് ഇന്ന് ഏറ്റവുമധികം നികുതി കൊടുക്കുന്നത്. കെട്ടിട നികുതി ഈടാക്കുന്നത് നിലവിലുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമല്ല. വരുമാനത്തിൻെറ ചെറിയൊരു ഭാഗം നികുതിയായി പഞ്ചായത്തിനു നൽകാൻ എല്ലാവരും തയ്യാറായാൽ പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ വേഗം നൽകാൻ കഴിയും.

നികുതി കൊടുക്കുന്നതുവഴി പഞ്ചായത്തിൻെറ വികസനകാര്യങ്ങളിൽ പങ്കാളിയാവുകയാണെന്ന കാര്യം ബോധ്യപ്പെടുത്താനും, വാർഡു വികസന സമിതിയോ, വാർഡ് പ്രതിനിധിയോ മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടതാണ. മാത്രവുമല്ല പഞ്ചായത്തിൻെറ കണക്കുകൾ പൊതുജനത്തിന ബോധ്യമാവുംവിധം സുതാര്യമാവണം.

കെട്ടിട നികുതി നിർണയിക്കുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണം, ആഡംബരം, തുടങ്ങിയ കാര്യങ്ങളുടെ നിലവാരം കൂടി കണക്കിലെടുക്കേണ്ടതാണ്. ഓരോ വർഷത്തെ നികുതി പിരിക്കുന്നതിനും വാർഡ് തലങ്ങളിൽ സംവിധാനമുണ്ടായാൽ നികുതി കുടിശ്ശിക ഒഴിവാക്കുന്നതിനും അതുവഴി വിഭവസമാഹരണം കൃത്യമായി യഥാസമയം നടത്തുന്നതിനും സാധിക്കും.

തൊഴിൽ നികുതി സമൂഹത്തിൻെറ ചെറിയൊരു ശതമാനം മാത്രമേ ഉൾപ്പെട്ടിട്ടുള്ളു. ഇതിലധികം സർക്കാർ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ജോലിചെയ്യുന്നവരാണ്. കച്ചവടക്കാർ, നിർമ്മാണ തൊഴിലാളികൾ, സാങ്കേതിക തൊഴിലാളികൾ മറ്റു തൊഴിലുകൾ ചെയ്യുന്നവർ എന്നിവരെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ സിനിമാശാലകൾ വഴിയാണ് വിനോദ നികുതി കാര്യമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. കാലാകാലങ്ങളിൽ. ഈ നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

മണൽ ലേലത്തിൽ നിന്ന് നമുക്ക് നാമമാത്രമായ വരുമാനമേ ലഭിക്കുന്നുള്ളു. കനറാബാങ്ക്, അർബൻ ബാങ്ക്, സഹകരണബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ജില്ലാ സഹകരണബാങ്കിൻെറ ശാഖ എന്നിവയും ഒരു സബ് ട്രഷറിയും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഈ ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപകരേക്കാൾ കൂടുതൽ വായ്പകളാണ് എടുക്കുന്നത്. പഞ്ചായത്തുകൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എടുക്കാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ട് മൂലം ഉണ്ടായിട്ടുണ്ട്. ഇത് പരമാവധി ഉപയോഗിക്കുന്ന തരത്തിൽ പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം നൽകേണ്ടതാണ്.

**ചിലവുകൾ**

റോസുകളുടെ സംരക്ഷണകാര്യത്തിലാണ് പഞ്ചായത്തിന് ഏറ്റവുമധികം ചിലവ് വരുന്നത്. റോഡുകളുടെ അറ്റകുറ്റ പണികൾ കാര്യക്ഷമമായി നടത്താത്തത് കൊണ്ട് വലരെയധികം സാമ്പത്തിക നഷ്ടം പഞ്ചായത്തിന് നേരിടുന്നു. റോഡുകളുടെ അറ്റകുറ്റ പണികൾ സമയാസമയങ്ങളിൽ നടത്തുവാൻ സാധിച്ചാൽ മേൽസൂചിപ്പിച്ച നഷ്ടം തീർത്തും ഒഴിവാക്കാവുന്നതാണ്. മൺറോഡുകളുടെ പണികൾ അതിനിരുവശവും താമസിക്കുന്ന

ആളുകളുടേയോ വാർഡുവികസന സമിതികളുടേയോ മറ്റ് സംഘടനകളുടേയോ പങ്കാളിത്തത്തോടുകൂടി നടത്തുവാൻ സാധിക്കേണ്ടതാണ്. റോഡുകളിടെ ഇരുവശത്തുമുള്ള ഓടകളുടെ പണികളുടെ ഇത്തരത്തി ലേറ്റെടുക്കാവുന്നതാണ്.

ഭൂനികുതി പിരിക്കാൻ പഞ്ചായത്തിനധികാരം നല്കണം. മാത്രവുമല്ല പഞ്ചായത്ത് റോഡിനിരുവശവും നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാനുള്ള അധികാരം പഞ്ചായത്തിനു നൽകണം. റവന്യൂ ഭൂമികളിൽ നശിച്ചുകൊണ്ടിരിക്കുന്ന മരങ്ങൾ ലേലം ചെയ്യുവാനുള്ള അധികാരം പഞ്ചായത്തിനു നൽകണം.

പുൽപ്പള്ളി മേഖലയിൽ സമ്പന്നരായ ആളുകൾ ബാങ്കുകളിൽ സ്ഥിരനിക്ഷേപമായും അല്ലാതെയും നിക്ഷേ പിച്ചിട്ടുള്ളതും കൈവശം വെച്ചിട്ടുള്ളതുമായ പണം അവർക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന വിധത്തിൽ പ്രത്യുത്പാദനപരമായ മേഖലകളിൽ ചിലവഴിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

ദേശസാൽകൃതവും അല്ലാത്തതുമായ ബാങ്കുകൾ നല്കിവരുന്ന വിവിധ തരം വായ്പകളുടെ പലിശ വളരെ കൂടുതലായതിനാൽ വായ്പ എടുക്കുന്നവർക്ക് തിരിച്ചടവ് ഭാരമായി മാറുന്നു. ആയതുകൊണ്ട് ജനങ്ങൾ ക്കുണ്ടാകുന്ന വിഷമതകൾ ഒഴിവാക്കുവാൻ ബാങ്കുകൾ 'പലിശനയ'ത്തിൽ യുക്തിസഹമായ തീരുമാനങ്ങൾ എടുക്കേണ്ടതും ജനങ്ങളെ സഹായിക്കേണ്ടതുമാണ്.

മനുഷ്യവിഭവം വൻതോതിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് മാത്രമേ നമുക്കിനി നാളെകളിൽ മുന്നേറാൻ കഴിയൂ. ആയതുകൊണ്ട് വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന മനുഷ്യവിഭവം പരമാവധി ചൂഷണം ചെയ്യുന്ന തിനുള്ള പദ്ധതികൾ ശാസ്ത്രീയമായി ആവിഷ്ക്കരിക്കേണ്ടതാണ്.

# ടൂറിസം

ചരിത്രപരമായി വളരെയേറെ സവിശേഷതകളുള്ള പ്രസിദ്ധമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ പുൽപ്പള്ളി പഞ്ചായത്ത്. പുരാതന പുണ്യക്ഷേത്രമായ ശ്രീ. സീതാദേവി ലവകുശക്ഷേത്രം പ്രസിദ്ധവും, കേരളത്തിലെ തന്നെ ഒരു തീർത്ഥാടനകേന്ദ്രവുമാണ്. ഈ ക്ഷേത്രവും, പുൽപ്പള്ളിയുടെ ചരിത്രപരമായ വളർച്ചയിൽ തമ്മിൽ അഭേദ്യമായ ബന്ധങ്ങളുണ്ട്. നക്സൽ പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ട കാലത്ത് നടന്ന ചില ആക്രമണങ്ങളും ഈ ക്ഷേത്രവുമായും നിരവധി ബന്ധങ്ങൾ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

മലബാറിൽ ബ്രിട്ടീഷ് ഭരണകാലത്ത് ബ്രിട്ടീഷ് ആധിപത്യത്തിൻെറ അടിത്തറയിളക്കുന്ന പടയോട്ടങ്ങൾ നയിച്ച വീര പഴശ്ശിരാജ ബ്രിട്ടീഷ് പടയുടെ മുമ്പിൽ തോൽവി സമ്മതിക്കാൻ കൂസാതെ ആത്മാഭിമാനത്തോട ആത്മാർപ്പണം ചെയ്ത 'മാവിലാംതോട്' എന്ന ചരിത്രപ്രസിദ്ധമായ സ്ഥലവും പഞ്ചായത്തിലാണ് ഉള്ളത്.

നിരവധി ടൂറിസ്റ്റുകളെ ആകർഷിച്ചിട്ടുള്ള പ്രകൃതിമനോഹരമായ 'കുവുവാ ദ്വീപും' പഞ്ചായത്തിലാണം സ്ഥിതിചെയ്യുന്നത്. ഈ ദ്വീപിൻെറ പ്രധാന പ്രത്യേകത ഇതിൽ നിരവധി തുരുത്തുകളോടു കൂടി 7 അരുവികൾ ഒഴുകുന്നു എന്നതാണ്. വനത്തോടു ചേർന്ന് കിടക്കുന്ന ഈ ദ്വീപിൻെറ ചുറ്റുമുള്ള പ്രദേശത്ത് നിരവധി അമൂല്യങ്ങളായ ഔഷധസസ്യങ്ങളും, ഓർക്കിഡ് വർഗ്ഗത്തിൽ പെട്ട ചെടികളും പ്രകൃതിസ്നേഹികളായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു.

കുവുവാ ദ്വീപിലേക്കുള്ള മാർഗമദ്ധ്യേ പുരാതന വാസ്തുശില്പകലയുടെ മകുടോദാഹരണമായി ബ്രിട്ടീഷുകാരുടെ കാലത്ത് തേക്ക് തടിയിൽ മാത്രം തീർത്ത നിരവധി നിലകളോടു കൂടിയ 'സോബിയും' ചുറ്റുപാടുകളുമുള്ള മനോഹരമായ പുൽമേടും ടൂറിസ്റ്റുകളുടെ കൗതുകമുണർത്തുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ളതും വെണ്ണക്കല്ലിൽ തീർത്തതുമായ ചരിത്രമുറങ്ങുന്ന പ്രസിദ്ധമായ വേലിയമ്പം ശിവക്ഷേത്രവും ഈ പഞ്ചായത്തിലാണ് ഉള്ളത്.

സീതാദേവിയുടെ അന്ത്യവുമായി ബന്ധപ്പെട്ട കഥകളുറങ്ങുന്ന 'ജടയറ്റ കാവ്' എന്ന സ്ഥലവും പഞ്ചായത്തിൽ ടൗണിനോടടുത്ത സ്ഥലമാണ്. സീതാദേവി തൻെറ മാതാവായ ദേവിയോട് തന്നെ തിരിച്ചുവിളിക്കാൻ പ്രാർത്ഥിച്ചപ്പോൾ ഭൂമി പിളർന്ന് ദേവി അന്തർധാനം ചെയ്തപ്പോൾ ദേവിയുടെ ജട ഭൂമിക്കു മുകളിൽ അറ്റുപോയി എന്നു വിശ്വസിക്കപ്പെടുന്ന സ്ഥലമാണ് ജടയറ്റകാവ് എന്ന ഈ സ്ഥലം.

കൂടാതെ പ്രകൃതിരമണീയങ്ങളായ തീരങ്ങൾ തഴുകി കിഴക്കോട്ടൊഴുകുന്ന കേരളത്തിലെ പ്രധാന നദിയായ കബനീ നദിയും പഞ്ചായത്തിൻെറ അതിർത്തികൾ സ്പർശിച്ചുകൊണ്ട് ഒഴുകുന്നു. ഇതിൻെറ മറുകരയിൽ ടൂറിസ്റ്റുകളുടെ ഇഷ്ടകേന്ദ്രമായ കർണ്ണാടകയിലെ 'ബീച്ചനഹള്ളി' ഡാമും, ടൂറിസ്റ്റ് സങ്കേതവും മൈസൂറിലേക്കുള്ള മാർഗവും ടൂറിസ്റ്റുകൾക്ക് ആസ്വാദ്യകരങ്ങളും സൗകര്യപ്രദവുമാണ്.

വയനാട്ടിലെ പ്രധാന ആദിവാസി മേഖലയായ പുൽപ്പള്ളി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന വിവിധ ഗോത്രങ്ങളിൽ പെട്ട ആദിവാസികളുടെ പരമ്പരാഗതമായ ജീവിതരീതിയും ആചാരാനുഷ്ഠാനങ്ങളും, വേഷവിതാനങ്ങളും മറ്റും ടൂറിസ്റ്റുകളുടെ കൗതുകമുണർത്താൻ പോന്നവയാണ്.

പഞ്ചായത്തിലെ ആശ്രമക്കൊല്ലിക്കടുത്ത നൂറ്റാണ്ടുകളുടെ ചരിത്ര പശ്ചാത്തലമുള്ള 'മുനിക്കല്ലും', പാക്കംകോട്ടയും ടൂറിസ്റ്റുകൾക്ക് ഹഠാദാകർഷണങ്ങളായ കാഴ്ചകളാണ്. കൂടാതെ അതിഥി സൽക്കാരപ്രിയരും സ്നേഹസമ്പന്നരുമായ പുൽപ്പള്ളിയിലെ ജനങ്ങൾ ടൂറിസ്റ്റുകൾക്കു വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിൽ എക്കാലവും ശ്രദ്ധാലുക്കളാണ്.

# 6 ഉപസംഹാരം

**പുല്ലള്ളി ഗ്രാമപഞ്ചായത്ത്, സമഗ്രറിപ്പോർട്ട്**

നിലവിലുള്ള വികസന സമീപനം വികലവും അശാസ്ത്രീയവുമാണ്. കുറെ റോഡുകളും പാലങ്ങളും പള്ളിക്കൂടങ്ങളുമുണ്ടായാൽ വികസ്നമായിയെന്ന് നാം പ്രചരിപ്പിക്കുന്നു. സമൂഹത്തിൻെറ വിഭവം ഒരു വികസനസംരംഭത്തിനായി ചിലവഴിക്കുമ്പോൾ അതു വഴി എത്രമാത്രം തൊഴിൽ ഉല്പാദിപ്പിക്കപ്പെടുന്നുവെന്നും എത്ര പേർക്ക് സ്ഥിരവരുമാന മുണ്ടാക്കാനിടയാകുന്നുവെന്നു അതു വഴി സമൂഹത്തിന് സ്ഥായിയായി എന്ത് ക്ഷേമമുണ്ടാകുന്നുയെന്നും നിലയിൽ ഗൗരവമായി വിലയിരുത്തപ്പെടുന്നില്ല. ആ നിലമാറിയേ തീരൂ. അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ നമ്മുടെ നാട്ടിലെ തൊഴിലില്ലാപ്പടയേ കാണാതെ വികസനപദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയരുത്. അങ്ങിനെ വരുമ്പോൾ നമ്മുടെ പദ്ധതി ചർച്ചയിൽ താഴെ പറയുന്ന കാര്യത്തിൽ ഉയർന്നുനിൽക്കണം. പദ്ധതികൾ

സ്ഥിരമായി തൊഴിലവസരങ്ങൾ ഉല്പാദിപ്പിക്കുന്നവയായാൽ നന്ന്.

വരുമാനം വർദ്ധിപ്പിക്കുന്നവയാകണം.

അത് വഴി സമൂഹത്തിൻെറ ക്രയശേഷി വർദ്ധിക്കാനും ക്ഷേമം ഉറപ്പുവരുത്തുവാനും പ്രാപ്തമാകണം.

വികസന പ്രവർത്തനങ്ങളിൽ നാളിതുവരെ നാം സ്വീകരിച്ചുപോന്ന രാഷ്ട്രീയ സമീപനത്തിനും മാറ്റം വരേണ്ടതുണ്ട്. ഭരിക്കുന്ന കക്ഷിയോ കക്ഷികളോ വികസനകാര്യങ്ങളിൽ എടുക്കുന്ന സമീപനത്തിൻെറ തെറ്റുശരിയും വിശകലനം ചെയ്യാതെ വിമർശിക്കുകയും എതിർക്കുകയും ചെയ്യുകയെന്ന രാഷ്ടീയസമീപനശൈലി എല്ലാ പാർട്ടിക്കാരും ഒഴിവാക്കണം. നമ്മുടെ നാട്ടിലെ വിഭവങ്ങളുടെ പരിമിതിയും പ്രശ്നങ്ങളുടെ അനന്തതയും ഉത്തരവാദിത്തപ്പെട്ട എല്ലാ വ്യക്തികളും സംഘടനകളും പഠിക്കുകയും വിലയിരുത്തുകയും വേണം. പരിമിതമായ വിഭവങ്ങൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി പരമാവധി വികസനം എന്ന ലക്ഷ്യത്തിലെത്താൻ ജനപഥങ്ങളുടെ കൂട്ടായ്മയിലൂടെയും ഐക്യത്തിലൂടെയും മാത്രമേ കഴിയൂ. പദ്ധതികളിലെല്ലാം ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ എല്ലാ സംഘടകളും തുറന്ന സമീപനം സ്വീകരിക്കണം.

നമ്മുടെ ഗ്രാമത്തിന് വിശേഷിച്ച് മറ്റൊരു പ്രശ്നം കൂടി നേരിടേണ്ടതുണ്ട്. ജില്ലയിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ കുടിയേറ്റ മേഖലയാണ് നമ്മുടേത്. കഠിനാധ്വാനശീലരും സാഹസികരുമായ ഈ നാട്ടുകാരുടെ നിരന്തരശ്രമം മൂലം കഴിഞ്ഞ മൂന്നു നാലു പതിറ്റാണ്ടുകൾക്കിടയിൽ അനിതരസാധാരാണമായ മാറ്റം ഈ പ്രദേശത്തിനുണ്ടായിട്ടുണ്ട്. നിരവധി സർക്കാർ സ്ഥാപനങ്ങൾ നമ്മുടെ നാടിന് ലഭ്യമായി.

1. സബ് റജിസ്റ്റാർ ഓഫീസ്
2. വില്ലേജ് ഓഫീസ്
3. സബ് ട്രഷറി
4. കൃഷിഭവൻ
5. PWD ഓഫീസ്
6. വൈദ്യുതി സബ്-എൻജിനീയർ ഓഫീസ്
7. ടെലിഫോൺ എക്ചേഞ്ച്
8. പോസ്റ്റോഫീസ്
9. പോലീസ് സ്റ്റേഷൻ
10. മൃഗാശുപത്രി

11. ആയുർവ്വേദ ആശുപത്രി
12. കമ്യൂണിറ്റി ഹെൽത്ത് സെൻറർ
13. പി.എൻ.ആർ ഓഫീസ്
14. വൈനർ ഇറിഗേഷൻ - സബ് എൻജിനീയർ

മേൽപറഞ്ഞ ഓഫീസുകളിൽ സബ് റജിസ്റ്റർ ഓഫീസ് സബ് ട്രഷറി, കൃഷിഭവൻ, PWD ഓഫീസ് വൈദ്യുതി ഓഫീസ്, മൃഗാശുപത്രി, പി.എൻ.ആർ ഓഫീസ്, മൈനർ ഇറിഗേഷൻ സബ് എൻജിനീയർ ഓഫീസ് തുടങ്ങിയവ ഇപ്പോഴും അസൗകര്യങ്ങൾ നിറഞ്ഞ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പുതിയ സർക്കാർ ഓഫീസുകൾ അനുവദിക്കണമെങ്കിലും കെട്ടിടസൗകര്യങ്ങൾ വലിയൊരു തടസ്സമായി നിൽക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലം പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഉണ്ടെങ്കിലേ കഴിയൂ. ഭൂമിയ്ക്ക് വില തീരെ കുറവായിരുന്ന കാലത്ത് പ്രശ്നത്തിൻെറ ഗൗരവം ബോധ്യപ്പെട്ടിരുന്നില്ല. ഇന്നത്തെ മാർക്കറ്റ് വിലയ്ക്ക് ഭൂമി വാങ്ങാൻ പഞ്ചായത്തിനു കഴിയാത്ത അവസ്ഥയാണുള്ളത്. KSRTC ഓപ്പറേറ്റിംഗ് സെൻറർ, കമ്യൂണിറ്റി ഹാൾ, മാർക്കറ്റ്, വൈദ്യുതി സെക്ഷൻ ഓഫീസ് അടക്കമുള്ള നിരവധി പ്രശ്നങ്ങൾ സ്ഥലപരിമിതി എന്ന കീറാമുട്ടിക്കു മുന്നിൽ വിറങ്ങലിച്ചുനിൽക്കുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ഇപ്പോഴുള്ള ഏക പോംവഴി പുൽപ്പള്ളി ടൗണിനോടടുത്ത് കിടക്കുന്ന മിച്ചഭൂമി ഈ ആവശ്യത്തിലേക്കായി സർക്കാർ പഞ്ചായത്തിന വിട്ടുതരിക എന്നുള്ളതാണ്. ഈ ആശയത്തിന് എല്ലാ ഭാഗത്തുനിന്നും കലവറയില്ലാത്ത പിന്തുണയും സഹകരണവും ഉണ്ടാകണം. സർക്കാർ തുറന്ന മനസ്സ് കാണിക്കണം. നമ്മുടെ ഗ്രാമത്തിൻെറ വികസനത്തിന് അനിവാര്യമായ ഘടകങ്ങളിലൊന്നാണ് ഇത്.

മറ്റൊരു പ്രശ്നം ടൗണിൽ നിന്നും പഞ്ചായത്തും മാറ്റിപ്പാർപ്പിച്ച മൂന്നു കോളനികളും പ്രശനമാണ. ഇപ്പോഴത്തെ സബ് പോസ്റ്റാഫീസിൻെറ പിൻഭാഗത്തായി കുടിൽ കെട്ടി പാർത്തിരുന്ന 105 കുടുംബങ്ങൾ വർഷങ്ങൾക്കു മുമ്പ് തീപിടുത്തമുണ്ടായതിനെ തുടർന്ന് മാറ്റിപ്പാർപ്പിക്കപ്പെട്ടു. എരിയപള്ളി (റേഷൻ കട) എരിയപള്ളി (റോയൽ പടി) മാരപ്പൻ മൂല എന്നിവിടങ്ങളിലായി ഇവർക്ക് പഞ്ചായത്ത് നാല് സെൻറ് വീതം സ്ഥലം വിതരണം ചെയ്തിട്ടുണ്ട്. ഈ 105 കുടുംബങ്ങൾക്ക് വീടുകളും മറ്റു പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ സർക്കാർ പ്രത്യേക ഒരു പദ്ധതി തന്നെയുണ്ടാക്കണം. അതല്ലെങ്കിൽ അതിനാവശ്യമായ ഫണ്ട് സർക്കാർ പ്രത്യേകമായി ഗ്രാമപഞ്ചായത്തിനു നൽകണം.

സർക്കാറിൻെറ സത്വരശ്രദ്ധ പതിയേണ്ട സുപ്രധാനമായ മറ്റൊരു കാര്യം കൂടി. വികസന പദ്ധതികൾക്ക് പണം ജില്ലകൾക്ക് വിതരണം ചെയ്യുമ്പോൾ സർക്കാർ സ്വീകരിച്ചുവന്നിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരേണ്ടത്. പ്രധാനപ്പെട്ട മാനദണ്ഡം ജനസംഖ്യാനുപാതമാണ്. എന്നാൽ വയനാട് പോലുള്ള പിന്നോക്ക ജില്ലകൾക്ക് വിഭവം വിതരണം ചെയ്യുമ്പോൾ ആ മാനദണ്ഡത്തിൽ ഊന്നൽ നല്കിയാൽ മറ്റു വികസിതപ്രദേശങ്ങൾക്കൊപ്പം ഈ നാടിന് ഒരിക്കലും എത്താൻ കഴിയില്ല. ചരിത്രപരമായും, നരവംശശാസ്ത്രപരമായും, ഭൂമിശാസ്ത്രപരമായും മറ്റും ഉള്ള കാരണങ്ങളാൽ നൂറ്റാണ്ടുകളായി പിന്നോക്കമായിപ്പോയ ഈ നാടിനെ മുന്നോട്ടുകൊണ്ടുവരാൻ പദ്ധതിയുടെ വിഭവവിതരണത്തിൽ പ്രത്യേക മുൻഗണന ഉറപ്പുവരുത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൻെറ നിലവിലുള്ള പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളുമൊക്കെ അടങ്ങിയ ഈ 'സമഗ്രവികസനരേഖ' ഓരോ പ്രതിനിധിയും സമഗ്രമായ ചർച്ചക്ക് വിധേയമാക്കണം. ഭേദഗതികൾ ഇനിയും വരുത്തേണ്ടതുണ്ടെങ്കിൽ അവയും സ്വാഗതം ചെയ്യുന്നതിന് വിഷമമില്ല. നമ്മുടെ ഐക്യം നമ്മുടെ ഒരുമ, നമ്മുടെ സഹകരണം അതിലൂടെ മാത്രമേ മുന്നേറാൻ കഴിയൂ. മഹത്തായ ആ പ്രതീക്ഷയിലേക്ക് നമുക്ക് സമീപഭാവിയിൽ തന്നെ എത്തിച്ചേരാൻ കഴിയട്ടെ എന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് പഞ്ചായത്ത് വികസനസെമിനാറിൽ സമർപ്പിക്കുന്നു.

**വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്**

കെ.എൽ. പൗലോസ്

സി.പി. ഏലിയാസ്

പി.കെ. മാധവൻ

പാർവ്വതി ഭായ് ടീച്ചർ

എം. ഗംഗാധരൻ [illegible]

കെ.സി. തങ്കച്ച[illegible]

വി.എൻ. ലക്[illegible]ണൻ

എ.വി. ജേ[illegible]

ഇ. [illegible]ൻ മാസ്റ്റർ

[illegible]നന്ദൻ മാസ്റ്റർ

[illegible]ബ്രഹ്മണ്യൻ മാസ്റ്റർ. പി.കെ.

[illegible]ഭാമല മാധവൻ

പി.എം. അബു

ഡോ. കെ.എസ്. ഹരിദാസ്

പ്രസന്നകുമാരി ടീച്ചർ

എൻ.യു ഇമ്മാനുവൽ

രമണി മുരളീധരൻ

അമ്മുക്കുട്ടി രഘുനാഥ്

കാർത്ത്യായനി ഗോപാലൻ

വി.ടി. ഫിലിപ്പ്

പി.ബി. രമേശ്

വിശ്വപ്പൻ മാസ്റ്റർ

റോസ കെ.എസ്.

കുഞ്ഞൻ വി.ഇ.ഒ. പുൽപ്പള്ളി

ടി.പി. ശശിധരൻ മാസ്റ്റർ

വി. ഗീത പാലമൂല

വി.വി. ശ്രീനിവാസൻ മാസ്റ്റർ

# പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

## 24–11–96ന് വികസന സെമിനാറിൽ അവതരിപ്പിച്ച സമഗ്ര വികസന രേഖയുടെ

## –അനുബന്ധം–

ബഹുമാന്യരെ,

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 24–11–96ന് നടത്തിയ വികസന സെമിനാറിൽ സമഗ്ര വികസനരേഖ അച്ചടിച്ച് ചർച്ചക്കായി വിതരണം ചെയ്തിരുന്നുവല്ലോ. ഒരു സമയബന്ധിത പരിപാടിയെന്ന നിലയിൽ തിരക്കിട്ട് തയ്യാറാക്കിയ പ്രസ്തുത രേഖ അച്ചടിച്ച് വന്നപ്പോൾ ചില പ്രധാനപ്പെട്ട കാര്യങ്ങൾ വിട്ടുപോയി. ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ട അത്തരം കാര്യങ്ങൾകൂടി ക്ഷമാപണത്തോടെ അനുബന്ധമായി ചേർക്കുന്നു.

പുൽപ്പള്ളിയുടെ ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടമായിരുന്നു കുടിയേററ കാലം. ഒരുതുണ്ട് ഭൂമിക്കുവേണ്ടി ദാഹാർത്തരായി ഇവിടെ എത്തിപ്പെട്ട അദ്ധ്വാനശീലരായ കർഷകർ കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലിട്ട് ഇവിടുത്തെ കറുത്തമണ്ണിൽ കനകം വിളയിച്ചു. ഇന്നത്തെ പുൽപ്പള്ളിയുടെ വളർച്ചയിൽ ആദ്യകാല കുടിയേററക്കാരുടെ വിയർപ്പിൻെറ പങ്ക് വാക്കുകളിലൊതുക്കാൻ കഴിയില്ല. അവർ ഈ നാടിൻെറ വികസനത്തിന് ഗതിവേഗം കൂട്ടി. അവരെയൊക്കെ ഏറെ ബഹുമാനത്തോടെ ഇവിടെ സ്മരിക്കട്ടെ.

1967–ൽ പുൽപ്പള്ളിയിലുണ്ടായ കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരത്തിനാണ് കുടിയേററ ജനത ആദ്യമായി, സംഘടിതമായി, ഒന്നായി പ്രതികരിച്ചത്. ജനങ്ങൾ തിരഞ്ഞെടുത്ത പൗരസമിതി നേതാക്കളോടൊപ്പം ഇവിടുത്തെ ക്രിസ്തീയ പുരോഹിതൻമാരും, രാഷ്ട്രീയ നേതാക്കളും, പൊതുപ്രവർത്തകരും തോളോടുതോൾചേർന്ന് കുടിയേററ ജനതക്കായി പൊരുതി. അത്തരം ആളുകളുടെ ഒരു നീണ്ടനിര തന്നെയുണ്ട്. എല്ലാവരുടേയും പേരുകൾ പ്രത്യേകം പ്രത്യേകം പറയാൻ കഴിയില്ലെങ്കിലും അവരെയൊക്കെ ആദരവോടെയും നന്ദിയോടെയും ഓർമ്മിക്കുന്നു.

1968–ൽ പുൽപ്പള്ളിയിലുണ്ടായ നക്സലൈററ് ആക്രമണത്തെപ്പററി രേഖയിലുള്ള പരാമർശം ഏറെ ചർച്ചാവിഷയമായി മാറിയിട്ടുണ്ട്. അന്നത്തെ നക്സലൈററ് ആക്രമണംമൂലം കേരളത്തിലെങ്ങും പുൽപ്പള്ളി ശ്രദ്ധിക്കാൻ ഇടവന്നുവെന്നും സർക്കാരിൻെറ ജാഗ്രത ഈ പ്രദേശത്തേക്ക് പതിയാൻ ഇടയാക്കിയെന്നുമാണ് ഞങ്ങൾ ഉദ്ദേശിച്ചത്. സംസ്ഥാന ഗവർണർതന്നെ അന്ന് പുൽപ്പള്ളിയിലെത്തി എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ആരും ശ്രദ്ധിക്കാതിരുന്ന പുൽപ്പള്ളിയിൽ അതേതുടർന്ന് ചില ഭൗതീക സൗകര്യങ്ങളും സ്ഥാപനങ്ങളും ഉണ്ടായി. അതൊക്കെ ഇവിടുത്തെ വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

കുപ്പത്തോട് തറവാട്ടിലെ പ്രധാനികളിൽ ഒരാളായിരുന്ന ശ്രീ. മാധവൻ നായർ, ദേവസ്വം ഭൂമിയിലെ കുടിയേററ കർഷകരോട് അയവുള്ള സമീപനം സ്വീകരിച്ചിരുന്ന ആളായിരുന്നു. പുൽപ്പള്ളി ദേവസ്വത്തിൻെറ മാനേജരായിരുന്ന ആദ്ദേഹം നാട്ടുകാരുടെ മുഴുവൻ 'മാനേജരാ'യി അറിയപ്പെട്ടു. ഇവിടുത്തെ ഇന്നുകാണുന്ന നിരവധി പൊതു സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലം അന്ന് സംഭാവനയായി അദ്ദേഹമാണ് നൽകിയത്. പുൽപ്പള്ളി പഞ്ചായത്താഫീസ്, പോലീസ് സ്റേറഷൻ, സഹകരണ ബേങ്ക്, പഞ്ചായത്ത് ബസ്സ്ററാൻറ്, ഗവൺമെൻറ് ആശുപത്രി, പോസ്ററാഫീസ് തുടങ്ങിയ സ്ഥാപനങ്ങളൊക്കെ ഇവയിൽപെടും. ഈ നാടിൻെറ വികസനത്തിന് നിശബ്ദമായി സേവനം നൽകുകയും നേതൃത്വം നൽകുകയും ചെയ്ത ശ്രീ. കുപ്പത്തോട് മാധവൻ നായരെ ആദരവോടെ സ്മരിക്കുന്നു.

പുൽപ്പള്ളിയുടെ സാംസ്കാരിക രംഗത്തെപ്പററി രേഖയിൽ പരാമർശിച്ചിരിക്കുന്ന ഭാഗത്ത് ചില സംഘടനകളെപ്പററി പരാമർശിക്കുവാൻ വിട്ടുപോയി എന്നത് ഖേദപൂർവ്വം സമ്മതിക്കുന്നു. ഇവിടത്തെ സാംസ്കാരിക രംഗത്ത് ഏറെ സംഭാവനകൾ നൽകിയിട്ടുള്ള വൈ. എം. സി. എ., എൻ. എസ്. എസ്., എസ്. എൻ. ഡി. പി. തുടങ്ങിയ സംഘടനകളെ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. 'ജേസീസ്' എന്ന സംഘടന നേരത്തെ ഇവിടെ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ രംഗത്തില്ല. ഇവിടെ അന്താരാഷ്ട്ര സംഘടനയായ 'ലയൺസ്ക്ലബ്ബ്' പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

—എഡിറേറാറിയൽ—

***

# വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ:

## 1. കൃഷി, ജലസേചനം:

1. കൃഷിഭവൻ വഴിയുള്ള സഹായം പണമായി ലഭ്യമാക്കണം.
2. ഗുണമേൻമയില്ലാത്ത നടീൽവസ്തുക്കളുടെ വിതരണം നിരുൽസാഹപ്പെടുത്തണം.
3. അരക്കനട്ട് ഡവലപ് ബോർഡിൻെറ പ്രവർത്തനം വയനാട്ടിലും വ്യാപിപ്പിക്കണം.
4. റബ്ബർ കർഷകർക്ക് സബ്സിഡി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം.
5. നെല്ലുൽപ്പാദക രംഗത്ത് ഗ്രൂപ്പ്ഫാമിംഗ് ഊർജ്ജിതമാക്കണം.
6. സ്വാഭാവിക തോടുകൾ സംരക്ഷിക്കുവാൻ നടപടി വേണം.
7. പച്ചക്കറികളുടെ ഗുണമേൻമയുള്ള വിത്തുകൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് യഥാസമയം, യഥേഷ്ടം ലഭ്യമാക്കണം.
8. ഇറക്കുമതി ചെയ്യുന്നതും, ഗുണമേൻമയില്ലാത്തതുമായ വളങ്ങൾ നിരുൽസാഹപ്പെടുത്തണം.
9. വന്യമൃഗങ്ങൾമൂലം കൃഷി നശിക്കുമ്പോൾ നഷ്ടപരിഹാര നടപടി ലഘൂകരിക്കണം.
10. കാട്ടുപന്നിയെ സംരക്ഷിത മൃഗങ്ങളുടെ പട്ടികയിൽനിന്നും (വനം) നീക്കണം.
11. മണ്ണുപരിശോധനക്ക് പഞ്ചായത്തു തലത്തിൽ ഒരു ലബോറട്ടറി ആരംഭിക്കണം.
12. കേളക്കവല-കല്ലുവയൽ റോഡിന് സമാന്തരമായി കടമാൻ തോടിൻെറ ഉൽഭവ സ്ഥാനങ്ങളിലൊന്നായ കല്ലുവയലിൽ ഒരു ഇടത്തരം അണക്കെട്ട് നിർമ്മിക്കണം.
13. വിക്കലം (പാക്കം) ജലസേചന പദ്ധതി പ്രാവർത്തികമാക്കണം,
14. ചുണ്ടക്കൊല്ലി വയൽ ദേവർഗദ്ദ, വെളുകൊല്ലി, വീട്ടിമൂല എന്നിവിടങ്ങളിൽ ഓരോ കുളങ്ങൾ നിർമ്മിക്കണം.
15. കാപ്പിസെററിൽ നീർമറി പദ്ധതി പ്രകാരം നിർമ്മിച്ചിരിക്കുന്ന കുളം വിപുലീകരിക്കണം.
16. തടയണകൾ നിർമ്മിക്കുമ്പോൾ ദാസനക്കര തോടും പരിഗണിക്കണം.
17. വെള്ളക്കെട്ട് ഭാഗത്ത് ഒരു മിനി ഡാം നിർമ്മിക്കുക.
18. കെട്ടമുരട്ട് തോടിന് ഒരു മിനി ഡാം നിർമ്മിക്കണം.

## 2. മൃഗസംരക്ഷണം-മൽസ്യബന്ധനം - വനം:

1. കാപ്പിസെററ്, വേലിയമ്പം, അമരക്കുനി എന്നിവിടങ്ങളിൽ പുതിയ പാൽ ഉൽപ്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കണം.
2. പുൽപ്പള്ളി മൃഗാശുപത്രി ഒരു പോളി ക്ലിനിക്കായി ഉയർത്തണം.

3. ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കണം. കൂടുതൽ സ്ററാഫിനെ അനുവദിക്കണം.
4. മൃഗാശുപത്രിയിൽ ഫോൺ, ജീപ്പ്, ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

## 3. വ്യവസായം;

1. പട്ടുനൂൽ വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാൻ കഴിയുമോയെന്ന് ശ്രമിക്കണം.
2. പ്ലാസ്ററിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിററ് പുൽപ്പള്ളിയിൽ ആരംഭിക്കണം.
3. സർക്കാർ നിയന്ത്രണത്തിലുള്ള കൺഡക്ടഡ് ടൂർ കുറുവ ദ്വീപിലേക്കുകൂടി നീട്ടേണ്ടതാണ്.

## 4. വിദ്യാഭ്യാസം;

1. അൺ എയ്ഡഡ് സ്കൂളുകളിൽ ക്വാളിഫൈഡ് ആയ അദ്ധ്യാപകരെ മാത്രം പഠിപ്പിക്കാൻ അനുവദിക്കുക. ഇവർക്ക് മാന്യമായ വേതനം ഉറപ്പുവരുത്തുക.
2. ഇത്തരം സ്കൂളുകളുടെ വർദ്ധനവ് നിയന്ത്രിക്കണം.
3. പ്രൈമറി സ്കൂളുകളുടെ അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം കുറക്കണം.
4. സ്കൂൾ കെട്ടിടങ്ങളുടെ ഫിററ്നസ് സർട്ടിഫിക്കററ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം.
5. അംഗൻവാടികളുടെ ദൈനംദിന പ്രവർത്തനങ്ങളെപ്പററി പഞ്ചായത്തുകൾ പരിശോധിക്കണം.
6. പുൽപ്പള്ളിയിൽ പ്ലസ്ടു കോഴ്സുകൾക്ക് ശാസ്ത്ര വിഷയങ്ങൾക്ക് ഊന്നൽ നൽകണം.
7. പുൽപ്പള്ളിയിൽ ഒരു ടെക്നിക്കൽ സ്കൂൾ ആരംഭിക്കണം.
8. പുൽപ്പള്ളിയിൽ ഒരു കാർഷിക കോളേജ് അനുവദിക്കണം.
9. സമാന്തര കോളേജുകളുടെ നിയന്ത്രണം പഞ്ചായത്തുകൾ ഏറെറടുക്കണം.
10. സെൻസസ്, വോട്ടർ പട്ടിക പുതുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽനിന്നും അദ്ധ്യാപകരെ ഒഴിവാക്കണം.
11. പാക്കം എൽ. പി. സ്കൂൾ യു. പി. ആയും, കാപ്പിസെററിൽ ഹൈസ്കൂളും അനുവദിക്കണം.

## 5. പൊതുജനാരോഗ്യം, കുടിവെള്ളം, ശുചിത്വം:

1. ആരോഗ്യ രംഗത്ത് സ്ഥിരമായി ശ്രദ്ധിക്കാൻ കഴിയുംവിധം ഒരു ജനകീയ സമിതി രൂപീകരിക്കുക.
2. കഞ്ചാവ് തുടങ്ങിയ മയക്കുമരുന്നുകളുടെ വിൽപ്പന തടയാൻ നടപടി സ്വീകരിക്കണം.
3. കോളനികളിലെ ശുദ്ധജല ലഭ്യതയും രോഗപ്രതിരോധ നടപടികളും ഉറപ്പുവരുത്തണം.
4. സഹകരണാടിസ്ഥാനത്തിൽ എക്സ്–റേ യൂണിററ് ആരംഭിക്കണം.
5. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ പഞ്ചായത്ത് ഓഹരി എടുക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്യുക.
6. സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അടിസ്ഥാന യോഗ്യത ഉറപ്പുവരുത്തുക.
7. പുൽപ്പള്ളി CHC ക്ക് ഒരു വാർഡുകൂടി നിർമ്മിക്കുക.
8. വേലിയമ്പത്തെ മാതിക്കാട്ടുകുന്നിൽ കുടിവെള്ളമെത്തിക്കുവാൻ നിലവിൽ കുരങ്ങുവയൽ കോളനിയിൽ പ്രവർത്തിച്ചുവരുന്ന ജലവിതരണ പദ്ധതിയുടെ ടാങ്ക് ഉയർന്ന സ്ഥലത്തേക്ക് മാററി സ്ഥാപിച്ച്, നടപടി സ്വീകരിക്കുക.

9. ഭൂദാനം ജലവിതരണ പദ്ധതിയുടെ ടാങ്ക് ഉയർത്തി സ്ഥാപിക്കുക.
10. ദേവസ്വം ഓഫീസിനു താഴെയുള്ള പഴയ കിണർ വിപുലപ്പെടുത്തി ടൗണിലുള്ള പഴയ ടാങ്കിൽ വെള്ളം പമ്പുചെയ്യുകയാണെങ്കിൽ ടൗണിലും പരിസരത്തും ജലവിതരണം നടത്താം.
11. ആടിക്കൊല്ലിയിലും അത്തിക്കുനിയിലും നിലവിലുള്ള കിണറുകൾ വിപുലപ്പെടുത്തി, ഉയർന്ന സ്ഥലത്ത് ടാങ്ക്കെട്ടി വെള്ളമടിച്ച് വിതരണം നടത്തുക. കാപ്പിസെററിൽ പുതിയ ജലവിതരണ പദ്ധതിക്ക് രൂപംനൽകുക.
12. സ്കൂളുകളിൽ ശുചിത്വ ബോധവൽക്കരണത്തിന് ഊന്നൽ നൽകുക.
13. സാന്ദീപനിക്കുന്ന്, വണ്ടിക്കടവ്, കുറിച്ചിപ്പററ എന്നിവിടങ്ങളിൽ ജലവിതരണത്തിന് പ്രത്യേക പദ്ധതികൾ വേണം.
14. ഹോട്ടലുകളിലെ അഴുക്കുജലം അവർതന്നെ കുഴികുഴിച്ച് നീക്കംചെയ്യാൻ നടപടിവേണം.
15. എയ്ഡ്സ് ബോധവൽക്കരണ പരിപാടി വ്യാപകമാക്കണം. ബാർബർഷാപ്പുകളിൽ ബ്ലേഡുവഴി ഈ രോഗം പകരാതിരിക്കാൻ നടപടി വേണം.

## 6. ഗതാഗതവും ഊർജ്ജവും:

### വിട്ടുപോയ റോഡുകളുടെ ലിസ്ററ്:

1. ആനപ്പാറ–ഭൂദാനം ഷെഡ് റോഡ് 1 KM. (മെററൽ ചെയ്തത്)
2. ഭൂദാനം–കുമിച്ചിവയൽ റോഡ് എന്നത് ഭൂദാനം–മരകാവ്–കുമിച്ചിവയൽ റോഡ് എന്നാക്കണം. 3 KM. മണ്ണുറോഡ്.
3. കുറിച്ചിപ്പററ–അറക്കാടി റോഡ് 1 KM. മൺറോഡ്.
4. ഭൂദാനം–പാറക്കൽകവല–കുമിച്ചിവയൽ റോഡ് 600 മീററർ മൺറോഡ്.
5. ആനപ്പാറ–കുളത്തൂർവയൽ റോഡ് 1 KM. മൺറോഡ്.
6. ദേവസ്വം ഓഫീസ്–ആദിവാസി കോളനി റോഡ് 600 മീററർ മൺറോഡ്.
7. സാന്ദീപനി കോളേജ്–ആനപ്പാറ നടപ്പാത സംരക്ഷണം.
8. ഗുരുമന്ദിരം–പാലമൂല റോഡ് 600 മീററർ മൺറോഡ്.
9. മേമാട്ട്കവല–പാളക്കൊല്ലി–കുണ്ടൂർവയൽ റോഡ് 1-300 KM.
10. കാപ്പിക്കുന്ന്–ശിവക്ഷേത്രം റോഡ്
11. ദേവസ്വം ഓഫീസ്–കോളൂർ റോഡ്
12. ദേവർഗദ്ധ–തൂപ്ര റോഡ് 1-500 KM.
13. ചേപ്പില–വെള്ളക്കെട്ട് മൺറോഡ്
14. മൂഴിമല–ചെഞ്ചെടി ഫോറസ്ററ് റോഡ്
15. ആടിക്കൊല്ലി കോൺവെൻററ്–ചേലക്കാട്ട് റോഡ് 1 KM.
16. ആലൂർക്കുന്ന്–കടുക്കാമരച്ചാൽ റോഡ് 2-200 KM.
17. ചെററപ്പാലം പള്ളി–യോഗിമൂല റോഡ് ½ KM.

### പാലം, കലുങ്ക് എന്നിവ പണിയേണ്ട സ്ഥലങ്ങൾ

1. തിരുമുഖം–പാലഞ്ചോല റോഡിൽ പാലം–1
2. മാനിക്കാട്ട്–കുറിച്ചിപ്പററ റോഡിൽ കലുങ്ക്–2
3. കോളറാട്ടുകുന്ന്–കാപ്പിക്കുന്ന് റോഡിൽ കലുങ്ക്–3
4. സെൻറ്ജോർജ്–ഹെൽത്ത് സെൻറർ റോഡിൽ മരകാവിൽ കടമാൻതോടിന് പാലം–1.
5. മീനംകൊല്ലി കടമാൻതോടിൻെറ പാർശ്വസംരക്ഷണവും പരിഷ്ക്കരണവും.

### P. W. D. ഏറെറടുക്കേണ്ട റോഡുകൾ

1. പുൽപ്പള്ളി–കാപ്പിസെററ് റോഡ്
2. പുൽപ്പള്ളി താഴെയങ്ങാടി–വേലിയമ്പം റോഡ്

3. പുൽപ്പള്ളി—ദാസനക്കര റോഡ്
4. എരിയപ്പള്ളി—കല്ലുവയൽ—മണൽവയൽ റോഡ്

കെ. എസ്. ആർ. ടി. സി.

1. പുൽപ്പള്ളി—ചെററപ്പാലം—കാപ്പിസെററ്—ചീയമ്പം വഴി ബത്തേരിക്ക് ബസ് അനുവദിക്കണം.
2. പുൽപ്പള്ളി—ദാസനക്കര—പനമരം റൂട്ടിൽ ബസ് അനുവദിക്കണം.
3. പുൽപ്പള്ളിയിൽ ഓപ്പറേററിംഗ് സെൻറർ ആരംഭിക്കണം.

ഊർജ്ജം

1. സുൽത്താൻബത്തേരിയിൽനിന്നും ചെതലയത്ത് എത്തിനിൽക്കുന്ന വൈദ്യുതി ലൈൻ പുൽപ്പള്ളിയിലെ ലൈനിലേക്ക് മെയിൻ റോഡുവഴി ബന്ധിപ്പിക്കുക.
2. അമ്പത്തിയാറ്, ശശിമല എന്നിവിടങ്ങളിലെ H T ലൈനുകൾ പരസ്പരം ബന്ധിപ്പിപ്പിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. കാപ്പിസെററ്, താന്നിത്തെരുവ്, VHS-നു സമീപം, ടെലിഫോൺ എക്സ്ചേഞ്ചിനു സമീപം എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
4. പഞ്ചായത്തിലെ ആദിവാസി കോളനികളിലെല്ലാം വൈദ്യുതി എത്തിക്കണം.
5. പാക്കം ലിഫ്ററ് ഇറിഗേഷന് വൈദ്യുതി ലഭ്യമാക്കണം.
6. ചേകാടിയിലേക്ക് പാൽവെളിച്ചത്തുനിന്നും വൈദ്യുതി എത്തിക്കണം.

## 7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും:

1. ജനസംഖ്യാനുപാതികമായി കൂടുതൽ അംഗൻവാടികൾ തുടങ്ങണം.
2. SC ST കോളനികളിൽ മിനി അംഗൻവാടികൾ തുടങ്ങണം.
3. അംഗൻവാടികളുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അദ്ധ്യാപികമാർക്ക് മാന്യമായ ശമ്പളം നൽകുകയും ചെയ്യണം.
4. ആവശ്യമായ 'ക്രെഷ്'കൾ തുടങ്ങണം.
5. വികലാംഗർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
6. നിർദ്ധനരുടെ മക്കൾക്ക് വിവാഹ ധനസഹായം വർദ്ധിപ്പിക്കണം.
7. എല്ലാ വീട്ടുകാർക്കും കക്കൂസ് സൗകര്യങ്ങളുണ്ടാക്കണം.
8. പൂർത്തീകരിക്കാതെ കിടക്കുന്ന വിവിധ സ്കീമുകളിലുള്ള വീടുകൾ പൂർത്തീകരിക്കണം.
9. ഭവന നിർമ്മാണത്തിൽ ഗുണഭോക്താക്കളുടെ പങ്ക് ഉറപ്പുവരുത്തണം.
10. വനത്തിൽ നശിച്ചുപോകുന്ന മുള, മരം എന്നിവ ന്യായവിലക്ക് ഭവനരഹിതർക്ക് വീടുവെയ്ക്കാൻ നൽകണം.
11. കെട്ടിടനികുതി വർഷത്തിലൊരിക്കൽ അടക്കാൻ സൗകര്യമുണ്ടാക്കണം.
12. മിച്ചഭൂമിയായി സർക്കാർ പക്കലുള്ള ഭൂമി വികസന ആവശ്യങ്ങൾക്കായി പഞ്ചായത്തിന് വീട്ടുകൊടുക്കണം.

## 8. സംസ്കാരം:

1. പഞ്ചായത്തിലെ ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ എന്നിവ വിപുലീകരിക്കുക.
2. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഒരു ജനകീയ സമിതി രൂപീകരിക്കുക.

3. ആദിമ സംസ്കാരത്തിൻെറ ഭാഗമായ വട്ടക്കളി, കോൽക്കളി, നൃത്തം, സംഗീതം എന്നിവ പ്രോൽസാഹിപ്പിക്കുക.
4. മാവിലാംതോട്ടിൽ പഴശ്ശിരാജക്ക് അനുയോജ്യമായ സ്മാരകം നിർമ്മിക്കുക.
5. പാക്കം കോട്ടയും സ്രാമ്പിയും സംരക്ഷിക്കുക.
6. സിനിമാ ശാലകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. കലാ–കായിക രംഗത്ത് പ്രോൽസാഹനം നൽകുക.
8. പഞ്ചായത്ത് ലൈബ്രറി രാവിലെ മുതൽ പ്രവർത്തിക്കുക.

## 9 വനിത:

1. പുകയില്ലാത്ത അടുപ്പുകൾ, സ്റ്റൗ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
2. ആദിവാസി വിവാഹങ്ങൾ നിയമാനുസൃതമാക്കുക.
3. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുക.
4. വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുക.
5. മഹിളാ സമാജങ്ങൾക്ക് കെട്ടിടം പണിയാൻ ഗ്രാൻറ് അനുവദിക്കുക.
6. അവിവാഹിതരായ അമ്മമാരെ സംരക്ഷിക്കുക.
7. കുടുംബ കോടതിയുടെ സിററിംഗ് വയനാട് ജില്ലയിൽ വേണം.
8. ബോധവൽക്കരണ തുടർപരിപാടികൾ സംഘടിപ്പിക്കുക.

## 10. സഹകരണം:

1. നിർജ്ജീവമായിക്കിടക്കുന്ന സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുകയും, അങ്ങിനെ കഴിയാത്തവ ലിക്വിഡേററ് ചെയ്യുകയും വേണം.
2. കാർഷിക ലോണുകൾക്ക് സഹകരണ ബാങ്കുകൾ പലിശ കുറക്കണം.
3. വാഹന ഗതാഗത രംഗത്ത് സഹകരണ മേഖലയിൽ സംഘമാരംഭിക്കുക.

## 11. പട്ടികജാതി/പട്ടികവർഗ്ഗം:

1. പഞ്ചായത്തിലെ നവീകരിക്കേണ്ട ആദിവാസി ഭവനങ്ങൾ അങ്ങിനെ ചെയ്യുകയും, വീടില്ലാത്തവർക്ക് വീടുവെച്ചുകൊടുക്കുകയും വേണം.
2. കോളനിക്ക് പുറത്ത് താമസിക്കാനാഗ്രഹിക്കുന്ന ആദിവാസിക്ക് കുറഞ്ഞത് 5സെൻറ് സ്ഥലവും വീടും നൽകി പ്രോൽസാഹിപ്പിക്കണം.
3. പഞ്ചായത്തിൽ കുറഞ്ഞത് 2 ട്രൈബൽ ഹോസ്ററലുകൾ ആരംഭിക്കുക.
4. കളനാടി വിഭാഗക്കാരെ ST ആയി അംഗീകരിക്കുക.

## 12. വിഭവ സമാഹരണം:

1. പുറമ്പോക്കു ഭൂമികൾ സംരക്ഷിച്ച് താൽക്കാലിക കൃഷിക്ക് ലേലംചെയ്ത് നൽകുക.
2. കോൺട്രാക്ടർമാർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ബാർബർമാർ, സാങ്കേതിക തൊഴിലാളികൾ എന്നിവർക്കുകൂടി തൊഴിൽ നികുതി ഏർപ്പെടുത്തുക.
3. വാഹനങ്ങളുടെ നികുതി പിരിക്കുന്നതിന് അതാത് പഞ്ചായത്തുകൾക്ക് അധികാരം നൽകുക.
4. കെട്ടിടങ്ങൾക്ക് കോമ്പൗണ്ട് നികുതി പിരിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുക.

5. പഞ്ചായത്ത് നൽകുന്ന ഓണർഷിപ്പ് പോലുള്ള സർട്ടിഫിക്കററുകൾക്ക് ഫീസ് ഏർപ്പെടുത്തുക.
6. സ്വകാര്യ ആശുപത്രികൾ, ബാങ്കുകൾ എന്നിവക്കും പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തുക.
7. ടൗണിലെ കെട്ടിട ഉടമകളിൽനിന്നും സേവന നികുതി ചുമത്തുക.
8. മൽസ്യ–മാംസ മാർക്കററുകളും, പ്രൈവററ്/ടാക്സി വാഹന പാർക്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തി നികുതി പിരിക്കുക.

## ടൂറിസം

1. ഏറെ ടൂറിസ്ററുകളെ ആകർഷിക്കുന്ന കുറവ ദ്വീപിനടുത്ത് പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ അനുയോജ്യമായ റിസോർട്ടുകൾ സ്ഥാപിക്കണം.
2. കുറവ ദ്വീപിലെത്തുന്ന സഞ്ചാരികൾക്ക് 'ബോട്ടിംഗി'നുള്ള സൗകര്യമേർപ്പെടുത്തണം.
3. കുറവയിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം.

—എഡിറേറാറിയൽ—

കേരളം




4327

KERALA INSTITUTE OF LOCAL ADMINISTRATION